KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 9635

Author [illegible]

Title [illegible]

9635

# ഉത്തിക്കണ്ണികൾ

പുത്തേഴത്തു

ഭാസ്കരമേനോൻ ബി. എസ്‌സി.

KPRD

കമലാലയാ ബുക്ക്ഡിപ്പോ

തിരുവനന്തപുരം-1

1954

NATIONAL BOOK STALL
SPCS LTD.

വില 1 ക.

Mf9

First Edition—1954 -December

(Copy Right)

Printed at the Kamalalaya Printing Works, Trivandrum.

സമർപ്പണം

മറുനാടൻ മലയാളികളുടെ

അഭിമാനസ്തംഭമായ

ഡോ: സി. ആർ. കൃഷ്ണപിള്ളയ്ക്ക്

# മുഖവുര

ഇതെൻെറ ആദ്യപുസ്തകമാണു്. ആനന്ദവും ആശങ്കയും ഇതിൻെറ പ്രസിദ്ധീകരണത്തിൽ ഞാനനുഭവിക്കുന്നുണ്ടു്.

സാഹിത്യതരുവിൽനിന്നും, അനുദിനം അതിൻെറ ഓരോ ശാഖകളിലും പടൎന്നുപിടിക്കാറുള്ള ഇത്തിക്കണ്ണികളെ വെട്ടിനീക്കുവാൻ ബദ്ധശ്രദ്ധരായ നിഷ്പക്ഷവിദഗ്ദ്ധ വിമൎശനാഗ്രേസരരുടെ തൂലികയാകുന്ന ആ ഊട്ടേറിയ കത്തി ഇതിനേയും വേരോടെ അരിഞ്ഞുനീക്കുമോ എന്നെനിക്കറിഞ്ഞുകൂടാ. അവരതു ചെയ്യുന്നുവെങ്കിൽ പരിഭവവുമില്ല. അതവരുടെ ശ്രേഷ്ഠമായ കൎത്തവ്യം മാത്രമാണു്. നിഷ്പക്ഷവും ശ്രേഷ്ഠവുമായ കർത്തൃബുദ്ധിയുടെ നേരെ കൊഞ്ഞനം കാട്ടുന്നതു് പരിഹാസ്യമല്ലെ. എങ്കിലും, എൻെറ സാഹിത്യരചനകൾ സാഹിത്യലോകത്തിൽ വെറും ഇത്തിക്കണ്ണികൾ മാത്രമായി വളരരുതേ എന്നാണെൻെറയും അകമഴിഞ്ഞ പ്രാൎത്ഥന.

ഈ കഥകളെല്ലാം വെറും ഭാവനയിൽമാത്രം ഉടലെടുത്തതാണെന്നു പറയുവാൻ ഞാൻ തയ്യാറില്ല. ചില പാത്രങ്ങൾ മജ്ജയും മാംസവുമുള്ളവരായി ഇന്നും ജീവിക്കുന്നവരാണു്. അവരുമായി ഇടപഴകുകയും, അവരോടു് സഹതപിക്കുകയും ചെയ്തു്, ആ അനുഭവങ്ങൾക്കു് എൻ്റെ കഴിവിന്നൊത്തവിധം കഥാരൂപം കൊടുക്കുകയും ചെയ്തു. കഥാകഥനത്തിന്നു് അനിവാൎയ്യങ്ങളായ ചില സ്വാതന്ത്ര്യങ്ങൾ ഞാനും ഉപയോഗിച്ചിട്ടുണ്ടു്. സാഹിത്യകാരൻ വെറും പത്രറിപ്പോർട്ടർ മാത്രമല്ലല്ലൊ.

വിദ്യാലയത്തിലും സാഹിത്യപരിശ്രമത്തിലും എൻെറ ഗുരുനാഥനായിരുന്ന ശ്രീ. വൈലോപ്പിള്ളി

ശ്രീധരമേനോൻ. ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ അദ്ദേഹമെനിക്ക് മാർഗ്ഗദർശനവും ഉപദേശങ്ങളും നൽകിയിട്ടുണ്ട്. അവയുടെ അഭാവത്തിൽ, ആത്മവിശ്വാസം എന്നിൽ കിളുർത്തുതുടങ്ങുമായിരുന്നില്ല. ആ കടപ്പാടുകളുടെ സ്മരണമാത്രയിൽപോലും ഞാൻ അദ്ദേഹത്തിന്നു നേരെ നമ്രചിത്തനായിത്തീരുന്നു.

എൻെറ കഥാരചനവാസനയെ "ജയകേരള"ത്തിൻെറ ചെറുകഥാപംക്തിയിലൂടെ അനവരതം പ്രോത്സാഹിപ്പിച്ച രണ്ടു മനുഷ്യസ്നേഹികളാണ് ശ്രീ. അപ്പുകുട്ടി ഗുപ്തനും, ആർ. എം. മാണിക്കത്തും. അവരുടെ നേരെ എൻെറ പാണിയുഗ്മം മുകുളീകൃതമാകുന്നു.

കേരളത്തിലെ തഴക്കവും പഴക്കവും പാരമ്പര്യവുമുള്ളൊരു പ്രസിദ്ധീകരണശാലയാണ് "കമലാലയം". ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണം അവരേറെറടുത്തതിൽ ഞാൻ തികച്ചും അഭിമാനംകൊള്ളുന്നു.

ഞാനിനിയും വഴിമുടക്കുന്നില്ല. ഒരു കൊച്ചുവീട് ഇതാ തീർത്തുവെച്ചിരിക്കുന്നു. അതിന്നുള്ളിലേക്ക് സ്വാതന്ത്ര്യപുരസ്സരം പ്രവേശിക്കാം. കാണുവാനും ആസ്വദിക്കുവാനും വല്ലതുമുണ്ടെങ്കിൽ എല്ലാം സൌകര്യംപോലെയാകാം. വിദഗ്ദ്ധരീതിയിലുള്ള കൊത്തുപണികളോ, ചിത്രവേലകളോ, ശില്പിതമോ ഒന്നും കണ്ടില്ലെങ്കിൽ പരിഭവിക്കരുതേ. ഞാൻ പണി പഠിച്ചിട്ടേയുള്ളൂ. ഉളികൊണ്ടൊരുട്ടും, അതു പിടിക്കുവാൻ കൈയ്യിന്നൊരു തഴക്കവുമൊക്കെ വരേണ്ടേ?

ചമേറിയ
(ജബൽപൂർ)
ഡിസംബർ 54

എന്നു്,
പുത്തേഴത്തു് ഭാസ്കരമേനോൻ.

# വിഷയവിവരം


| | | | | പുറം |
|---|---|---|---|---|
| 1. | അപ്പനും മകനും | ... | ... | 1 |
| 2. | നീലഗിരിയുടെ മണ്ണിൽ | ... | ... | 17 |
| 3. | ക്രമംവടഞ്ഞ ജീവിതം | ... | ... | 31 |
| 4. | ഇത്തിക്കണ്ണികൾ | ... | ... | 51 |
| 5. | കപ്പിയാർ | ... | ... | 67 |
| 6. | ഞാൻ പ്രേമിച്ച പെണ്ണ് | ... | ... | 78 |
| 7. | ആ കഥ | ... | ... | 97 |

# അച്ഛനും മകനും

അവൾക്ക് ഭ്രാന്തില്ല, എങ്കിലും ഒരു ഭ്രാന്തിയെപ്പോലെ പൊട്ടിച്ചിരിക്കും. നാല്പത്തിയഞ്ചിനോടടുത്ത അവളുടെ തലയെല്ലാം വെള്ളിപൂശിയിരുന്നു. മുഖത്താകെ ചുളിവുകൾ നിറഞ്ഞിട്ടുണ്ട്; കീറിപ്പൊളിഞ്ഞു് പ്രാകൃതമായ വേഷം.

നഗരത്തിലെ പ്രധാനപ്പെട്ട പാർക്കിൽ അവളെ നിത്യവും കണ്ടുമുട്ടാറുണ്ട്. പാർക്കിലെ ഒരൊഴിഞ്ഞ മൂലയിൽ പച്ചപ്പട്ടുടുത്ത ചെടികളും ചില വൃക്ഷങ്ങളും തങ്ങിനില്ക്കുന്നുണ്ട്. അതിന്നൊത്ത മദ്ധ്യത്തിൽ ഒരു കൊച്ചു വൈക്കോൽകുടിൽ കെട്ടിയുണ്ടാക്കിയിട്ടുണ്ട്. "ലൌവേഴ്സ്ഹട്ട്" എന്നാണതിന്റെ പേരു്. കാമുകീകാമുകന്മാർക്ക് ഒത്തുകൂടി നർമ്മസല്ലാപം നടത്തുവാനുള്ള ഇടം. അവിടമാണ് അവളുടെ വിഹാരരംഗം. ആ കിഴവിക്കേതു കാമുകനാണ് വരുവാനുള്ളതു്? എങ്കിലും അവിടെ മാത്രമേ അവളെ കാണപ്പെടാറുള്ളൂ. ചിത്രശലഭങ്ങളുടെ വർണ്ണപ്പകിട്ടിനെ വെല്ലുന്ന നിരവധി പുഷ്പങ്ങൾ ആ ഉദ്യാനത്തിൽ അങ്ങിങ്ങായി നിരന്നുനില്ക്കുന്നുണ്ട്. അങ്ങോട്ടൊന്നും അവൾ തിരിഞ്ഞുനോക്കുകകൂടി ചെയ്യാറില്ല.

ഉദ്യാനത്തിൻെറ പടിവാതിൽ ഉച്ചതിരിഞ്ഞു് തുറക്കുന്നതും കാത്തു് അവൾ അതിന്നുമുമ്പിൽ നില്പുണ്ടായിരിക്കും. ആ മൂലയിൽ എത്തിച്ചേർന്നാൽ പിന്നെ

അവൾ തന്റെ ഭ്രാന്തൻകളികൾ തുടങ്ങുകയായി. അതേ, ഭ്രാന്തൻകളികൾ തന്നെ. അല്ലെങ്കിലതിന്നു് മറെറന്തു പേരാണു് കൊടുക്കുക? അവൾ അവിടെയിരുന്നു് ചില തെല്ലാം പുലമ്പിക്കൊണ്ടിരിക്കും. ഇടയ്ക്കിടയ്ക്കു് കൈ കൊട്ടി പൊട്ടിച്ചിരിക്കും. നീലപ്പൂക്കൾ ചേന്ന വലി യൊരു പൂങ്കുല പൊട്ടിച്ചെടുത്തു് ആരുടേയോ നേക്കെന്ന പോലെ നീട്ടും. ഇടത്തുകൈകൊണ്ടതു മേടിക്കും. തലയ്ക്കു നേരെ നീങ്ങുന്ന ഇടത്തുകയ്യിലെ ആ പൂങ്കുല വലത്തു കൈകൊണ്ടു് തട്ടിത്താഴത്തിട്ടു് അവിടെനിന്നും എഴുന്നേ ററാരോട്ടം കൊടുക്കും—ആ വൈയ്ക്കോൽ കുടിലിന്നുലക്കു്. അവിടെ ചെന്നുനിന്നു് കൈകൊട്ടി വീണ്ടും വീണ്ടും ആത്തു ചിരിക്കും. കുറച്ചിട കഴിഞ്ഞു് വീണ്ടും പൂർവ്വ സ്ഥാനത്തു വന്നിരിക്കും. പിന്നത്തെ പുറപ്പാടു് മറെറാ ന്നിനാണു്. അവളുടെ പക്കൽ ചെറിയൊരു പാവയുണ്ടു്. അതിനെ മടിയിൽവെച്ചു താലോലിക്കും. അതിന്നു് തുരുതുരെ ചുംബനങ്ങൾ കൊടുക്കും. പിന്നീടു്, ആരു ടേയോ മുഖത്തേക്കു നോക്കിയിട്ടെന്നപോലെ പുഞ്ചിരി ക്കും. ആ പാവക്കുഞ്ഞിനെ അവളുടെ സങ്കല്പരൂപത്തിന്നു നേരെ നീട്ടും. സങ്കല്പത്തിലുള്ള വ്യക്തി കൈനീട്ടിയതു കൊണ്ടായിരിക്കാം അവൾ പാവയെ പെട്ടെന്നു പിറ കോട്ടു വലിക്കും. പിന്നെയും അതാ, ആ പൊട്ടിച്ചിരി! അവൾക്കു ഭ്രാന്തല്ലെങ്കിൽ പിന്നെ·········"

ഉദ്യാനത്തിൽ വരുന്ന പലരും ആ കോമാളിത്ത ങ്ങൾ കണ്ടു രസിച്ചുകൊണ്ടിരിക്കും. ചിലക്കവളോടു് സഹതാപംപോലുമുണ്ടു്. ഭ്രാന്തിയോ ഭ്രാന്തില്ലാത്തവളോ

ആകട്ടെ, അവൾ നിരുപദ്രവിയാണു്. ആ കോമാളിത്തങ്ങൾ കാട്ടുന്നതായിരിക്കാം അവളുടെ സംതൃപ്തി. ഒരു നാടകത്തിലേക്കുള്ള ഭാഗം ഏറ്റെടുത്തു് സ്വയം അഭിനയിച്ചു മനഃപാഠമാക്കുന്നതുപോലെ, ആ നാട്യങ്ങൾ ക്രമാനുഗതമായി എന്നും നടന്നുവന്നു.

അവളെ നിത്യേന നഗരവീഥികളിൽകാണാറുണ്ടു്. അവൾക്കു് ഭ്രാന്തുള്ളതായി അപ്പോൾ തോന്നാറില്ല. ഉണ്ടായിരുന്നെങ്കിൽ നഗരവീഥികളിൽവെച്ചു് എന്തെങ്കിലും പിറുപിറുത്തു് അവൾക്കു തന്നത്താൻ പൊട്ടിച്ചിരിച്ചുകൂടെ? മററു പിച്ചക്കാരെപ്പോലെതന്നെ അവളും പിച്ചതേടും. അവരോടൊപ്പം അവളും വട്ടമിട്ടിരുന്നു് തമാശപറഞ്ഞു്, ഇരന്നുകിട്ടിയതു ഭക്ഷിക്കും. അപ്പോൾ അവൾക്കു ഭ്രാന്താണോ?

ഉദ്യാനത്തിന്നടുത്തുള്ള മഞ്ഞച്ചായം തേച്ചൊരു മാളികയിലാണു് ഞങ്ങൾ താമസിച്ചിരുന്നതു്—ഞാനും എൻെറ നവോഢയായ പത്നിയും. ഇന്നേവരെ അവളവിടെ പിച്ചതേടി വന്നിട്ടില്ല. അതെനിക്കൊരത്ഭുതമായിരുന്നു. ഇരുപുറത്തുമുള്ള വീടുകളിൽ ചെന്നു് അവൾ യാചിക്കുന്നതു് ഞാൻതന്നെ കേൾക്കാറുള്ളതാണു്. എങ്കിലും, അവൾ ഇങ്ങോട്ടൊന്നു നോക്കുക്പോലും ചെയ്യാറില്ല.

നിസ്സാരമെങ്കിലും ആ സംഭവം എൻെറ ശ്രദ്ധയെ ഹഠാദാകർഷിച്ചു. ഒരു ദിവസം ഉച്ചയ്ക്കു് ഞാൻ ആസ്പത്രിയിൽനിന്നും വീട്ടിലേക്കു മടങ്ങുകയായിരുന്നു. എൻെറ മുമ്പിൽ അവളും വേറെ രണ്ടു യാചകികളും നടക്കുന്നുണ്ടു്.

പിച്ചതേടൽ കഴിഞ്ഞു് അവരവരുടെ വിശ്രമസ്ഥാനത്തി ലേക്കു മടങ്ങുകയാണു്. അസഹ്യമായ ചൂട്. പിന്തി രിഞ്ഞു നോക്കാതെ, അവരെന്തൊക്കെയോ സംസാരിച്ചു പോകുകയാണു്. എന്റെ പടിക്കലെത്തിയപ്പോൾ കൂട്ട ത്തിലൊരുത്തി അഭിപ്രായപ്പെട്ടു:—

"ദാ, ഇവടേം കൂടി പോയിട്ടു പൂവ്വാം."

രണ്ടുപേരും പടിതുറന്നു് ഉള്ളിലോട്ടു പോയി. അവൾ മാത്രം കയറിയില്ല. ആ മഞ്ഞച്ചായക്കെട്ടിട ത്തിനെ ആകെയൊന്നു നോക്കി അവിടെനിന്നും ഒരു നടത്തം.

ഞാനാലോചിച്ചു, അവൾ മാത്രം അങ്ങോട്ടു കയറാ തിരുന്നതെന്തെന്നു്. അവിടെ, വളർത്തുന്ന നായോ മറ്റോ ഇല്ല. അവിടുത്തെ പതിവുകാരായ പിച്ചക്കാർക്കൊക്കെ 'കൊച്ചമ്മ'യെ വലിയ കാര്യവുമാണു്. ആർക്കെന്തൊക്കെ വാരിക്കോരി കൊടുത്താലും സുഷമയ്ക്കു് മതിവരില്ല. അവ രുടെ ദുരന്തജീവിതകഥകൾ കേട്ടു് അവൾ എത്ര സമയം അങ്ങിനെ അറിയാതെ നിന്നുപോയിട്ടുണ്ടെന്നോ! പി ന്നെ, ആ ഒരൊററ പിച്ചക്കാരിക്കു മാത്രം······? ഞാന കഥ സുഷമയോടു പറഞ്ഞു. നാടകീയമായ ആ സംഭവം ഞങ്ങൾക്കൊരത്ഭുതം തന്നെയായിരുന്നു. അടുത്തൊരു ദിവസം സുഷമ അതിനെക്കുറിച്ചെന്നോടു പറഞ്ഞു. ഒരു പിച്ചക്കാരിയോടു് അവൾ അതാരാഞ്ഞുവത്രെ! അവൾ പറഞ്ഞതാണു്, "ഞാനവിടെ പിച്ചചോദിക്കില്ല" ഓ! അവളുടെയൊരു പവറു്!

ദിവസങ്ങൾ ഓരോന്നായി ഇഴഞ്ഞുപൊയ്ക്കൊണ്ടി രുന്നു. യുദ്ധക്കെടുതിയിൽപെട്ട നാട്ടു് വേണ്ടത്ര ഭക്ഷണം

പോലും കിട്ടാതെ ഞെരുങ്ങുകയാണു്. സമുദായത്തിൻെറ കരിയിലകൾ പോലെ ദിനംപ്രതി പട്ടിണിക്കാർ ചത്തൊടുങ്ങുന്നു. പട്ടണത്തിലെ പല യാചകരും അക്കൂട്ടത്തിൽ അപ്രത്യക്ഷരായി. പക്ഷെ, അവളിന്നും നഗരവീഥികളിൽ ഇരക്കുന്നുണ്ടു്; അവളുടെ ഭ്രാന്തൻകളികളും തുടരുന്നുണ്ടു്.

എന്നെ കണ്ടാലുടൻ അവളുടൻ മുഖംതിരിച്ചു് വേറെയെങ്ങോട്ടെങ്കിലും നടന്നുകളയും. അവൾക്കെന്നോടെന്താണിത്ര വിരോധം. ഞാൻ പലവുരു അതിനെപ്പറ്റി സ്വയം ചിന്തിച്ചു. ഒരെത്തുംപിടിയും കിട്ടിയില്ല. അവൾക്കെന്നെ ഭയമാണോ? എന്തിന്നു പേടിക്കണം? ഞാനവളെ ഉററുനോക്കുന്നതും ആ മാളികയിൽനിന്നും ഞാനിറങ്ങിവരുന്നതും അവൾ പലപ്പോഴും കണ്ടിട്ടുണ്ടു്. എൻെറ ശ്രദ്ധാപൂർവ്വമായ വീക്ഷണത്തെ അവൾ തെററിദ്ധരിച്ചിട്ടുണ്ടാകാം. അല്ലെങ്കിലെന്നെ മററാരോ ആയിട്ടവൾ കരുതിയിട്ടുണ്ടാകാം. എങ്കിലും ആ മാളികയുടെ നേർക്കവൾക്കുള്ള ഈ മനോഭാവം? അവളുടെ പൂർവ്വകാലചരിത്രവുമായി ഏതെങ്കിലും വിധത്തിൽ ആ മാളിക ബന്ധപ്പെട്ടിട്ടുണ്ടോ? എനിക്കു തന്നെത്താൻ ചിരിവന്നു. അവളൊരു പിച്ചക്കാരിയാണെന്ന കഥ ഞാൻ വിസ്മരിച്ചു. അവൾ ജനിച്ചതും, വളൎന്നതും ജീവിക്കുന്നതും എല്ലാം പിച്ചക്കാരിയായിട്ടു്. പിന്നെ.........”

* * *

ഒരു തിങ്കളാഴ്ച! ഉച്ചതിരിഞ്ഞു് മൂന്നു മണിയായിരിക്കും. ഞാൻ ആസ്പത്രിയിലേക്കു് പോകുകയായിരുന്നു.

ഒരരനാഴിക ചെന്നാൽ വലിയൊരു തിരിവുണ്ട്. മോട്ടോർ വാഹനങ്ങൾ അനസ്യൂതമായി ഓടിക്കൊണ്ടിരിക്കുന്ന ആ തെരുവിലൂടെ നടക്കുന്നതു് അല്പമൊന്നു സൂക്ഷിച്ചിട്ടു വേണം. പോരെങ്കിലാ തിരിവും. അവിടെയാണു് മിക്ക മോട്ടോർഅപകടങ്ങളും സംഭവിക്കാറുള്ളതു്.

ഞാൻ ആ തിരിവിന്നടുത്തെത്തിയതേയുള്ളു; അതിദ്രുതം ഇരമ്പിവന്ന ഒരു മോട്ടോർകാർ പെട്ടെന്നു നിന്നു! കരച്ചിലോടെ ഒരാൾ പാതയുടെയരികിലേക്കു തെറിച്ചു! മിടിക്കുന്ന ഹൃദയത്തോടെ ഞാൻ ഓടി അരികിലെത്തി. അതവളായിരുന്നു, ആ പിച്ചക്കാരി. എങ്ങുനിന്നെല്ലാമോ രക്തം പ്രവഹിക്കുന്നുണ്ടു്. ആ രക്തത്തിൽ വീണു കുതിൎന്നുകിടക്കുന്ന കുറെ അരിയും ഒരു പാവക്കുഞ്ഞും. ഒരനക്കവും ശബ്ദവുമില്ല. നന്നെ പണിപ്പെട്ടു് ഇടയ്ക്കിടയ്ക്കു ശ്വാസോച്ഛ്വാസം മാത്രം. അപായം സംഭവിച്ചതിനെത്തുടൎന്നു് അവിടെ തിങ്ങിക്കൂടിയിരുന്നവരിൽ ചിലർ പറയുന്നതു കേട്ടു:—

"അവൾക്കു ഭ്രാന്താണു്. എന്നും പാൎക്കിൽ കാണാറുണ്ടു്."

അവൾ ആസ്പത്രിയിലേക്കു നീക്കംചെയ്യപ്പെട്ടു. അപായകരമായ രണ്ടുമൂന്നു മുറിവുകൾ പററിയിട്ടുണ്ടു്. അവയെല്ലാം വെച്ചുകെട്ടപ്പെട്ടു. അവൾക്കപ്പോഴും ബോധം തെളിഞ്ഞിട്ടില്ല. ജീവച്ഛവംപോലെ മലൎന്നുകിടക്കുന്നു. ഇടയ്ക്കിടയ്ക്കു് ഞരങ്ങിക്കൊണ്ടുള്ള ശ്വാസോച്ഛ്വാസവും.

അന്നു് ആ ഉദ്യാനം അവളുടെ ഭ്രാന്തൻകളികൾ കണ്ടില്ല. വിവരമറിയാത്ത പലൎക്കും അതൊരത്ഭുതമായിരുന്നു.

അടുത്ത പ്രഭാതത്തിൽ ഞാൻ ആസ്പത്രിയിലെത്തിയപ്പോൾ അവൾക്കു് സുബോധം വന്നു കഴിഞ്ഞിരുന്നു.

“ആ സ്ത്രീക്കു് നല്ലപോലെ പനിയുണ്ടു്” നേഴ്സ് വന്നറിയിച്ചു. ഞാനുടൻ രോഗിണിയുടെ അടുത്തേക്കു പോയി. അതൊരു ‘വൃത്തികെട്ട’ പനിയാണു്.

നാലുദിവസത്തിന്നുശേഷം അവളുടെ ‘ടെമ്പറേച്ചർ’ താഴെ വന്നു. മുറിവുകൾക്കു് കുറച്ചൊരു വാട്ടം തട്ടുകയും ചെയ്തു.

ഒരാഴ്ചകൂടി കഴിഞ്ഞപ്പോൾ അവൾക്കു മിക്കവാറും ഭേദമായി. ക്ഷീണത്തിന്നും കുറെയൊക്കെ കുറവുണ്ടായി. ഒരു ദിവസം ഉച്ചയ്ക്കുശേഷം ഡ്യൂട്ടി കഴിഞ്ഞു് ഞാനാ ഹാളിലൂടെ പുറത്തേക്കുപോകുകയായിരുന്നു.

“ഡോക്ടർ” പിന്നിൽ നിന്നും ആരോ എന്നെ വിളിച്ചു. ഞാൻ തിരിഞ്ഞുനോക്കി. ആരേയും കാണ്മാനുണ്ടായിരുന്നില്ല.

“ഡോക്ടർ” പിന്നെയുംവിളിച്ചു. അതവളായിരുന്നു. ഞാനാക്കിടക്കയ്ക്കുസമീപം ചെന്നു. തികച്ചും സ്ഫുടതയോടുകൂടിയാണു് അവളെന്നെവിളിച്ചതു്. ഒരു പിച്ചക്കാരിക്കു് അങ്ങിനെ വിളിക്കുവാൻ സാധിക്കുമോ?

എന്നെത്തന്നെ തുറിച്ചുനോക്കികൊണ്ടു് അവൾ ചോദിച്ചു:—“അങ്ങു മടങ്ങുകയായോ?”

“ഉം. എന്തുവേണം?” ഞാനാരാഞ്ഞു.

"ഒന്നുമില്ല." എന്തിനേയോ കുറിച്ചാലോചിക്കുന്നതുപോലെ അവൾ കുറച്ചിട മൌനംപൂണ്ടു.

"എനിക്കെന്നാ പോവാൻ കഴിയുക?"

ഓ! അവൾക്കു പോകുവാൻ ധൃതിയായി. പിച്ചുതെണ്ടുവാനും ഭ്രാന്തൻകളികൾ തുടങ്ങുവാനും.

"ഇനി അധികമൊന്നും താമസം വേണ്ടിവരില്ല" ഞാൻ പറഞ്ഞു.

"എനിക്കു ചിലതു പറയുവാനുണ്ട്"

"എന്നോടോ?"

"അതെ."

"പറയൂ."

"അങ്ങയ്ക്കു് പോകുവാൻ ധൃതിയുണ്ടോ?"

"ഇല്ല. എന്താണെന്നു പറയൂ."

"പറയാം. അങ്ങ് ഇരിക്കൂ."

ഒരു പിച്ചക്കാരിക്ക് എന്നോടെന്തൊക്കെയോ പറയുവാനുണ്ടത്രെ!

അടുത്തു കിടന്നിരുന്ന സ്റ്റൂളിൽ ഞാൻ ഇരുപ്പുറപ്പിച്ചു.

അവൾ എന്നെത്തന്നെ തുറിച്ചു നോക്കിക്കൊണ്ടു കിടന്നു. കുറച്ചുസമയത്തിന്നു ശേഷം അവിചാരിതമായൊരു ചോദ്യം എൻെറ നേക്കെറിഞ്ഞു.

"ഡാക്ടർ, അങ്ങു താമസിക്കുന്നതു് പാക്കിന്നടുത്തുള്ള ആ മഞ്ഞക്കെട്ടിടത്തിലല്ലേ?" അവളുടെ ആശയം എനിക്കു മനസ്സിലായില്ല.

"അതെ." ഞാൻ മറുപടി പറഞ്ഞു.

"ഡോക്ടർ, ഞാനീ നഗരം വിട്ടുവാൻപോകുകയാണ്. ഇവിടെയും എനിക്കു മനശ്ശാന്തിയില്ല. ആ കാറിനുകൂടി എന്നെ കൊല്ലുവാൻ കഴിഞ്ഞില്ല. എനിക്കിനിയും പലതും അനുഭവിക്കാനുണ്ട്. പക്ഷെ, ഇനിയെൻെറ ജീവിതത്തിലൊരിക്കലും ഞാനീനഗരംകാണുകയില്ല."

അവൾ വീണ്ടും നിശ്ശബ്ദയായി. അടുത്തുകിടന്നിരുന്ന രോഗികൾ ഈ രംഗം കണ്ണിമയണക്കാതെ ഉററു നോക്കിക്കൊണ്ടു കിടന്നിരുന്നു.

"നിങ്ങളെന്നെ ഒരു പിച്ചക്കാരിയായി മാത്രമേ കാണുന്നുള്ളു— ഈ ഗ്രാമത്തിലെല്ലാവരും തന്നെ. പക്ഷെ ഇരുപത്തിയേഴ വർഷങ്ങൾക്കുമുമ്പ്, വിടരുന്ന പ്രതീക്ഷകൾ ഞെട്ടററു താഴെവീണ്, അപമാനഭാരവും ചുമന്നു് ഇവിടെ നിന്നും നാടുവിട്ട ഒരു യുവതിയെ ഈ നഗരം ഇന്നോർക്കുന്നുണ്ടാവില്ല. ഡോക്ടർ, ഞാൻ നിങ്ങളോടെൻെറ കഥ പറയട്ടോ എൻെറ മനശ്ശാന്തിക്കുവേണ്ടി മാത്രം. ധൃതിയുണ്ടോ?"

"ഇല്ല." ഞാൻ മറുപടികൊടുത്തു.

"ഡോക്ടർ, അപമാനിക്കപ്പെട്ട ഒരു യുവതിയുടെ ചരിത്രമാണതു്. അധഃകൃതസമുദായത്തിൽപെട്ട ഞാനീ നഗരത്തിലെത്തിയതു് ഇവിടുത്തെ കലാലയത്തിലെ ഒരു വിദ്യാർത്ഥിനിയെന്ന നിലയ്ക്കായിരുന്നു. എൻെറ മാതാപിതാക്കൾ കൂലിവേലക്കാരാണു്. അവർക്കെന്നെ പഠിപ്പിക്കുവാനുള്ള ത്രാണിയുണ്ടായിരുന്നില്ല. നിത്യവൃ

ത്തിക്കു വലയുന്നവർക്കെന്തുന്നതവിദ്യാഭ്യാസം? പക്ഷെ, എൻെറ പഠിപ്പിലുള്ള മോഹവും സക്കാർവേതനവു മാണ് എന്നെയീ നഗരത്തിലേക്കാനയിച്ചതു്. ഒരു പക്ഷേ, അവയായിരുന്നു എൻെറ ജീവിതനാശത്തിനുള്ള കാരണങ്ങളും.

"ഞാനിവിടുത്തെ ഹരിജൻഹോസ്റ്റലിൽ ചേൎന്നു. ഒരേ സമുദായത്തിൽപെട്ട, ഒരേനിലയിൽപെട്ട കൂലിക്കാ രികൾ എനിക്കവിടെയുണ്ടായിരുന്നു. മധുരപ്പതിനേഴിന്റെ മാദകത്വത്തിൽപെട്ടുലയുന്ന ഒരു യുവതിയുടെ ചിന്ത കൾ അങ്ങക്കറിയാമോ? അവൾക്കാനന്ദിക്കണം; ആഹ്ലാ ദിക്കണം. ഒരു ചിത്രശലഭത്തെപ്പോലെ അവൾക്കു പാറി പ്പറക്കണം. ആ അനാഘ്രാതപുഷ്പത്തിൽനിന്നും പൊഴി യുന്ന മാദകസുഗന്ധം യുവാക്കളുടെ നാസാരന്ധ്രങ്ങളിലേ ക്കടിച്ചുകയറി അവരെ മത്തുപിടിപ്പിക്കണം. എന്നാല വൾക്കു ജന്മസാഫല്യമായി. ഡോക്ടർ, ഒരു സ്ത്രീയോടു ചെയ്യാവുന്ന ഏററവും വലിയ അവിവേകം അവളുടെ സൌന്ദര്യത്തെ അധിക്ഷേപിക്കലാണ്. വിരൂപയായി രിക്കാം, എന്നാലും അവളുടെ നേരേ നോക്കി ആ പര മാൎത്ഥം പറഞ്ഞുപോകരുതു്. ജന്മസിദ്ധമായ ആ വാസ നകളെ എൻെറ യുവത്വം എന്നിലേക്കും കുത്തിവെച്ചു. കഴിവിന്നൊത്തവിധം മേൽക്കിടവസ്ത്രങ്ങളും, ചീകിക്കെ ട്ടിയ മുടിയും, ചലിക്കുന്ന കൺകോണുകളുമായി നാലു പാടും സുഗന്ധം വിതറിക്കൊണ്ടു് ഞങ്ങൾ ഉദ്യാനത്തിൽ ലാത്തുമ്പോൾ, നഗ്നത മറയ്ക്കുവാൻപോലും പണിപ്പെട്ടു്, ചേറും മണ്ണും പുരണ്ട ദേഹവുമായി കഴിയുന്ന കൂട്ടുകാരെ

പ്പുററി പലപ്പോഴും ഓക്കാറില്ല. ഞങ്ങളേതോ സ്വപ്നഭൂമിയിലാണുലാത്തുന്നതു്. ഡോക്ടർ, കലാശാലയിൽ രുന്ന മിക്ക അധഃകൃതക്കും പറവുന്ന അമളി, താല്ക്കാലികമായ സുഖസൌകര്യങ്ങളിൽപെട്ടു് അവർ സ്വന്തം നില മറന്നുപോകുന്നു എന്നുള്ളതാണു്.

അങ്ങയ്ക്കറിയാമോ, ആ മഞ്ഞക്കെട്ടിടത്തിൽ ഞാൻ പിച്ചചോദിക്കാറില്ല. ഞാനവിടെ ഇരക്കാൻ ചെല്ലേണ്ടവളുമല്ല. അങ്ങെനിക്കാരുമല്ല. എങ്കിലും ആ മാളികയിൽ താമസിക്കുന്ന അങ്ങയോടു് എനിക്കക്കഥ പറയുവാൻ തോന്നുന്നു. ഈ നഗരത്തിൽ ഒരാളെങ്കിലും അതറിഞ്ഞിരിക്കേണ്ടേ?"

അവരം കുറച്ചിട നിശ്ശബ്ദയായി കിടന്നു. തുറന്നിട്ട ജാലകത്തിൽക്കൂടി കുളിൎത്ത കാററടിച്ചിരുന്നു. അവരം തുടൎന്നു:—

"പതിവുപോലെ ഞങ്ങളന്നും ഉദ്യാനത്തിലുലാത്തുവാൻ പോയി. പല നേരമ്പോക്കുകളും പറഞ്ഞു് പൊട്ടിച്ചിരിക്കുന്നതിനിടയ്ക്കു് ഞങ്ങളുടെ കണ്ണുകരം നാലുപാടും അലയുകയാണു്. സായാഹ്നസവാരികഴിഞ്ഞശേഷം ഞങ്ങരം മടങ്ങുമ്പോരം അലക്ഷ്യമായി ഞാനാമാളികയിലേക്കു നോക്കി. ആ നോട്ടം ചെന്നു പതിച്ചതു് അതിൻെറ മട്ടുപ്പാവിൽ നിന്നിരുന്ന ഒരു യുവാവിൻെറ മുഖത്തായിരുന്നു. വെളുത്തു്, മനോഹരമായ ശരീരപ്രകൃതിയോടുകൂടിയ ആ യുവാവു് എൻെറ ശ്രദ്ധയെ എന്തെന്നില്ലാതെ ആകൎഷിച്ചു. എൻെറ തുടൎന്നുള്ള വീക്ഷണം സഹപാഠികരം കാണാതി

രിക്കണമെന്ന് എനിക്ക് നിഷ്കർഷയുണ്ടായിരുന്നു. അദ്ദേഹമൊന്നു പുഞ്ചിരിച്ചു. ഞാൻ പുഞ്ചിരിച്ചുവോ എന്തോ...

ഞാനന്നു നേരത്തെ കിടക്കുവാൻ പോയി. ആ യുവാവിൻെറ സൌഷ്ഠവമൊത്ത ആകാരം എത്രയായിട്ടും മനസ്സിൽനിന്ന് മറയുമായിരുന്നില്ല. വികാരങ്ങളെ കിക്കിളിപ്പെടുത്തുന്ന ആ പുഞ്ചിരി.........

അടുത്ത ദിവസം ഞാൻ തനിയെയാണ് പാർക്കിലേക്കിറങ്ങിയത്. തുടന്ന് പലപ്പോഴും അങ്ങിനെ തന്നെ. എൻെറ ഹൃദയം ഏതോ ആപൽശങ്കയുടെ പെരുമ്പറ പോലെ മിടിച്ചിരുന്നു.

ചുരുക്കിപ്പറയാം. ഞങ്ങൾ പരിചിതരായി. ഞങ്ങൾ സംസാരിക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു. പക്ഷെ ......പക്ഷെ ആ കാമത്തിൻെറ പേക്കൂത്തുകളെ പ്രേമത്തിൻെറ ബഹിഃസ്ഫുരണമായി ഞാൻ തെററിദ്ധരിക്കാതിരുന്നിരുന്നെങ്കിൽ.........”

അവൾ നെടുതായൊന്നു നിശ്വസിച്ചു.

“ഞാനെൻെറ കൂട്ടുകാരിൽ നിന്നും അകന്ന് ഏകാന്തമായ ജീവിതം ഇഷ്ടപ്പെട്ടു. സങ്കല്പത്തിൻെറ മണിമാളികയുയർത്തുവാൻ ഏകാന്തതയിലേ സാദ്ധ്യമാകൂ. ബി. എൽ. പരീക്ഷയ്ക്ക് അവസാനത്തെ കൊല്ലം പഠിക്കുകയാണെന്നതൊഴിച്ച് മറെറാന്നും അദ്ദേഹത്തെപ്പററി എനിക്കറിഞ്ഞുകൂടായിരുന്നു.

അക്കൊല്ലം ഓണമുടക്കിന്ന് ഞാൻ നാട്ടിലേക്കു പോയില്ല. ചില മുടന്തൻന്യായങ്ങളെല്ലാം പറഞ്ഞ് ഹോസ്റ്റലിൽതന്നെ താമസിച്ചു. ഉഷ്മളവികാരങ്ങൾക്ക്

ഞാനടിമയായി. ഒരു രാവിൽ എന്റെ കന്യകാത്വം അപഹരിക്കപ്പെട്ടു. ആ മഞ്ഞമാളിക അതിനു സാക്ഷിയാണു്. ഞാനെങ്ങിനെയവിടെ പിച്ച ചോദിക്കും.?

"അതെനിക്കസഹ്യമായിരുന്നു. കൂട്ടുകാരികളെല്ലാം എന്നിൽവന്ന മാറ്റത്തെപ്പറ്റി കുശുകുശുക്കുന്നു. ഞാനൊരു ഗർഭിണിയാണെന്ന പരമാർത്ഥം എന്നെയും വേദനിപ്പിക്കാതിരുന്നില്ല. പക്ഷേ അതിന്റെയെല്ലാം ഫലം വിദൂരത്തിലല്ലായിരുന്നു. ഞാൻ ഹോസ്റ്റലിൽനിന്നും പുറത്താക്കപ്പെട്ടു.

"വിദ്യാഭ്യാസവർഷം അവസാനിക്കാറായി. ആയിടയ്ക്കു് എനിക്കദ്ദേഹത്തെ കാണുവാൻ കഴിഞ്ഞിരുന്നില്ല. ജോലിത്തിരക്കുകൊണ്ടാകാമെന്നു് ഞാനൂഹിച്ചു. പക്ഷെ, എന്നെയറിയിക്കാതെതന്നെ അദ്ദേഹം നാട്ടിലേക്കു പൊയ്ക്കളഞ്ഞുവെന്ന പരമാർത്ഥം മനസ്സിലാക്കുവാൻ പിന്നെയും കുറേ നാളുകൾ കഴിയേണ്ടിവന്നു. ഞാൻ പൊട്ടിക്കരഞ്ഞുപോയി. വീട്ടിലേക്കെങ്ങിനെ മടങ്ങുവാനാണു്? സ്വന്തം നിലമറന്നു കളിച്ച എനിക്കു് എന്തൊരു സ്വീകരണമായിരിക്കും കിട്ടുക! അദ്ദേഹത്തെ തേടിയിട്ടു് യാതൊരു പ്രയോജനവുമുണ്ടാകുവാൻ പോകുന്നില്ല. എനിക്കദ്ദേഹത്തോടല്ല, എന്നോടുതന്നെയാണു് വെറുപ്പുതോന്നിയതു്.

"ഞാൻ വീട്ടിലേക്കല്ല, ഇവിടെനിന്നും പത്തുപന്ത്രണ്ടു നാഴിക ദൂരമുള്ള ആ നഗരത്തിലേക്കാണു് തിരിച്ചതു്. ജീവിതത്തിലുള്ള കൊതികൊണ്ടല്ല, പിറക്കുവാനിരിക്കുന്ന ആ കുഞ്ഞിനെയോർത്തുമാത്രം ഞാൻ ജീവിക്കുവാൻതന്നെ തീരുമാനിച്ചു. ഏതൊരമ്മയ്ക്കും സഹജമായുണ്ടാകാവുന്ന

തോന്നൽ……അ നഗരവീഥികളിൽ ഞാൻ നിത്യവും അലയും. എന്തെങ്കിലും പിച്ചയിരന്നു ഭക്ഷിക്കും. ഏകാന്തതയിലിരുന്നു് ഞാനെൻെറ വഞ്ചിക്കപ്പെട്ട ഭൂതകാലത്തിലേക്കു് സ്മരണകളുടെ ചിറകുവിടർത്തും.

“ഒരു പിച്ചക്കാരൻെറ കുടിൽ എനിക്കഭയം നൽകി. ഒരു പ്രഭാതത്തിൽ ഞാനൊരാൺകുഞ്ഞിനെ പ്രസവിച്ചു. ആ ചോരക്കുഞ്ഞിനെക്കണ്ടപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി.

“അവനും വളൎന്നു. കമിഴുവാനും, മുട്ടുകുത്തുവാനും. പിച്ചവെക്കുവാനും തുടങ്ങി. അവൻ അമ്മയെ വിളിക്കും, അച്ഛനെ വിളിക്കും. ആ വാക്കു് അവൻ ഉച്ചരിക്കാതിരുന്നെങ്കിൽ എന്നു് ഞാൻ ആത്മാൎത്ഥമായി ആഗ്രഹിച്ചു.

“വൎഷങ്ങൾ വീണ്ടും ചിറകടിച്ചുപറന്നു. ഞാനവനേയുംകൂട്ടി ഇരക്കുവാനിറങ്ങും.

“ഒരു ദിവസം എനിക്കദ്ദേഹത്തെ വീണ്ടും കാണുവാൻ കഴിഞ്ഞു. അവിടത്തെ പ്രധാനപ്പെട്ട ജഡ്ജിയായി അദ്ദേഹത്തിനുദ്യോഗക്കയററം കിട്ടിയിരിക്കുകയാണു്. വിവാഹിതനാണു്. അദ്ദേഹമെന്നെ തിരിച്ചറിഞ്ഞു കാണുകയില്ല. എങ്ങിനെ അറിയുവാനാണു്?

… … … … … …

“രണ്ടുകൊല്ലം മുമ്പാണു് ആ സംഭവം നടന്നതു് – ഒരു തികഞ്ഞയുവാവായി കഴിഞ്ഞിരുന്ന എൻെറ മകൻ നഗരത്തിൽ കൂലിവേലചെയ്തു വന്നിരുന്നു: ഞാൻ പിച്ചയിരക്കുവാൻ പോയിരുന്നില്ല. അതവനു സമ്മതമല്ല. അരിയും സാമാനങ്ങളുംകൊണ്ടു് സന്ധ്യയ്ക്കുമുമ്പേ അവൻ വീട്ടിലെ

ത്തും. പക്ഷെ, എന്തിന്നും അവനൊരു മുൻകോപിയാണ്. കാരണം ഒന്നുംകൂടാതെതന്നെ ദേഷ്യപ്പെടും. അടുത്തനിമിഷത്തിൽതന്നെ ശാന്തനാവുകയും ചെയ്യും.

"ചന്തദിവസമായിരുന്നു; ഒരു വെള്ളിയാഴ്ച. നേരം ഇരുട്ടിയിട്ടും അവൻ വന്നുചേൎന്നില്ല. വല്ല ജോലിയും കിട്ടിയിട്ടായിരിക്കാം. ഞാൻ പിന്നെയും കാത്തു. അവൻ എന്നിട്ടും വന്നെത്തിയില്ല. ഞാനവനെ തേടിയിറങ്ങി; അവൻ പതിവായി വീട്ടിലേക്കു വരാറുള്ള തെരുവിലൂടെ എനിക്കഭിമുഖമായിവരുന്നവരെയെല്ലാം സസൂക്ഷ്മം നോക്കി. അവനെ കണ്ടില്ല. ഞാൻ പിന്നെയും നടന്നു. കുറച്ചിടചെന്നപ്പോൾ അവൻെറ കൂട്ടുകാരനായ 'മാമ' യെ കണ്ടു. അവർ തമ്മിൽ വലിയ സൗഹൃദമാണ്. ഞാൻ വിവരം ആരാഞ്ഞു. അയാളൊന്നും പറയാതെ മുഖംതാഴ്ത്തി നിന്നതേയുള്ളു. ഞാൻ വീണ്ടും വീണ്ടും ചോദിച്ചു. പക്ഷെ, എന്നെ കുടിലിൽ എത്തിച്ചതിനുശേഷമേ എല്ലാം പറയുകയുള്ളു എന്ന നിർബ്ബന്ധത്തിന്നു് ഞാനവസാനം വഴങ്ങി. എനിക്കതിൻെറയൊന്നും അൎത്ഥം മനസ്സിലായില്ല.

"ഒരു ചുമടിനെ സംബന്ധിച്ച്, അവനും മറെറാരാളും തമ്മിൽ വാക്തൎക്കമായി. അതന്യോന്യം പ്രഹരത്തിലെത്തി. വലിയൊരു കല്ലെടുത്തു് അവൻ എതിരാളിയുടെ മുഖത്തും ദേഹത്തുമെല്ലാം കഠിനമായി മൎദ്ദിച്ചുവത്രെ. അയാളിനി ജീവിക്കുമോ എന്ന കാൎയ്യം സംശയമാണ്. അത്രയ്ക്കും ഭയങ്കരമായി ഇടിച്ചിട്ടുണ്ടു്. അവനെ

അറസ്റ്റുചെയ്തു. ഒരാൾ മറെറാരുത്തനെ ഇടിച്ചു കൊല്ലുക! എന്റെ മകൻ കൊലയാളിയാവുക.........
എനിക്കു് ബോധക്ഷയം വന്നു.

"അടുത്ത ദിവസം ആരോ പറയുന്നതുകേട്ടു, ആ കൂലിക്കാരൻ അല്പസമയത്തിനുശേഷം മരിച്ചുവെന്നു്. ഞാൻ വാവിട്ടു കരഞ്ഞുപോയി. കൊലയാളിക്കു് നിയമം വിധിച്ചിട്ടുള്ളതു് തൂക്കുമരമല്ലേ?

"ദിവസങ്ങൾ ആറേഴുകഴിഞ്ഞു. ഞാൻ കുടിലിൽ നിന്നും ചുരുക്കമായേ പുറത്തിറങ്ങാറുള്ളു. ആരോ പറഞ്ഞു, കേസു് കോടതിയിലെടുത്തുവെന്നു്. അച്ഛൻ ജഡ്ജിയും മകൻ കൊലയാളിയും!

"അവസാനം അതിന്റെവിധിയും വന്നു. അവനെ തൂക്കി കൊല്ലുവാൻതന്നെ. അവനു ജീവൻ കൊടുത്തആൾ തന്നെ അവന്റെ ജീവനെ വേർപെടുത്തി."

അവളുടെ കവിൾത്തട്ടിലൂടെ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു.

* * * * * * *

ഞാൻ അക്കഥയെല്ലാം സൂക്ഷ്മയോടു പറഞ്ഞു. അവളുടെ കണ്ണുനീരിന്റെ രഹസ്യം എനിക്കജ്ഞാതമായിരുന്നില്ല. അദ്ദേഹം അവളുടെ പിതാവാണു്!

# നീലഗിരിയുടെ മണ്ണിൽ

രണ്ടുമാസത്തെ അവധിയെടുത്തു് കരുണൻ നാട്ടിലേക്കു തിരിച്ചു.

നീലഗിരിയിലെ ചായത്തോട്ടത്തിൽ ആറുവർഷം തുടർച്ചയായി ജോലിചെയ്തതിനു ശേഷം അയാൾ ആദ്യമായി വീട്ടിലേക്കു പോകുകയാണു്. അച്ഛനും അമ്മയും കൊച്ചുസഹോദരിയും അയാളുടെ വരവിനേയും പ്രതീക്ഷിച്ചു് അക്ഷമരായി കാത്തിരിക്കുകയായിരിക്കും. അവർക്കെല്ലാമുള്ള സമ്മാനങ്ങൾ കരുണൻ പെട്ടിയിൽ വെച്ചിട്ടുണ്ടു്. പിതാവിനു് വളരെക്കാലമായുള്ളൊരാഗ്രഹമാണു്, പുതയ്ക്കുവാനൊരു കമ്പിളിവേണമെന്നു്. ഇടക്കിടയ്ക്കു കരുണനെ അക്കഥ ഓർമ്മപ്പെടുത്താറുമുണ്ടായിരുന്നു. കറുത്ത രണ്ടു കമ്പിളിപ്പുതപ്പുകൾ അയാൾ പെട്ടിയിൽ കരുതിയിട്ടുണ്ടു് ഒന്നച്ഛനും ഒന്നമ്മയ്ക്കും. അവർക്കുമുണ്ടായിരിക്കുകയില്ലെ അങ്ങിനെയൊരാഗ്രഹം. പറഞ്ഞിട്ടില്ലെന്നേയുള്ളു. പിന്നെ ആ വികൃതിപ്പെണ്ണും, ലക്ഷ്മി; അവളെ മറക്കുവാൻപാടില്ലല്ലൊ. അവൾക്കു കുറെ നല്ല ശീലകളും. അവൾ, കരുണൻ ചെന്നു കയറുവാൻ കാത്തിരിക്കുകയായിരിക്കും, കയ്യിൽ നിന്നും പെട്ടി തട്ടിപ്പറിച്ചെടുത്തു് അതിലൊരു പരിശോധന നടത്തുവാൻ. കരുണൻ വീട്ടിൽ നിന്നും തിരിക്കുമ്പോൾ അവൾക്കു് നാലുവയസ്സായിരുന്നു. അവൾ വളരെ ഏറെ വളർന്നുകഴിഞ്ഞിരിക്കും. ആറു വർഷങ്ങൾ കഴിഞ്ഞില്ലേ!

തീവണ്ടിക്കിരുപുറവുമുള്ള, നീലഗിരിയുടെ പ്രകൃതിമോഹനതനിറഞ്ഞ കാഴ്ചകൾ കാണുവാൻ അയാൾക്കു വലിയ ഔത്സുക്യമൊന്നുമുണ്ടായിരുന്നില്ല. ആറുകൊല്ലത്തോളം അയാളാച്ചുററുപാടിൽ തന്നെയാണ് കഴിഞ്ഞു വന്നതു്. ഒരു പുത്തൻസന്ദർശകന് അവയെല്ലാം കൊള്ളാം. മലനാട്ടിലെ ആ കൊച്ചു ഗ്രാമത്തിലെത്തുവാൻ, തെങ്ങുകളുടെ കാറെറാന്നേല്ക്കുവാൻ അയാളിന്നാക്ഷമനാണ്.

വിശാലമായ ഒരു പാടം. അതിന്നക്കരയിലുള്ള തെങ്ങിൻതോപ്പിന്നിടയിലൂടെ നോക്കിയാൽ കാണാം, ഓലമേഞ്ഞ ആ കൊച്ചുപുര. കൊയ്ത്തരിവാളിനേയും പ്രതീക്ഷിച്ചു്, സമൃദ്ധിയുടെ സ്വർണ്ണമണികളുമായി നില്ക്കുമ്പോൾ, ആ പാടത്തിലോട്ടൊന്നു നോക്കുവാൻ എന്തൊരു ചന്തമാണെന്നോ! കൊയ്ത്തുകാലം അവിടത്തുകാർക്കെല്ലാം ഒരുത്സവമാണ്. നിരയായിനിന്നുകൊണ്ടു് പെണ്ണുങ്ങൾ കൊയ്തു മുന്നോട്ടുകയായിരിക്കും. ചുട്ടുപൊള്ളുന്ന വെയിലിനെയൊന്നും അവരപ്പോൾ അത്ര കാര്യമായി പരിഗണിക്കാറില്ല. അവരുടെ 'കെട്ടിയവർ' ചുരുട്ടുകൾ ശേഖരിച്ചു് 'കള'ത്തിലേക്കെത്തിക്കും. പെണ്ണാളുകൾക്കു് കൊയ്തു് ചുരുട്ടുകളുണ്ടാക്കേണ്ട ചുമതലയേയുള്ളു. ചുമടുമേററി, വരിയായി മുന്നോട്ടു കുതിക്കുന്ന മുതിന്നവർ; ഒന്നോ രണ്ടോ ചുരുട്ടുകളും തലയിലേററി, ഇഴയുന്ന വേഗതയിൽ കളത്തിലോട്ടു പോകുന്ന മറെറാരു സംഘം അതിന്നു പിറകിൽ;—അതു കുട്ടികളുടേതാണു. കരുണനും ആ പ്രവൃത്തി ചെയ്തുവനാണ്. അന്നവനൊരു

കൂട്ടുകാരിയുണ്ടായിരുന്നു—കാത്തു. അവരിരുവരുമൊന്നിച്ചാണു് കളത്തിലേയ്ക്കുള്ള പോക്കും മടക്കവും. അവളൊരു വായാടിയായിരുന്നു. എങ്കിലും കരുണനെ അന്നും അവൾക്കു വലിയ ബഹുമാനമാണു്. "കണ്ണേട്ടൻ" എന്തെങ്കിലും പറഞ്ഞാൽ അതിൽ മറുത്തൊന്നും പിന്നീടവൾ ചെയ്യുകയില്ല. കാത്തു അരികത്തില്ലെങ്കിൽ കരുണനും നിരുന്മേഷനാണു്.

കൊയ്ത്തുകഴിഞ്ഞാൽ അവരിരുവരും ആ പാടത്തിലേയ്ക്കിറങ്ങും, 'ഉതിരുമണികൾ' പെറുക്കുവാൻ. വള്ളികെട്ടി കഴുത്തിൽ തൂക്കിയിട്ടിരിക്കുന്ന പൂവട്ടികളിൽ ആ നെൽമണികൾ ശേഖരിക്കും. അതവർക്കൊരു വിനോദമാണു്. ചിലപ്പോൾ ചില്ലറ വാശിയും കടന്നുകൂടും.

"ഇന്നൊരു വട്ടി നെറച്ചും നെല്ലുണ്ടാക്കണം."

ഉതിർന്നുകിടക്കുന്ന മുറിക്കതിരുകൾ പെറുക്കി അതിലെ നെൽമണികൾ പൂവട്ടിയിലേക്കു് തിരുമ്മിയിടുന്നതിന്നിടയിൽ കാത്തുപറയും.

"പോടീ. അത്ലധികം ഞാന്ന്ണ്ടാക്കും."

"ന്നാ, അതിലധികം ഞാനും."

"പന്തയം വെക്ക്ണോ?"

"ഓ."

"എന്താ പന്തയം?"

"നമ്ക്കു് കാണാലോ."

ഒരു കൊഞ്ഞനം കാട്ടിക്കൊണ്ടു് അവൾ മറുപടി പറയും. കുറച്ചുകൂടി ഉശിരുകൂട്ടും. പക്ഷെ, മിക്കവാറും

കരുണനായിരിക്കും അതിൽ വിജയിക്കുക. അവരംക്കു കഴിയാഞ്ഞിട്ടല്ല. പുരുഷന്മാരെ അങ്ങിനെ വിലയില്ലാത്തവരാക്കാമോ?

"കട്ടക്കേൻ"മാവ് കരുണൻെറ വീട്ടിന്നുമുമ്പിലാണു്. ആ പേർ എങ്ങിനെ വന്നുവോ, എന്തോ. എല്ലാവരും അങ്ങിനെയാണു് വിളിച്ചുവന്നിരുന്നതു്. അതിപ്പോരം നിറച്ചും മാങ്ങ പിടിച്ചിരിക്കും. മററു മാവുകളെല്ലാം 'മച്ചി'കളായിനിന്നാലും അതിലൊരു കുറവും കാണുകയില്ല. കട്ടക്കവെലിപ്പത്തിലുള്ള മാങ്ങ. ഒരുപക്ഷെ ആ പേരും അതുകൊണ്ടു വന്നതായിരിക്കാം. പഴത്താലെന്തു മധുരമാണെന്നോ!

മാമ്പഴം ഉതിരുവാൻ തുടങ്ങിയാൽ മാഞ്ചുവട്ടിൽ ഒരു 'ഉണ്ണിപ്പുര'യും ഉയരുകയായി. കരുണനാണു് അതിലെ ഗൃഹനായകൻ; കാത്തു കുടുംബിനിയും. പെറുക്കിയെടുത്ത മാമ്പഴമെല്ലാം അവിടെ കൊണ്ടു ശേഖരിക്കും.

"കാത്തേ്പാ......" അവളുടെ അമ്മ വീട്ടിൽനിന്നും വിളിക്കുകയായിരിക്കും. കയ്യിൽ കിട്ടിയേടത്തോളം മാമ്പഴവുമെടുത്തു് അവളൊരോട്ടം കൊടുക്കും. അമ്പടി മിടുക്കത്തീ!

കരുണനും വീട്ടിലേക്കു തിരിക്കും. തനിച്ചു നില്ക്കാനൊരു രസമില്ല.

തിരുവാതിര ഞാററുവേലയിൽ പറമ്പിലെല്ലാം പയറിടുകയായി. ആ തെങ്ങിൻതോപ്പുകരംക്കിടയിൽനിന്നും നീട്ടിവലിച്ചു ചൊല്ലുന്നതു കേരംക്കാം.:—

"റാറേറ.........ടേ..ാ...ടേ..ാ......ടേ..ാ.
റാറേറം മക്കളും പൊക്കോളേൻ,
പാലാഴി പാലം കടന്നോളേൻ,
റാറേറ......ടേ..ാ......ടേ..ാ......ടേ..ാ."

കരുണനും കാത്തുവും പാടുകയാണു്.

കാത്തുവിനെ സ്കൂളിൽചേർത്തു. പുവുടുപ്പും പുസ്തകസഞ്ചിയുമായി അവളങ്ങിനെ പോകുന്നതു് കരുണൻ നോക്കിനില്ക്കും. അവനും പഠിക്കുവാൻ മോഹമില്ലായ്കയല്ല. പക്ഷെ, അച്ഛനും അമ്മയുംകൂടി അതു വേണ്ടെന്നുവെച്ചു.

"പൊസ്തകോംമിററ മേടിക്കാൻ കാശില്ലമോനേ." അവർ അവനെ സമാധാനിപ്പിച്ചു. കാത്തുവിൻെറ ചേട്ടൻ കൊളമ്പിലുണ്ടു്. അയാൾ അവൾക്കു വേണ്ട പണമയച്ചു കൊടുക്കും. അവനോ...? എങ്കിലും കരുണനും അക്ഷരങ്ങളെഴുതുവാനും വായിക്കുവാനും പഠിച്ചു. കാത്തുവാണവൻെറ അദ്ധ്യാപിക.

ഒരു ദിവസം കാത്തുവിൻെറ അമ്മ അവൻെറ അമ്മയോടു പറയുകയാണു്:—

"ൻെറ മോളു്ങ്ങടെ മോനു്ള്ളതാ."

വർഷങ്ങൾ ഇഴയുകയായിരുന്നു.

കരുണൻ എന്നും കാത്തുവിൻെറ വീട്ടിൽ പോകാറുണ്ടു്. അവളുടെ അച്ഛനും അമ്മയുമായി സംസാരിച്ചു സമയംപോക്കും. ആ വാതലിനുപിറകിൽ അവൾ നില്പുണ്ടെന്നു് അവനറിയാം. ഇടയ്ക്കിടയ്ക്കൊരു നേരിയ നെടുനിശ്വാസം കേൾക്കുമ്പോൾ അയാളുടെ ശ്രദ്ധ അറിയാതെ അങ്ങോട്ടോടിയെത്തും.

ദൃഢകായനായ ആ യുവാവിനെ നോക്കിക്കൊണ്ടു നില്ക്കുകയെന്നതു് അവൾക്കും ഒരാനന്ദമാണു്. ഇടയ്ക്കിടയ്ക്കു് അയാളെന്തെങ്കിലും തമാശ പറഞ്ഞു പൊട്ടിച്ചിരിച്ചാൽ അവളും അതിൽ പങ്കുകൂടും. അയാൾ പൊയ്ക്കഴിഞ്ഞാൽ അവളുടെ അമ്മ പറയാറുണ്ടു്:—

"തങ്കംപോലത്തെ ചെക്കൻ"

കരുണൻ ജോലിയന്വേഷിച്ചു് വീട്ടിൽനിന്നിറങ്ങുമ്പോൾ കാർത്തുവിനെ കണ്ടു. അവളും അമ്മയും അച്ഛനും കരുണനെ യാത്രയയയ്ക്കുവാൻ വന്നിരുന്നു. മിടിക്കുന്ന ഹൃദയത്തോടെ അവളോർക്കുകയാണു്, ഇനി എന്നാണൊന്നു കാണുവാൻ കഴിയുക.

കരുണൻ എല്ലാവരോടുമായി യാത്രപറഞ്ഞു. അവരുടെ കണ്ണുകൾതമ്മിലറിയാതെ ഒന്നിടഞ്ഞു.

വയലിലെ വരമ്പിലൂടെ കരുണൻ നടന്നുമറയുന്നതു് അവൾ നോക്കിനില്ക്കുകയാണു്. ആ നെൽപ്പാടം കൊയ്ത്തരിവാളിനെ മാടിവിളിക്കുന്നു. നിഷ്കളങ്കത നിറഞ്ഞ ബാല്യകാലസ്മരണകളിലേക്കു് അവളുടെ ചിന്തകൾ ചിറകടിച്ചു പാഞ്ഞു പറന്നു.

നീലഗിരിയിൽ അയാൾക്കൊരു ജോലികിട്ടി. ഒരു ചായത്തോട്ടത്തിലാണു്: ഇല പറിക്കുന്ന പെണ്ണുങ്ങളെക്കൊണ്ടു് പറഞ്ഞു് ജോലിയെടുപ്പിക്കണം. പറിച്ചെടുത്ത ഇലകൾ ഫാക്ടറിയിലെത്തിക്കണം. വിദൂരതയിൽ കിടക്കുന്ന ആ നെൽപ്പാടങ്ങളേയും കൊയ്ത്തുകാലത്തേയും കരുണൻ ഓർത്തുപോകാറുണ്ടു്.

ഒരുദിവസം ചായത്തോട്ടത്തിൽവെച്ചാണു് 'ചീത' അർത്ഥഗർഭമായി കരുണനെയൊന്നു കടാക്ഷിച്ചതു്. സീതയാണു്; പക്ഷെ, അവളെ എന്തുകൊണ്ടോ, ചീതയെന്നാണു വിളിച്ചുവന്നിരുന്നതു്. കുറച്ചുദിവസമായി അവൾക്കു് കരുണനോടെന്തെന്നില്ലാത്തൊരു ലോഹ്യം. മുററിത്തഴച്ച യൌവനം അവളെ സുന്ദരിയാക്കിയിട്ടുണ്ടു്. പക്ഷെ, അവളെക്കുറിച്ചു് ആർക്കും നല്ലഭിപ്രായമില്ല. രാത്രിയിൽ പലരും അവളുടെ വീട്ടിൽനിന്നും ഇറങ്ങിപ്പോകാറുണ്ടത്രെ. അവൾ അവിവാഹിതയുമാണു്. മാദകമായൊരു പുഞ്ചിരിയോടുകൂടി അവൾ കരുണൻെറ ദേഹത്തോടുരുമ്മിനില്ക്കുവാൻ ശ്രമിച്ചു. "ഛൂ..." ഒരാട്ടു്. ചായത്തോട്ടത്തിൽവെച്ചാണു്. എല്ലാവരും നോക്കിനില്ക്കുന്നു. അവൾ നിശ്ശബ്ദയായി ജോലിതുടർന്നു. അന്നുമുതൽ ചീതയെ ഒന്നു നോക്കുവാൻപോലും കരുണൻ ഒരുമ്പെടാറില്ല. അവൾക്കു കാമഭ്രാന്താണു്!

കൂലിക്കോളണിയിലെ ഒരു കൊച്ചുവീട്ടിലാണു് അയാളുടെ താമസം. വേലകഴിഞ്ഞാൽ ഉടൻ വീട്ടിൽ തിരിച്ചെത്തും. ഒന്നുകുളിച്ചു്, വെളിയിലൊന്നും പോകാതെ, വീട്ടിന്നുള്ളിൽത്തന്നെ കഴിച്ചുകൂട്ടും. ഏകാന്തതയിലിരുന്നു് അയാൾ ഭാവിപരിപാടികൾ നെയ്തുകൂട്ടുകയായിരുന്നു. അനാവശ്യച്ചിലവുകളൊന്നും പാടില്ല. കുറച്ചു പണമുണ്ടാക്കണം. സ്വന്തമായി എന്തെങ്കിലും കൃഷിയോ കച്ചവടമോ തുടങ്ങണം. ജീവിതകാലംമുഴുവൻ മററൊരുത്തൻെറ കീഴാളനായി കഴിച്ചുകൂട്ടുകയെന്നതു് ദുസ്സഹമല്ലേ? പിന്നെ......പിന്നെ...... കാഞ്ചുവിനെ വിവാ-

ഹാംകഴിക്കണം. അവൾ കൊള്ളാവുന്നവളാണ്. നല്ല സ്നേഹമുള്ളവളാ......അങ്ങിനെ അയാളുടെ ചിന്തകൾ ഏകാന്തതയിലൂടെ പറന്നുയന്നു.

x x x x x

ബസ്സിറങ്ങി അയാൾ ധൃതിപ്പെട്ടു വീട്ടിലേക്കു തിരിച്ചു. ആ നെൽപ്പാടം കൊയ്ത്തുകഴിഞ്ഞു കിടക്കുകയാണ്. പറവകൾ അങ്ങിങ്ങായി ചിറകടിച്ച് എന്തൊക്കെയോ കൊത്തിയെടുക്കുന്നുണ്ട്. മറുകരയിലുള്ള ആ ഓലപ്പുര കണ്ടുതുടങ്ങി. ധൃതിപിടിച്ചു നടക്കുവാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ കാലുകൾ മുൻപോട്ടു നീങ്ങുന്നില്ല.

ലക്ഷ്മി പടിക്കൽതന്നെ നില്പുണ്ടായിരുന്നു. അവൾ അയാളെ കണ്ടതോടെ കൈകൊട്ടിപ്പൊട്ടിച്ചിരിക്കുവാൻ തുടങ്ങി.

ആഹ്ലാദങ്ങൾ നിറഞ്ഞ ഒന്നുരണ്ടാഴ്ചകൾ കഴിഞ്ഞുപോയി. വീട്ടിൽ വിരുന്നുകാർ വന്നു. പലരും കരുണനെ വിരുന്നിനു ക്ഷണിച്ചു. ചക്കിക്കുട്ടിയും ഉണ്ണിക്കോതയും ചങ്കുണ്ണിച്ചോനും അങ്ങിനെ മററു പലരും കരുണൻെറ മേൽ കണ്ണുവെച്ചിരിക്കുകയാണ്. അയാളെ 'മരുമക'നായിക്കിട്ടിയാൽ തരക്കേടില്ല എന്ന് അവക്കെല്ലാം ഒരു തോന്നൽ; എന്തെങ്കിലും നാലുകാശ്ശ് സമ്പാദ്യമില്ലാതിരിക്കുമോ?

ഒരു മംഗളമുഹൂർത്തത്തിൽ കാത്തു കരുണൻെറ കെട്ടിയോളായി. പലക്കും രസിച്ചില്ല. പക്ഷെ മിക്കവരും അതു പ്രതീക്ഷിച്ചിരുന്നതാണ്.

“ങ്ങള് ഞ്ഞി മലേലിക്ക് പോണൂ്ണ്ടോ?” ഒരു ദിവസം കാത്തു ആരാഞ്ഞു.

“എന്താ, പോണ്ടെ?”

“വേണ്ട.”

“പിന്നെങ്ങ്ന്യാ?”

“നാട്ടിലെങ്ങാനും വേലേടുത്തൂടെ?”

കരുണൻ ഒന്നും മിണ്ടിയില്ല. ആ ഉദ്ദേശം സമ്മതമല്ലാത്തതുകൊണ്ടുമാത്രം. അയാൾക്ക് കൃഷിചെയ്യണം; പക്ഷെ ഭൂമിയില്ല. ‘പടിക്കലെ പന്തീരായിര’ത്തിൽ നിന്നു് അരപ്പറയ്ക്കുപോലും പാട്ടത്തിനു കിട്ടുകയില്ല.

“ങ്ങള് എന്താ മിണ്ടാത്തെ.”

“ഉൗംഹ്ഹും.”

## II

രണ്ടു മാസത്തിനു ശേഷം കരുണനും കാത്തുവും നീലഗിരിയിലേക്കു തിരിച്ചു. വളരെയേറെ സംഗതികൾ നീലമലയെക്കുറിച്ചു് കാത്തുവിനോടു പറഞ്ഞിട്ടുണ്ടു്. കുന്നും മലയും, കയററവും ഇറക്കവും, മൂടൽ മഞ്ഞും, യൂക്കാലിപ്സ് മരങ്ങളും, മലവണ്ടിയും, ഉരുളൻകിഴങ്ങുമെല്ലാം അവളുടെ ഭാവനയിൽ തത്തിക്കളിക്കുവാൻ തുടങ്ങി. മുലക്കച്ചകെട്ടി, തലയിൽ മുണ്ടിട്ടു്, കാതിലും മൂക്കിലും കഴുത്തിലും നിറയെ ആഭരണങ്ങളുമായി പോകുന്ന അന്നാട്ടിലെ ‘ബടുക’ സ്ത്രീകളേയും, വെളുത്ത തലേക്കെട്ടും മുണ്ടും കറുത്ത കോട്ടും ധരിച്ച അവരുടെ പുരുഷന്മാരെയുംകുറിച്ചു് കരുണൻ അവളോടു പറഞ്ഞു. അവരെ

ല്ലാം ടിപ്പുവിൻെറ പടയോട്ടക്കാലത്തു മൈസൂരിൽനിന്നും അഭയംതേടി വന്നവരാണത്രെ! ടിപ്പുസുൽത്താനെപ്പററി അവഠം കേട്ടിട്ടുണ്ടു്, ചരിത്രപുസ്തകത്തിൽ നിന്നു്.

"നെടുംങ്കോട്ട കെട്ടീത്തു് അയാളെ തട്ക്കാനല്ലെ?" അവഠംക്കൊരു സംശയം!

"ആവോ."

* * *

ക്ലലിക്കോളണിയിലെ കൊച്ചുവീട്ടിൽ ആ പുത്തൻ ദമ്പതികഠം ജീവിതം സമാരംഭിച്ചു. പുലർച്ചയ്ക്കെഴുന്നേററാൽ കരുണൻ തോട്ടത്തിൽ വേലയ്ക്കുപോകും. നാളുകഠം അയാഠംക്കു് ഉന്മേഷകരങ്ങളായിരുന്നു. വൈകുന്നേരമായാൽ കാത്തുവിനേയുംകൂട്ടി അയാഠം നടക്കവാനിറങ്ങും. നീലമല നിമ്മിച്ചിരിക്കുന്ന മായികലോകത്തിലെ ഓരോ കാഴ്ചയും അവഠംക്കു കാണിച്ചുകൊടുക്കും.

ഒരു ദിവസം വേല കഴിഞ്ഞു് മടങ്ങിയെത്തിയപ്പോഠം കരുണൻ കാത്തുവിനോടു പറഞ്ഞു, ചായത്തോട്ടത്തിലെ ജോലി അടുത്തുതന്നെ വേണ്ടെന്നുവെക്കുമെന്നു്.

"അതെന്തിനാ?" അവഠംക്കു കാരണം മനസ്സിലായില്ല.

അയാഠം വിശദീകരിച്ചുകൊടുത്തു. 'ഗോവാ' കുന്നിന്നരികിൽ കുറച്ചു സ്ഥലം പാട്ടത്തിന്നു കിട്ടാമെന്നുവെച്ചിട്ടുണ്ടു്. അടുത്ത മഴയ്ക്കു തന്നെ ഉരുളൻകിഴങ്ങിറക്കണം.

"പണ മെവ്ട്ന്നാ?"

"അതെല്ലാമങ്ങുണ്ടാവും" ഒരു കള്ളച്ചിരിയോടുകൂടി കരുണൻ പറഞ്ഞു. 'തൊത്തേ'വരുടേതായ പുത്തൻഭൂമി

യാണു്; ഇന്നേവരെ കൃഷി ചെയ്തിട്ടില്ല. ഒന്നിന്നു പത്തു കണ്ടെങ്കിലും വിളയാതിരിക്കുകയില്ല. അവൾക്കു് ചുരുങ്ങിയൊരു പാട്ടം കൊടുത്താൽ മതി.

തൊതുവർ അയാൾക്കു വേണ്ട സഹായസഹകരണങ്ങളെല്ലാം വാഗ്ദാനംചെയ്തു. അവർ ആത്മാർത്ഥതയുള്ള കൂട്ടത്തിലാണു്. പക്ഷെ, അവരോടു വഴക്കിടരുതെന്നു മാത്രം. ഇണങ്ങുവാനും പിണങ്ങുവാനും അവൾക്കറിയാം.

കരുണൻ എല്ലാ ചുമതലകളും വൃദ്ധനായ ഒരു തൊതുവനെ ഏല്പിച്ചു.

കുററിക്കാടുകൾ നിറഞ്ഞു്, മനുഷ്യസ്പർശമേല്ക്കാതെ കിടന്നിരുന്ന ആ കുന്നരികിലേക്കു് ഒരു പ്രഭാതത്തിൽ കൈക്കോട്ടും മുള്ളും കൊത്തിയുമെടുത്തു് ഒരുകൂട്ടം ആൾക്കാർ ആദ്യമായിട്ടിറങ്ങുകയായി. കാടുകൾ അല്പാല്പമായി വെട്ടിത്തെളിച്ചുതുടങ്ങി. നീലഗിരിയുടെ പശിമയുള്ള മണ്ണു് ഇളകിമറിയുകയാണു്. ഇടയ്ക്കിടയ്ക്കു കാണുന്ന വലിയ വേരുകൾ വെട്ടിമുറിച്ചു് പണി മുന്നോട്ടു നീങ്ങുന്നു. ഒരാഴ്ചകൊണ്ടു് അവിടമെല്ലാം മാറിപ്പോയി. പക്ഷെ പുത്തൻനിലമായതുകൊണ്ടു് ആയിരത്തിഞ്ഞൂറിലധികം ഉറപ്പിക്ക ചിലവു വരും. കൃഷിയിറക്കിയാൽ മാത്രം പോരാ; അതു വേണ്ടവിധത്തിൽ ഇറക്കണം. നല്ലപോലെ വളംചേർക്കണം. പേരെങ്കിൽ പുതുമണ്ണും!

മണ്ണിൻകട്ടകളെല്ലാം കുതിന്നു പൊടിയാകണം. രണ്ടു മഴയെങ്കിലും പെയ്തതിന്നുശേഷമെ കിഴങ്ങിടുവാൻ പാടുള്ളൂ. അങ്ങിനെ എല്ലാം സജ്ജീകൃതമാക്കപ്പെട്ടു.

വിത്തും വളവും ഭൂമിയുമെല്ലാം. മഴപെയ്യേണ്ട താമസം മാത്രം.

ഒരാഴ്ചയോളമായി കരുണൻ ജോലിയിൽനിന്നും പിരിഞ്ഞിട്ട്. അതിൻെറ ആവശ്യമില്ലെന്ന് കാർത്തു പറഞ്ഞു. ജോലിയുള്ളപ്പോഴും കൃഷിയിറക്കുന്നതിൽ വലിയ തടസ്ഥമൊന്നും അവർക്കു കാണുവാൻ കഴിഞ്ഞില്ല. പക്ഷെ കരുണൻെറ വീക്ഷണകോൺ മറെറാന്നാണ്. കൃഷിയിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിയാതെ വന്നാലൊ എന്നുള്ളതാണ് അയാളുടെ ഭയം. രണ്ടു വഞ്ചിയിലും കൂടി കാലുവയ്ക്കുവാൻ അയാൾക്കിഷ്ടമില്ല. സ്വന്തമായി എന്തെങ്കിലുമുണ്ടെങ്കിൽ അതല്ലെ കൂടുതൽ നല്ലതു്.

അക്കൊല്ലം മഴയുടെ ആരംഭം കുറച്ചു കാലേക്കൂട്ടിയായിരുന്നു. പൊടിപൊടിച്ച മഴ. ഓരോ തുള്ളിക്കും ഓരോ പറ വെള്ളമുണ്ടെന്നു തോന്നും. വരണ്ടുകിടന്നിരുന്ന ചാലുകളിലൂടെ കലക്കുവെള്ളം കുത്തിയൊലിച്ചുതുടങ്ങി. പുറത്തിറങ്ങുവാൻ വയ്യ. നട്ടപ്പാതയിൽക്കൂടി മുട്ടിനു വെള്ളമുണ്ട്. രണ്ടുദിവസം തുടർച്ചയായി പെയ്തതിന്നുശേഷം അതൊന്നു ശമിച്ചു.

വിത്തുംവളവുമായി കൃഷിക്കാർ ഭൂമിയിലേക്കിറങ്ങി. കുതിർന്നുകിടക്കുന്ന ഭൂമി. അവരുടെ ആശകൾ ചിറകുവിടുർത്തി. ഇക്കൊല്ലം തരക്കേടില്ലെന്നു തോന്നുന്നു.

കരുണൻെറ ഭൂമിയിലും വിത്തിറക്കുവാനുള്ള ആരംഭമായി. കിളച്ചിളക്കി, കുതിർന്നുകിടക്കുന്ന പുതുമണ്ണിൽ തൊഴിലാളിസ്ത്രീകൾ വിത്തിറക്കുകയാണ്; അതോടൊപ്പം അല്പാല്പം വളപ്പൊടിയും വിതറുന്നു. അതെല്ലാം നോക്കി

ക്കണ്ടു് കരുണൻ ഒരറ്റത്തു നില്ക്കുകയാണു്. അയാൾക്ക രികിൽ തൊഴുവവൃദ്ധനുമുണ്ടു്.

"പശിമയുള്ള പുതുമണ്ണാ. വളത്തിന്റെ ആവശ്യ മില്ല." വൃദ്ധൻ പുഞ്ചിരിച്ചുംകൊണ്ടു പറഞ്ഞു.

"വളം പോരാതെ കൃഷി കേടുവരരുതു്."

"അതു ശരി."

നീലഗിരിയിലെ പണമെല്ലാം മണ്ണിന്നടിയിൽ കുഴി ച്ചിടപ്പെട്ടുകിടക്കുന്ന കാലഘട്ടമാണതു്. കടംമേടിച്ചും, പണയംവെച്ചും മിക്കവരും കിഴങ്ങിടും. ഒരു ഭാഗ്യക്കുറി യിൽ ചേൎന്നതുപോലെയാണു്. വൎഷം ചതിച്ചില്ലെങ്കിൽ നിറയെപ്പണവുമായി നടക്കാം. അല്ലെങ്കിൽ, പലരും 'തമ്പോറടി'ക്കും. ഞെക്കി ഞെരുങ്ങി അവരങ്ങിനെ ജീവിതം തുടരും; ഒരു പരിശ്രമംകൂടി നടത്തിനോക്കാൻ.

മുള അല്പാല്പമായി മുകളിലേക്കു കണ്ടുതുടങ്ങി. കരു ണന്റെ ആനന്ദത്തിന്നു് അതിരില്ലായിരുന്നു. കരുത്തേ റിയ മുളയാണതെന്നു് ആ വൃദ്ധനുംകൂടി അഭിപ്രായപ്പെട്ടു. അയാൾക്കിതിൽ കുറെയെല്ലാം പരിചയം കാണുമല്ലൊ.

ഇലകൾ വിരിയുകയാണു്. അതോടൊപ്പം പ്രതീ ക്ഷകളും. കാട്ടുപുല്ലുകൾപോലെ അവയെല്ലാം തഴച്ചു വളരുവാൻതുടങ്ങി. അക്കൊല്ലം കിഴങ്ങിട്ടവൎക്കു് ശുക്രദശ യാണെന്നൊരു സംസാരവും അങ്ങു പരന്നു. വാസ്തവമാണു താനും. കൃഷിയിടങ്ങളിലേക്കു നോക്കിയാൽ അങ്ങിനെ യൊക്കെ തോന്നിപ്പോകും. വലിയ പട്ടിണിയൊന്നും കൂടാതെ കഴിഞ്ഞുകൂടാമെന്നു് പാവങ്ങളും തീരുമാനിച്ചു. നല്ല വിളവുണ്ടായാൽ എല്ലാവൎക്കും അതൊരനുഗ്രഹമാണു്.

കാത്തുവിന്നൊരു സ്വർണ്ണമാല, സ്വന്തമായി നാട്ടി ലൊരു കൊച്ചു പുരയിടം—അങ്ങിനെ പലതും കരുണൻ ആലോചിച്ചുറച്ചു.

"നെങ്ങളങ്ങനെ ഒന്നും തീർച്ച്യാക്കാണ്ടിരിക്കിൻ. എല്ലാം ദൈവം തമ്പുരാന്റെ കയ്യിലാ."—കാത്തു.

"ഇക്കൊല്ലം ജയിച്ചു." അയാളുറപ്പിച്ചുപറഞ്ഞു.

പക്ഷെ, ആഹ്ലാദങ്ങളും ആശകളും അല്പാല്പമായി കുറയുകയായിരുന്നു. ഒരു വല്ലായ്മ. തമ്മിൽ തമ്മിൽ പറയുവാൻ ഒരൊററ വിഷയമേയുള്ളു.

"കിഴങ്ങിന്നു വിത്തിറങ്ങേണ്ട കാലമാ. ഒരു മഴ വേണം."

മഴക്കാറിന്റെ ലാഞ്ഛനപോലുമില്ല. വെയിൽ കൂടുതൽ ശക്തിയോടെ അടിക്കുകയാണ്.

'തേരും' പൂജയും വഴിപാടും നടന്നു. കയ്യിലെ പണത്തിന്റെ അവസാനപൈക്കൂടി ചിലവായി. ദൈവങ്ങൾക്കു നല്ലകാലം.

വെയിൽ കൂടുതൽ ശക്തിയോടെ അടിക്കുകയാണ്.

അല്പാല്പമൊരു വാട്ടം എല്ലായിടത്തും പരന്നു. കോവിലുകളിൽ ആരാധകന്മാർ വർദ്ധിച്ചു. പള്ളിയിലും അമ്പലത്തിലുമെല്ലാം ഐകരൂപ്യംപൂണ്ടൊരു പ്രാർത്ഥന —ഒരു മഴയ്ക്കുവേണ്ടി.

ഒരു കറുത്ത മേഘശകലം തെക്കോട്ടുനീങ്ങുന്നതു കണ്ടു. എല്ലാവർക്കും ഒരാശ്വാസം. അവരുടെ നിലവിളി ദൈവത്തിന്റെ ചെകിട്ടിൽ ചെന്നലച്ചിട്ടുണ്ടു.

വെയിലിന്നു് ശക്തികൂട്ടുകയാണു്.

ഒരാഴ്ച പച്ചപിടിച്ചുകിടന്നിരുന്ന കൃഷിഭൂമികളെല്ലാം മഞ്ഞപ്പട്ടുടുത്തു. ഉണങ്ങിയ തണ്ടും ഇലയുമായി അവയെന്തോ മർമ്മരമുതിർത്തിരുന്നു.

കരുണന്നു് അല്പദിവസമായി നല്ല സുഖമില്ല. അയാൾ കിഴങ്ങിറക്കിയേടത്തേയ്ക്കു് പോകാറുണ്ടായിരുന്നില്ല.

ഒരു പ്രഭാതത്തിലാണു്. കൂലിക്കോളണിയിലെ ആ വീട്ടിൽനിന്നും ഒരു നിലവിളി. ആൾക്കാർ ഓടിയടുത്തു. എത്ര കുലുക്കിവിളിച്ചിട്ടും കരുണൻ മിണ്ടുന്നില്ല!

* * * *

തകർന്ന സ്വപ്നങ്ങളുമായി കാർത്തു നാട്ടിലേക്കു തിരിച്ചു. അവളുടെ ഉദരത്തിൽ, ഭൂസ്പർശം ലഭിക്കുവാൻവേണ്ടി വെമ്പുന്നൊരു പിഞ്ചുപൈതൽ കിടന്നു ചലിക്കുന്നുണ്ടായിരുന്നു.

—0—

# ക്രുമ്പടഞ്ഞ ജീവിതം

അയൽവീട്ടുകാരൻ ഇങ്ങിനെയൊരു മിണ്ടാജീവിയായിത്തീർന്നതിൽ ഞങ്ങൾക്കൊരു വല്ലായ്മ തോന്നി.

പ്രകൃതിമോഹനതയും അഭികാമ്യമായ കാലാവസ്ഥയുമുള്ള ഈ ദിക്കിലേക്കു് സ്ഥലംമാററമായി വന്നപ്പോൾ ഞാനാദ്യമായി ഉദ്ദേശിച്ചതു് ഇവിടത്തുകാരെല്ലാം

തമ്മിൽത്തമ്മിൽ സൌഹൃദംപുലത്തുന്നതിൽ ഉൽസുകരും, രസികന്മാരും ആയിരിക്കുമെന്നാണു്. ഇവിടം സുഭിക്ഷതയുടെ കേളീരംഗമായിരിക്കുമെന്നും വിചാരിച്ചുപോയതിൽ അത്ര തെററുണ്ടെന്നു തോന്നുന്നില്ല. ഇന്നാട്ടിന്റെ പേർ കേട്ടാലുടൻ, സുഖശീതളമായ കാലാവസ്ഥയേയും സുഖമായിഭക്ഷിച്ചു് ആഡംബരപൂവ്വം കമ്പിളിവസ്ത്രങ്ങൾ ധരിച്ചു് ക്ലേശശൂന്യരായി ജീവിതം നയിക്കുന്ന ഭാഗ്യവാന്മാരെയും കുറിച്ചാണു് ആദ്യമായിട്ടോമ്മവരിക. പരമാബദ്ധം നിറഞ്ഞ ആ സങ്കല്പങ്ങളെ തിരുത്തേണമെങ്കിൽ ഇവ്വിടമൊന്നു സന്ദശിക്കുകതന്നെ വേണം.

രണ്ടുമാസക്കാലത്തോളം ഇവിടുത്തെ പുതുമ എന്നെ അത്യധികം ആകഷിക്കാതിരുന്നില്ല. പച്ചവിരിപ്പണിഞ്ഞ കുന്നിൻചെരിവുകളിലൂടെ ഇഴഞ്ഞിഴഞ്ഞു മുകളിലോട്ടു പോകുന്ന ഒററയടിപ്പാതകൾ, മറെറാരു കുന്നിൻ ശിഖരത്തിൽനിന്നും ദശിച്ചാൽ മനോഹരമായ കസവുകരകളായിത്തോന്നും. പുഞ്ചിരിച്ചുനില്ക്കുന്ന പൂക്കൾ, ആ പച്ചവിരിപ്പിൽ ഏതോ കലാകുതുകിയുടെ ചിത്രണചാതുയ്യം സൃഷ്ടിച്ചുവിട്ട അനർഘങ്ങളായ ചിത്രപ്പണികളായി പരിലസിച്ചുകൊണ്ടിരിക്കും. വെള്ളിരേഖപോലെ, സൂയ്യകിരണങ്ങളേററു വെട്ടിത്തിളങ്ങുന്ന ഒരു കൊച്ചരുവി കുന്നുകൾക്കിടയിലൂടെ മുന്നോട്ടുള്ള പ്രയാണം സാവധാനം തുടരുകയാണു്. കുന്നുകളെയെല്ലാം മൂടിനില്ക്കുന്ന മൂടൽമഞ്ഞിലൂടെ നോക്കിയാൽ കര കാണാത്ത ഒരു സമുദ്രമദ്ധ്യത്തിൽപെട്ടുപോയതുപോലെയാണു് തോന്നുക. ഇനിയും പുരോഗമിക്കാത്ത

ഒരു ജനതയുടെ വേഷവിധാനവും സംസാരവും ആചാരങ്ങളുമാണു് തദ്ദേശീയരിൽ കണ്ടെത്തുക. പ്രാകൃതമായ—അക്ഷരങ്ങളിലൂടെ കടലാസ്സിലേക്കു പകർത്തുവാൻ കഴിയാത്ത—ഒരു ഭാഷയിലൂടെ നീട്ടിയും കുറുക്കിയും ചില പ്രത്യേക സ്വരങ്ങളിൽ അവർ തമ്മിൽ തമ്മിൽ സംസാരിക്കുമ്പോൾ നമ്മുടെ ശ്രവണേന്ദ്രിയങ്ങൾക്കു് വല്ലാത്ത രസാധ്യതയാണനുഭവപ്പെടുക. ഈ ചുററുപാടുകളെല്ലാം എന്നെ പെട്ടെന്നാകർഷിച്ചു—അവയിലെല്ലാം പുതുമ നിറഞ്ഞിരുന്നതുകൊണ്ടു്!

ഒരു സീനിയർ ഓപ്പറേറ്ററായി എനിക്കിവിടത്തെ ഫാക്ടറിയിലേക്കു് സ്ഥലംമാററം കിട്ടിയിരിക്കുകയാണു്. എൻെറ ഒരുത്തമ സുഹൃത്തായ 'ശ്രീ' സ്ഥലംമാററവിവരമറിഞ്ഞു് സകലസൌകര്യങ്ങളും മുൻകൂട്ടി ചെയ്തിരുന്നതുകൊണ്ടു് വന്നയുടൻതന്നെ ഒരു താമസസ്ഥലം അന്വേഷിച്ചലയേണ്ടതായി വന്നില്ല. ഞാനും പ്രേമയും ആ കൊച്ചുവീട്ടിൽ താമസമാരംഭിച്ചു. പ്രേമയുമായുള്ള എന്റെ വിവാഹം കഴിഞ്ഞു് അധികം നാൾ ആകുന്നതിനു മുമ്പു തന്നെ ഒരു സ്ഥലംമാററം കിട്ടിയതിൽ ഞാൻ തികച്ചും സന്തുഷ്ടനായിരുന്നു. ഞങ്ങളുടെ മധുവിധു ഒരു പുത്തൻ നഗരിയിൽ വെച്ചു കൊണ്ടാടാമല്ലോ; അതും ഇൻഡ്യയിൽ വേനൽക്കാലത്തു് സുഖവാസാർത്ഥം പലരേയും ആകർഷിക്കുന്ന ആ സുപ്രസിദ്ധമായ നഗരത്തിൽ വെച്ചു്!

നിരവധി 'ലൈനു'കളിലായി നൂറോ നൂററമ്പതോ വീടുകൾ ഇടതിങ്ങിനിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു കോളണിയിലെ സാമാന്യം നല്ല ഒരു ഗൃഹമാണു് ശ്രീ ഏർപ്പാടു ചെ

യ്ക്കിരുന്നതു്. ഒരു ഭാര്യയ്ക്കും ഭർത്താവിനും വേണ്ടതു സൌക ര്യങ്ങളോടുകൂടി അനാഡംബരപൂർവ്വം നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു കൊച്ചുഗൃഹമായിരുന്നു അതു്.

ഒരന്യനഗരിയിൽ തികച്ചും അത്യന്താപേക്ഷിതമാ ണു് ആത്മാർത്ഥതയുളുമ്പുന്ന സൌഹൃദവും അയൽക്കാരും. ഇവയിലേതെങ്കിലുമൊന്നില്ലെങ്കിൽ ജീവിതം ഏകാന്തവും വിരസവുമായി അനുഭവപ്പെടുകയെന്നുള്ളതു് തികച്ചും സാധാരണമാണു്. ജീവിക്കുവാൻ വേണ്ടി വേലയെടുക്ക ലും, അല്ലെങ്കിൽ, വേലയെടുക്കുവാൻ വേണ്ടി മാത്രം ജീവി ക്കലും എന്നതിൽ കവിഞ്ഞു് മനുഷ്യന്നു് സാമൂഹ്യമായ മററു പല ഉത്തരവാദിത്വങ്ങളുമുണ്ടല്ലോ. നാം ജീവിക്കു ന്നതെന്തിനെന്നുള്ള ചോദ്യം ദുർഘടം പിടിച്ച വഴിത്തി രിവുകളിലൂടെ നയിച്ചു് ഒരെത്തും പിടിയുമില്ലാത്തിടത്തു് നമ്മെ കൊണ്ടെത്തിക്കും. മനുഷ്യൻെറ സാമൂഹ്യബോ ധം ഉടലെടുക്കുന്നതു് അന്യോന്യസമ്പർക്കത്തിൽ നിന്നാക കൊണ്ടു് മേൽപറഞ്ഞ രണ്ടും തീർച്ചയായും ഒഴിച്ചുകൂടാത്ത വയാണു താനും.

പക്ഷെ എൻെറ അയൽക്കാരനായിരുന്ന ആ മനു ഷ്യൻ ഇതൊന്നും അത്ര മനസ്സിലാക്കിയിരുന്നില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ, മനസ്സിലാക്കിയിരുന്നിട്ടും അവ യെ നിസ്സാരകാര്യങ്ങളാക്കി തള്ളി കളഞ്ഞിരിക്കാം. ഒരു വിധം "മനുഷ്യപ്പററു"ള്ള ഒരാളാണെങ്കിൽ, തനിക്കൊര യൽക്കാരൻകൂടി വരുന്നുവെന്നറിഞ്ഞാൽ പുറംമേനിക്കു വേണ്ടിയെങ്കിലും അയാളെയൊന്നു സന്ദർശിക്കുവാനോ, അ യാളെ നോക്കി ഒന്നു പുഞ്ചിരി തൂകുവാൻ പോലുമോ മിനു

ക്കൊടാതിരിക്കുമോ? ഇതിന്നൊന്നുംതന്നെ അയാൾ തുനി ഞ്ഞില്ലെന്നു മാത്രമല്ല, വാതിൽ ബന്ധിച്ച് മുറിക്കകത്തി രുന്നു്, ചില്ലുവാതിൽക്കുള്ളിലൂടെ ഗൌരവമായി എന്നെ യൊന്നു നോക്കുക മാത്രമാണു് ചെയ്തതു്. ഏതോ പൂൎവ്വ വൈരിയെന്നു് അയാളെന്നെ കരുതിയോ എന്തോ!—ആ മുഖഭാവം അത്രയ്ക്കും രൂക്ഷമായിരുന്നു.

ചുറവപാടുകളിലൂടെ ഇണങ്ങിച്ചേൎന്നപ്പോൾ എനി ക്കും ഇന്നാട്ടിന്റെ പുതുമയെല്ലാം പൊയ്പോയിത്തുടങ്ങി. വിരസങ്ങളായ നാളുകളിലൂടെ ജീവിതം യാന്ത്രികമായി മുന്നോട്ടു നീങ്ങിത്തുടങ്ങി. കമ്പിളിവസ്ത്രങ്ങൾക്കിടയിലും തണുത്തു വിറയ്ക്കുന്ന സായാഹ്നങ്ങളിൽ അപൂർവ്വമായിട്ടേ ഞാൻ നടക്കുവാനിറങ്ങുകയുള്ളു. ശ്രീ ഇടയ്ക്കൊക്കെ ഞാനും എന്റെ വീട്ടിലേക്കു വരും—അപൂൎവ്വങ്ങളും ഹ്രസ്വങ്ങളുമായ സന്ദൎശനങ്ങൾ. അയാളുടെ പ്രകൃതം നല്ലതുപോലെ അറി യാമായിരുന്ന എനിക്കു് അതിൽ അയാളെ കുററപ്പെടുത്തു വാൻ കഴിഞ്ഞില്ല. വിവാഹിതരായ സുഹൃത്തുക്കളുടെ വീട്ടിൽ കയറിച്ചെല്ലുവാൻ അയാൾക്കു വൈമുഖ്യമാണു്. തന്റെ സ്വഭാവശുദ്ധിയെപ്പററി വല്ലവരും ചോദ്യം ചെ യ്തേങ്കിലോ എന്നു് ക്രമാതീതമായി ഭയപ്പെട്ടിരുന്നതുകൊ ണ്ടു മാത്രം. സ്ത്രീകളുടെ മുമ്പിൽ ശ്രീ വലിയൊരു ലജ്ജാ ശീലനാണു്. പോരെങ്കിൽ, പ്രേമ അയാളുടെ സഹപാ ഠിനി കൂടിയായിരുന്നുവെന്നോൎക്കുമ്പോഴോ......? തെരു വിലെങ്ങാനും വെച്ചു കണ്ടാൽ അയാൾ പടിവരെക്കും സംസാരിച്ചുകൊണ്ടു വരും. എത്രയേറെ നിൎബ്ബന്ധി ച്ചാലും വീട്ടിന്നുള്ളിലേക്കു കയറുകയില്ല.

പ്രേമ:—അവളുടെ കാര്യമായിരുന്നു കൂടുതൽ കഷ്ടം. പുലച്ചയ്ക്കേഴ മണിക്കുള്ള ചൂളംവിളി കേട്ടാൽ ഞാൻ ഫാക്ടറിയിലേക്കു പോകണം. ഉച്ചയ്ക്കു് ഒരു മണിക്കൂർ ഒഴിവു സമയം കഴിച്ചാൽ വൈകുന്നേരത്തോടു കൂടിയെ മടങ്ങിയെത്തുകയുള്ളു. അത്രയും സമയം അവൾ തനിയെ കഴിച്ചുകൂട്ടണം. അവൾക്കു സംസാരിക്കുവാനും, തമാശ പറയുവാനും, പൊട്ടിച്ചിരിക്കുവാനും കൂട്ടുകാരില്ല. ഈ പുത്തൻ നഗരത്തിലെ ഭാഷ എനിക്കെന്ന പോലെ അവൾക്കും അജ്ഞാതമാണു്. വായ തോരാതെ, എപ്പോഴും എന്തെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുന്ന അവൾക്കു് ഈ ജീവിതം കാരാഗൃഹതുല്യമായിരുന്നു. എന്റെ പ്രത്യാഗമനവും പ്രതീക്ഷിച്ചു് അവൾ അക്ഷമയായി കാത്തിരിക്കും. ആ നിരുന്മേഷത്വം അപ്പോഴേ വിട്ടുമാറുകയുള്ളു.

അയൽവീട്ടിലെ സ്ത്രീക്കെങ്കിലും എന്റെ കുടുംബിനിയുമായി ഒന്നു പരിചയപ്പെട്ടാലെന്തെന്നു് ഞാൻ പലപ്പോഴും ആലോചിക്കാറുണ്ടു്.

ഞാൻ ചോദിച്ചു:—"പ്രേമേ, നിനക്കവരുമായി പരിചയപ്പെട്ടുകൂടെ?" അല്പമൊരു പരിഭവവും ഗൌരവവും കലർന്ന സ്വരത്തിലാണവൾ മറുപടി പറഞ്ഞതു്.

"ഉവ്വ്... ഞാനവരുടെ മുഖംതന്നെ വെളിയിൽ കണ്ടിട്ടില്ല."

ഓ! അങ്ങിനെയാണെങ്കിൽ അവരും ഭർത്താവിനു തികച്ചും യോജിച്ചവളാണെന്നു് ഞാൻ മനസ്സിൽനിനച്ചു.

ഒഴിവു ദിവസങ്ങളിൽ ഞങ്ങളെങ്ങോട്ടെങ്കിലും വിനോദയാത്ര തിരിക്കും. ആ വേളകളിൽ പ്രേമയ്ക്കു്

എന്തൊരുത്സാഹത്തുള്ളലായിരിക്കുമെന്നോ! സിനിമയിലും നാടകത്തിലും എന്റെ പന്തിക്ക് വലിയ പ്രതിപത്തിയുണ്ടായിരുന്നില്ല. ഈ പുതിയ ചുററുപാടുകൾ അവളിൽ അതു വളത്തിക്കൊണ്ടുവന്നു.

ദിവസങ്ങൾ ഇഴയുകയാണ്. ഞാനിവിടെയെത്തി രണ്ടുമാസത്തിലധികമായി. ഇതുവരെയും വെളിയിൽ തലനീട്ടി കണ്ടിട്ടില്ലാത്ത അയൽക്കാരനെപ്പററിയുള്ള വിവരണങ്ങളറിയാൻ ഉള്ള ഔത്സുക്യം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടേയിരുന്നു. അവിടെ ഒരൊച്ചയും അനക്കവും കേൾക്കുകയില്ല. മനുഷ്യനിവാസമുള്ള ഒരു വീടാണ് അതെന്നുപോലും പറയുകയില്ല. അയാളെപ്പററി വല്ലവരോടും ആരാഞ്ഞാൽ അവരെന്തു വിചാരിക്കുമെന്നൊരു സംശയം. എങ്കിലും അക്കാര്യം ശ്രീയോടു ചോദിച്ചു.

"അടുത്ത വീട്ടുകാരനെ അറിയാമോ?"

"അല്ലാ, അയാളെയിനിയും പരിചയപ്പെട്ടില്ലേ?"

"ഇല്ല. ആരാണു്?"

"മി. ഖാൻ."

"ജോലി...?"

"നിങ്ങളുടെ ഫാക്ടറിയിൽ ഒരൊപ്പറേട്ടർ."

ഞാനത്ഭുതപ്പെട്ടു. അയാളെ ഇന്നുവരേയും ഫാക്ടറിയിൽവെച്ചു കണ്ടിട്ടില്ല എന്നതുകൊണ്ടുതന്നെ.

"ഇയ്യാൾ വെളിയിലിറങ്ങി ആരോടും സംസാരിക്കില്ലെ?

"അങ്ങിനെയൊരു പ്രകൃതക്കാരനാണു്."

ഖാനെപ്പററിയുള്ള ചിന്തകൾ എന്നിൽ രൂഢമൂലമായിത്തീൻ. അയാൾക്കിങ്ങനെയൊരു പ്രകൃതം വന്നുകൂടിയതെന്തു്? ഉദയംതൊട്ടുദയംവരെ, ജയിലിലടച്ചതുപോലെ, തുടർച്ചയായി വീട്ടിലടച്ചിരുന്നാൽ ഭ്രാന്തുപിടിക്കയില്ലേ? കൂട്ടുകാരുമായി സമ്പക്കം പുലത്തുന്നതിൽ ഇയാൾക്കു് ലജ്ജയോ വൈമുഖ്യമോ തടസ്ഥം? ഇയ്യാൾ ജോലിക്കും വരുന്നില്ല, ഇതെന്തൊരു ജീവിയാണു്?

ചില വേളകളിൽ—പ്രേമ പറഞ്ഞതാണു്—അയാൾ ഉച്ചത്തിൽ കവിത ചൊല്ലുമത്രെ! വൃത്തനിയമങ്ങളെ കണക്കാക്കാതെ, നീട്ടി വലിച്ചു നടത്തുന്ന ഒരു കണ്ഠവിക്ഷോഭം. ആരും ഇന്നേവരെ കേട്ടിട്ടില്ലാത്ത ചില പദ്യശകലങ്ങൾ. അപ്പോൾ സാഹിത്യരസികനുംകൂടിയാണല്ലൊ മി. ഖാൻ.

എന്നാലും ഈ ജീവിക്കൊന്നു പുറത്തുചന്നുകൂടെ?

2

അന്നെനിക്കു് വല്ലാത്തൊരത്ഭുതം തോന്നി. ഖാൻ ആദ്യമായി ഫാക്ടറിയിൽ വന്നിരിക്കുന്നു.

ഞാനയാളെ ആപാദചൂഡം വീക്ഷിച്ചു. വാർദ്ധക്യത്തിലേയ്ക്കു് കാലൂന്നുവാൻ ഭാവിക്കുന്ന ഒരു വ്യക്തി. ഉയരം കുറഞ്ഞു തടിച്ച ശരീരപ്രകൃതി. വിഷാദാത്മകത്വം മിനില്ക്കുന്ന മുഖം. "ഇപ്പോൾ വീണുപോകുമോ" എന്നു സംശയിക്കപ്പെടാവുന്ന മട്ടിലുള്ള നടത്തം. പരിതഃസ്ഥിതികളെക്കുറിച്ചു് തികഞ്ഞ അലക്ഷ്യത. ഞാനറിയാതെയൊന്നു ചൂളിപ്പോയി. എന്തിനോ......!

ഫാക്ടറിയിൽ ജോലി തുടങ്ങിയപ്പോൾ ഖാൻ തന്റെ ജോലിസ്ഥലത്തേയ്ക്കു പോയി യന്ത്രങ്ങൾ നടത്തിവെച്ച്, താടികൾ കയ്യും കൊട്ടുത്ത്, അശ്രദ്ധയോടെ ഒരു കസാലയിൽ ഇരിപ്പുറപ്പിച്ചു.

രണ്ടു മണിക്കൂർ കഴിഞ്ഞു കാണും. വല്ലാത്തൊരു മണം എന്റെ നാസരന്ധ്രങ്ങളിലേക്കടിച്ചുകയറി. ഉടൻ എഴുന്നേററു. എവിടെയെങ്കിലും എന്തെങ്കിലും സംഭവിച്ചുവോ എന്നുള്ള ഭയം. ഓപ്പറേറ്റർമാരുടെ മേലന്വേഷണം നടത്തേണ്ട ആൾ ഞാനാണ്. എന്തെങ്കിലും യാദൃച്ഛികമായി സംഭവിച്ചാൽ ഉടനെ അറിയിക്കപ്പെടേണ്ടവനും സ്ഥലത്തെത്തേണ്ടവനും ഞാൻതന്നെ. അങ്ങുമിങ്ങും തിരഞ്ഞോടിത്തുടങ്ങി. പുകച്ചുരുളുകൾ അല്പാല്പമായി ഒരിടത്തുനിന്നും ഉയരുകയാണ്. ഞാൻ അവിടേക്കോടി. തിളച്ചു മറിയുന്ന എണ്ണ ഒരു സുഷിരത്തിലൂടെ പുറത്തേയ്ക്കുവന്ന് അല്പാല്പം കത്തുകയാണ്. അതു പടർന്നുപിടിച്ച് ഒരഗ്നിബാധയും പൊട്ടിത്തെറിക്കലുമാകുന്നതിന്ന് വലിയ സമയമൊന്നും വേണ്ട. ഇത്തരുണത്തിൽ പ്രഥമവും പ്രധാനവുമായ കർത്തവ്യം അതിനെ സ്വയം കെടുത്തുവാൻ ശ്രമിക്കുകയോ, പരിസരത്തിലുള്ളവരുടെ സഹായം തേടുകയോ ആണ്. പക്ഷെ, ഖാനെ കണ്ടപ്പോൾ എന്റെ കോപാഗ്നി കത്തിജ്വലിച്ചു. ഇതിനെക്കുറിച്ച് തികച്ചും അജ്ഞനെന്നപോലെ, താടികൾ കൈകൊട്ടുത്ത്, വിഷാദാത്മകത്വം നിറഞ്ഞ മുഖഭാവത്തോടെ അയാൾ ഇരിപ്പിടത്തിൽതന്നെ ഇരിക്കുകയാണ്.

"ഖാൻ......"ഞാൻ പിന്നിൽനിന്നും അലറി.

അയാൾ ഞെട്ടിയെഴുന്നേററു.

"എണ്ണയ്ക്കു തീപിടിച്ചു. നിങ്ങളുറങ്ങുകയാണോ?"

ഒന്നും മറുപടിയുണ്ടായില്ല.

എല്ലാവരുടേയും സഹായംനിമിത്തം അതൊരു വലിയ അഗ്നിബാധയാകാതെ കഴിഞ്ഞു.

അതിൽ പിന്നെ, എന്നെ കണ്ടാൽഉടൻ അയാൾ പുഞ്ചിരിക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു് എനിക്കു മനസ്സിലായി. പക്ഷെ ആ ചിരി പുറത്തേയ്ക്കു വരികയില്ലെന്നുമാത്രം.

കാലത്തിൻെറ കരിയിലകൾപോലെ ദിവസങ്ങൾ കൊഴിഞ്ഞുവീണു. അവിചാരിതമായാണു് മി. ഖാൻ ഒരു സായാഹ്നത്തിൽ എൻെറ വാതിൽക്കൽ മുട്ടിയതു്.

"വരൂ,ഉള്ളിലോട്ടു വരൂ." ഞാൻ വിളിച്ചു പറഞ്ഞു.

വാതിൽ തുറന്നപ്പോൾ കണ്ട വ്യക്തി ഖാൻ ആയിരുന്നതിനാൽ എനിക്കത്ഭുതം തോന്നി. ഇതു ഞാൻ വിചാരിച്ചതല്ലാ, അയാൾ മറെറാരാളുടെ വീട്ടിൽ കയറി ച്ചെല്ലുമെന്നു്. വളരെയേറെ ബുദ്ധിമുട്ടി പുറത്തേക്കെടുത്തിട്ട ഒരു പുഞ്ചിരി ആ ചുണ്ടിണകൾക്കിടയിൽ കളിയാടിയിരുന്നു എങ്കിലും അയാൾക്കുണ്ടായിരുന്ന വല്ലായ്മയും എനിക്കു കാണുവാൻ കഴിഞ്ഞു.

"വരൂ, മി. ഖാൻ. ഇരിക്കൂ."

ഞാൻ വലിച്ചിട്ടുകൊടുത്ത ഒരു കസാലയിൽ തെല്ലൊരു സങ്കോചത്തോടുകൂടിയെങ്കിലും അയാളിരുന്നു. കുറച്ചു സമയത്തേയ്ക്കു് ആരുമാരും ഒന്നും സംസാരിച്ചില്ല. അയാൾക്കു് എങ്ങിനെയാണു് തുടങ്ങേണ്ടതെന്നറിയാതെ; എനിക്കാകട്ടെ, അയാളുടെ ആഗമനോദ്ദേശം മനസ്സിലാ

കാതെ. എങ്കിലും ഞാൻതന്നെ സംഭാഷണം തൊടുത്തിട്ടു.

"എന്തുണ്ടു് വിശേഷം?"

"നാളെ ഈവനിംഗിൽ ഒരു പാർട്ടി ഏപ്പ്ാടു ചെയ്തിട്ടുണ്ടു്. രണ്ടുപേരും വരണം."

"പാർട്ടിയോ?"

"അതെ."

"വിശേഷം?"

"നാളെ ജോലിയിൽനിന്നും പെൻഷൻ പറ്റി പിരിയുകയാണു്. മറെറന്നാഠ നാട്ടിലേക്കു തിരിക്കുന്നു."

"ആരു്? നിങ്ങളോ?"

"അതെ."

"മി. ഖാൻ. നിങ്ങഠക്കിത്രയധികം പ്രായമായോ?"

"അമ്പത്തിയഞ്ചു തികഞ്ഞു."

ആ മുഖഭാവം ദയനീയമായിരുന്നു. എനിക്കങ്ങോട്ടു് ഉററുനോക്കുവാൻ കഴിഞ്ഞില്ല.

ഖാൻ യാത്രപറഞ്ഞു പിരിഞ്ഞപ്പോഠ എൻെറ മനസ്സിൽ വല്ലാത്തൊരു വിഷാദഭാരം കടന്നുകൂടി. അഗ്നിബാധയുണ്ടായ ആ ദിവസം ഞാൻ അയാളെ കണക്കിലധികംശകാരിച്ചു. അതു വേണ്ടിയിരുന്നില്ലെന്നു് തോന്നി. പക്ഷെ, അയാഠക്കു് അടുത്തുതന്നെ പിരിയേണ്ട സമയമായി എന്നു് ഞാനറിഞ്ഞില്ല. എന്നാലും എന്നെക്കാഠ പ്രായാധിക്യമുള്ള ഒരാളാണെന്നെങ്കിലും ഞാൻ കരുതേണ്ടിയിരുന്നു. വല്ലാത്തൊരസ്വാസ്ഥത. നിമിഷങ്ങഠ നിശ്ചലങ്ങളായിരുന്നു. ഖാനെക്കുറിച്ചാലോചിക്കുംതോറും എന്റെ ഹൃദയാസ്വാസ്ഥ്യം കൂടിക്കൊണ്ടേയിരുന്നിരുന്നു. ഇവിടെ

നിന്നും വിട്ടുപിരിയുന്നതിൽ അയാൾക്കും മനോവേദനയുണ്ടാകയില്ലേ? സാധുമനുഷ്യൻ! അദ്ദേഹം ജീവിതസായാഹ്നത്തിലേക്കു കടക്കുകയാണ്. ഈ ജോലിയിൽ പ്രവേശിച്ചിട്ട് എത്ര വർഷങ്ങളായി കാണും. ആ കൈകൾ ബലിഷ്ഠങ്ങളായിരുന്നപ്പോൾ "വികൃതിക്കുട്ടിക്ക" ളായ യന്ത്രങ്ങൾ അയാളുടെ കല്പനകളെ അക്ഷരംപ്രതി അനുഷ്ഠിച്ചു. ഒരു കീടമായി അയാൾ തള്ളപ്പെടുകയാണ്. പാവം! ഞാനാണെങ്കിൽ—ആരുംതന്നെ—ഈ വേളകളിൽ കരഞ്ഞുപോകും.

അയാളും ഫാക്ടറിയിൽവന്നു. സാധാരണമട്ടിൽ ജോലിയും തുടങ്ങി. തൻെറ ജീവിതത്തിൽ പ്രത്യക്ഷമായ പരിവർത്തനമൊന്നും ഉണ്ടാകുന്നില്ലെന്ന ഒരു മട്ടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പക്ഷെ, വേദന ഹൃദയാന്തരാളത്തിൽ സൂചിയിറക്കുന്നുണ്ടായിരിക്കാം. അതിന്റെ കാലുഷ്യം മുഖത്ത് സ്ഫുരിക്കാതെ കഴിച്ചുകൂട്ടുകയുമായിരിക്കാം.

ഞാൻ അത്യത്ഭുതത്തോടെയാണ് വീക്ഷിച്ചത്, അയാളുടെ വേർപാടിൽ ആർക്കും വ്യസനമില്ല. ഒരാളെങ്കിലും അതിനെപ്പററി ഉച്ചരിക്കുന്നതുപോലും കേട്ടില്ല. ഭാവിജീവിതപരിപാടികളെന്തെന്ന് ആരും ആരാഞ്ഞിട്ടില്ല. ഹോ! മനുഷ്യനിത്രയേറെ കഠിനത നിറഞ്ഞ ഹൃദയമോ? ഉപയോഗശൂന്യമായ ഒരു യന്ത്രംപോലെ അയാളും നീക്കം ചെയ്യപ്പെടുവാൻ പോകുകയാണ്! ആർക്കും സങ്കടമില്ല.

അദ്ദേഹത്തെ സമീപിച്ച് ഇടറുന്ന കണ്ഠത്തിൽ ഞാൻ പറഞ്ഞു:—

"ഗുഡ്ബൈ, മി. ഖാൻ."

"ഗുഡ്ബൈ. വൈകുന്നേരം കാണുമല്ലോ."

"തീർച്ചയായും."

ഞങ്ങൾ അന്ന് അയൽക്കാരന്റെ ആതിഥ്യം സ്വീകരിക്കുവാൻപോയി—ആദ്യത്തേതും അവസാനത്തേതുമായ സൽക്കാരം. ഖാൻ ഞങ്ങളെ ആദരപൂർവ്വം ഉപചരിച്ചിരുത്തി. അവിടെയൊരു കുടുംബിനിയുണ്ടായിരിക്കുമെന്ന എന്റെ സങ്കല്പം വെറും വിഡ്ഢിത്തമായിരുന്നു. അല്പസമയം കാത്തിരുന്നതിനുശേഷം ഞാനാരാഞ്ഞു.

"മി. ഖാൻ. വേറെ ആരെയെല്ലാം ക്ഷണിച്ചിട്ടുണ്ട്."

"ആരെയുമില്ല."

"ആരേയും?"

"നിങ്ങളെയൊഴിച്ച് ആരേയുംതന്നെ ക്ഷണിച്ചിട്ടില്ല. എനിക്ക് വേണ്ടപ്പെട്ടവരാരുമില്ല."

"എന്നെയോ?"

"അല്പം സംസാരിക്കുവാനുണ്ട്."

വിഭവസമൃദ്ധമായ ഒരു പാർട്ടിക്കു വേണ്ടതെല്ലാം തന്നെ മി. ഖാൻ തയ്യാറാക്കിയിരുന്നു. അന്യോന്യമൊന്നും സംസാരിക്കാതെ ഞങ്ങൾ മൂവ്വരും സൽക്കാരത്തിൽ പങ്കെടുത്തു.

"നിങ്ങൾ വിവാഹിതനല്ലെ?"

"അതെ"

നിങ്ങളുടെ പത്നി……?"

"മരിച്ചുപോയി."

അല്പസമയത്തെ മൌനത്തിന്നശേഷം അദ്ദേഹം തുടന്നു:—

"നിങ്ങൾക്കെൻറ മകനോളമേ പ്രായമുള്ളു, അവൻ ജീവിച്ചിരുന്നെങ്കിൽ. എങ്കിലും, ഞാനൊരു ചരിത്രം പറയാം, കേൾക്കുു.

ജീവിതം ചിലക്ക് മധുരമായി തോന്നുന്നു. ചിലക്ക് കയ്പേറിയതും. രണ്ടാമത്തെക്കൂട്ടത്തിൽ പെട്ടവനാണ് ഞാൻ. ചിലർ ആത്മഹത്യചെയ്യാറുണ്ട്; ചിലർ മോക്ഷത്തിന്നു പിറകെയും അലയാറുണ്ട്. പക്ഷെ, ഞാനവയിലൊന്നും വിശ്വസിക്കുന്നില്ല. ഭീരുക്കളെന്നേ ഞാനവരെ വിളിക്കൂ. ജയിച്ചാലും തോററാലും, പൊരുതുകയെന്നതു് പടയാളിയുടെ മൌലികധമ്മമാണ്.

ഞാൻ ജനിച്ചപ്പോൾ അച്ഛനമ്മയും അങ്ങെയററം ആഹ്ലാദിച്ചിരിക്കും. ഞാൻ പിച്ചവെച്ചുതുടങ്ങിയപ്പോൾ അവരുടെ പ്രതീക്ഷകൾ വെള്ളിമേഘങ്ങളെ ചുംബിച്ചിരിക്കും. ഓമനത്വം നിറഞ്ഞ എൻെറ കൊഞ്ചലുകൾ അവർ നറുംതേൻപോലെ ആസ്വദിച്ചിരിക്കും. എനിക്കോമ്മവെച്ചതിന്നശേഷമുള്ള ആ കാലങ്ങളിലെ അനുഭവങ്ങൾ ഞാൻ ഇന്നും ഓക്കുകയാണ്. വാത്സല്യനിധികളായ അവർ എന്നെ താലോലിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്കൊരു ചുംബനം സമ്മാനിച്ചു് അമ്മ പറയും:—

"എൻെറ പുന്നാരക്കുട്ട മിടുക്കനാവണം."

ബാലപാഠങ്ങളിലെ പദ്യശകലങ്ങൾ ഹൃദിസ്ഥമാക്കി ഞാൻ അവയെ എൻേറതായ രാഗങ്ങളിൽ ചൊല്ലുമ്പോൾ അച്ഛൻ ചോദിക്കാറുണ്ട്.

“ഇജ്ജ് പാട്ടും പഠിച്ച്വോ?”

“ൻെറ പുന്നാരക്കുട്ടി ഒരു പാട്ടുകാരനാവും”

അമ്മയുടെ അഭിപ്രായമായിരുന്നു അത്ത്.

പക്ഷേ, ജീവിതകാലം അവക്ക്, ഹ്രസ്വമായിരുന്നു. അച്ഛൻ, അതിനു പിറകെ അമ്മ ബാല്യത്തിൽ തന്നെ ഞാനൊരനാഥനായി.

ഒരകന്ന ബന്ധു എന്നെയെടുത്തു വളർത്തി. പ്രതാപിയും പണക്കാരനുമായിരുന്നു അദ്ദേഹം. പിതൃനിർവ്വിശേഷമായ സ്നേഹം അദ്ദേഹമെന്നിൽ പകർന്നു. വിവാഹിതനായ അദ്ദേഹം ഒരോമനക്കുഞ്ഞിൻെറ അരുമമുഖത്ത് ഉമ്മവെയ്ക്കുവാൻ കാത്തിരുന്നു് നിരാശനായിത്തീർന്നിരിക്കുകയായിരുന്നു. ഇരുപതു വർഷങ്ങളോളം അദ്ദേഹം ആ പ്രതീക്ഷയുമായി കഴിഞ്ഞുകൂടി. പൂ വിരിയാത്ത ഒരു ലതയായി ആ ദാമ്പത്യജീവിതം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.

ധനികകുടുംബത്തിലെ ഒരു ബാലനുവേണ്ട കളിക്കോപ്പുകളെല്ലാം എനിക്കു വാങ്ങി. എന്നെ പരിചരിക്കുവാൻ പ്രത്യേകം ഒരു വേലക്കാരൻ; എനിക്കു വേണ്ടി പ്രത്യേകമായി സ്വാദേറിയ ഭക്ഷ്യപദാർത്ഥങ്ങൾ; ഞാൻ ആശിച്ചതെന്തും നിമിഷത്തിന്നിടയിൽ സാധിച്ചിരുന്നു. എന്തൊരു പരമാനന്ദം നിറഞ്ഞ ജീവിതം. എന്നാലും ഇടയ്ക്കിടയ്ക്ക് എൻെറ അച്ഛനേയും അമ്മയേയും കുറിച്ചോർക്കുമ്പോൾ ഹൃദയം വിങ്ങിത്തുടങ്ങും. കണ്ണുനീർ കവിളിണകളിലൂടെ ഒഴുകും. അപ്പോഴെല്ലാം അദ്ദേഹമെന്നെ കൂടുതൽ താലോലിക്കും. കൂടുതൽ തമാശ പറഞ്ഞു് പൊട്ടിച്ചിരിപ്പിക്കും.

വിദ്യാലയജീവിതം അവസാനിച്ചപ്പോൾ എനിക്കഭിരുചി തോന്നി, ഭാഷാപരമായി പഠിച്ച് എന്തെങ്കിലും ഉന്നതബിരുദം കരസ്ഥമാക്കണമെന്ന്. എന്റെ സാഹിത്യാഭിരുചിയായിരുന്നു അതിന്നു പ്രേരകമായത്. ഞാൻ ചില പദ്യശകലങ്ങൾ നിർമ്മിച്ചു. പ്രസിദ്ധീകരിച്ചു കാണുവാനുള്ള സഹജമായ അഭിവാഞ്ഛയോടെ അവയെ ചില പത്രങ്ങളിലേക്കയച്ചു. അവയൊന്നും പ്രസിദ്ധീകൃതങ്ങളായില്ല.

ഭാഷ ഐച്ഛികമായെടുത്ത് പഠനം തുടരുവാനുള്ള അഭിലാഷം ഞാനെന്റെ വളർത്തച്ഛനെ അറിയിച്ചു. അദ്ദേഹത്തിന്ന് അതു സ്വീകാര്യമായിരുന്നില്ല. ഭൗതികാവശ്യങ്ങളെ നിറവേറ്റുവാൻ സാഹിത്യാദിസുകുമാരകലകൾക്ക് കഴിയുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. തറവാടിക്കു ചേർന്നത് സർക്കാരുദ്യോഗങ്ങളും, അന്തസ്സും പ്രതാപവും പ്രദർശിപ്പിക്കുവാനുതകുന്ന ഉയർന്ന സ്ഥാനങ്ങളുമാണ്. കഥയെഴുത്തും കാവ്യരചനയും അവന്റെ അഭിമാനത്തിന്നും നിലയ്ക്കും യോജിച്ചതല്ല. അതുകൊണ്ടൊരു മേൽഗതിയും വരുവാനില്ല. ജീവിക്കുവാനാവശ്യം പണമാണ്. അതിന്നു സഹായകമാകുന്നത് സാങ്കേതികപരിജ്ഞാനമാണ്. ഇതെല്ലാം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളായിരുന്നു.

പണക്കാരനായ ഒരാൾ ധനാഗമത്തിനുള്ള മാർഗ്ഗങ്ങൾ സുഗമങ്ങളാകുമ്പോൾ അതിലൂടെ ലോകോൽക്കർഷം ദർശിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ചരിക്കുന്ന ഒരാൾ ഭക്തിയിലൂടെയും.

ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും വിപരീതമായി ഞാൻ ഒരു എൻജിനീയറിംഗ് വിദ്യാൎത്ഥിയായി. നൈസർഗ്ഗികമായ ചില വാസനകൾ നമുക്കെല്ലാവൎക്കുമുണ്ട്. അവയെ മുൻനിറുത്തി നമ്മുടെ ജീവിതം വാൎത്തെടുത്താൽ നമുക്കെളുപ്പ് ഉന്നതിയുടെ കൊടുമുടിയിലേക്കും കുതിച്ചു കയറാം. ആ യാഥാൎത്ഥ്യത്തെ വിസ്മരിച്ച് പലരും പ്രവൎത്തിക്കുന്നു. ജീവിതമങ്ങിനെ പരാജയത്തിൻെറ ഉപ്പുവെള്ളത്തിൽ കിടന്നു മുങ്ങിത്തുലയുന്നു.

എൻജിനീയറിംഗ് കോളേജിൽ വെച്ചും ഞാൻ കവിതയെഴുത്തു തുടൎന്നു വന്നു. അതിനുതകുന്ന ഒരന്തരീക്ഷമല്ല അതെന്ന് ഞാൻ വിചാരിക്കാതിരുന്നില്ല. വിഘ്നങ്ങളെത്തട്ടിയെറിഞ്ഞും മുൻപോട്ടു കുതിക്കുവാനുള്ള ഒരാവേശമായിരുന്നു അത്. നിരാശയുടെ മകുടം ചാൎത്തികൊണ്ട് ഞാനയച്ച കവിതകളെല്ലാം പ്രസിദ്ധപ്പെടുത്താതെ മടങ്ങിവന്നു. ഞാൻ എൻെറ പ്രവൎത്തനങ്ങൾ എന്നെന്നേക്കുമായി നിൎത്തിവെക്കുവാൻ തീരുമാനിച്ചു.

കഴിയുന്നത്ര ശ്രദ്ധയും പഠനത്തിൽ കേന്ദ്രീകരിക്കണം. ആ നിശ്ചയത്തോടെ പഠിപ്പും തുടങ്ങി. ഗണിതശാസ്ത്രവുമായി വിട്ടുവീഴ്ചകൂടാതെ പോരാട്ടം. ആ പോരാട്ടത്തിൽ എൻെറ കരുത്ത് സീമയററതായിരുന്നില്ല. ജന്മസിദ്ധമായ ഒരു വാസനയെ ചവിട്ടി മെതിച്ചുകളയുന്നതിലുള്ള വിഷമം—ഞാനങ്ങനെ വീണ്ടും കവിതയെഴുത്തുതുടങ്ങി.

ഞാൻ ഒരു എൻജിനീയറിംഗ്‌വിദ്യാൎത്ഥിയാണെന്ന പരമാൎത്ഥം എന്നെ വിഷമിപ്പിക്കുവാൻ തുടങ്ങി. ഒത്തശ്രദ്ധനായി എനിക്കു വളരെയേറെ പഠിക്കുവാനുണ്ട്.

തോററുപോയാൽ എല്ലാവരും തന്നെ എന്തുപറയും. കവിതയെഴുത്ത് കോളേജുപഠനത്തിന്നു ശേഷമാകാം. ഞാൻ വീണ്ടും സാഹിത്യത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുവാൻ ശ്രമിച്ചു.

അപ്പോഴും എൻെറ മനസ്സാക്ഷി മന്ത്രിക്കുന്നതു പോലെ തോന്നി:—"കലാസൃഷ്ടി ചെയ്യുവാനുള്ള അഭിവാഞ്ഛയെ ചവിട്ടി മെതിച്ചുകളയാമോ? അതൊരപൂർവ്വാനുഗ്രഹമാണ്.........."

എൻെറ ശ്രദ്ധയും കഴിവും ഒന്നിലും കേന്ദ്രീകൃതമാക്കുവാൻ കഴിഞ്ഞില്ല.

ദയനീയമായ മറെറാരനുഭവം. എൻെറ വളർത്തച്ഛൻ ഹൃദയസ്തംഭനംമൂലം മരിച്ചു. വസ്തുക്കളെല്ലാം കടക്കാർ ജപ്തിചെയ്തെടുത്തു. കുതിരപ്പന്തയത്തിന്നും പ്രൌഢിക്കും വേണ്ടി പണം ദുർവ്യയം ചെയ്തതിൻെറ ഫലം!!

ഞാൻ എൻജിനീയറിംഗ് കാളേജുവിട്ടു. ജീവിക്കുവാൻവേണ്ടി സമ്പാദിക്കേണ്ടതു് എൻെറയും കടമയായിത്തീർന്നു. പ്രത്യേകമായി യാതൊന്നിലും ഞാൻ കേമനല്ല. ഒരു കമ്പനിയിലെ അക്കൗണ്ട്സ് വിഭാഗത്തിൽ ഞാനൊരു ഗുമസ്തനായി.

ഞാൻ വിവാഹം ചെയ്തു. മാധുര്യം നിറഞ്ഞ ദാമ്പത്യം. സ്നേഹസ്വരൂപിണിയായ ഭാര്യ. വരണ്ടുകയറിയ എൻെറ ജീവിതത്തിലേയ്ക്കു് കുളൎമ്മയേറിയ ഒരു ഇളങ്കാററായിരുന്നു അതു്. എൻെറ ചിന്തകളെല്ലാം ഞാൻ പാടേ വിസ്മരിക്കും—നിമിഷനേരത്തേയ്ക്കെങ്കിലും. പക്ഷേ, രണ്ടു വൎഷങ്ങളോളമേ ആ പൂങ്കുയിൽ എൻെറ ജീവിതാ-

രാമത്തിൽ പാടിപ്പറന്നുള്ളു! എൻെറ ചൂടേറിയ നെടുവീർപ്പുകൾ ലോലമോഹനങ്ങളായ ആ പക്ഷങ്ങളെ കരിയിച്ചുകളഞ്ഞിരിക്കാം. ഓരോമനമകനെ എനിക്കു സമ്മാനിച്ചു് അവൾ യാത്ര പറഞ്ഞു.

അവൻെറ ഉൽക്കർഷം എൻെറ ജീവിതലക്ഷ്യമാക്കി സ്വീകരിക്കുവാൻ തീർച്ചയാക്കി. താരാട്ടുപാടിയുറക്കുമ്പോൾ ആ ചെഞ്ചുണ്ടുകൾക്കിടയിൽനിന്നും ഉതിർന്ന പുഞ്ചിരി എന്നെ വാനോളം ഉയർത്തും. അവനും അമ്മയോടായിരുന്നിരിക്കാം കൂടുതലിഷ്ടം. കാലചക്രത്തിൻെറ തിരിച്ചിലിന്നിടയിൽ അവൻ്റെ ജീവിതവും തകർന്നുപോയി.

ഞാൻ ഗുമസ്ഥൻ ജോലിയിൽ നിന്നും രാജിവെച്ചു. അക്കാലങ്ങളിൽ ഉണ്ടായ ആ ദുരന്തമരണങ്ങൾ എൻെറ ഹൃദയത്തെ മരവിപ്പിച്ചിരുന്നു. ജീവിതം എനിക്കു് ശൂന്യവും നിഷ്ഫലവുമായിത്തീർന്നു. എന്നാലും ജീവിക്കണം. ഞാൻ പറഞ്ഞില്ലേ:—ആത്മഹത്യയിലും മററും ഞാൻ വിശ്വസിക്കുന്നില്ലെന്നു്.

പലയിടത്തും ഞാൻ ജോലിനോക്കി. അഭിരുചിക്കൊത്ത വേല അലഭ്യമായിരുന്നു. സാഹിത്യപൂജയ്ക്കുള്ള അഭിലാഷം പോകുന്നിടത്തെല്ലാം എന്നെ പിന്തുടന്നു. പക്ഷെ, പരിചയമില്ല, പരിജ്ഞാനമില്ല. എൻെറ മസ്തിഷ്ക്കത്തിൽ വലിയൊരു ദ്വന്ദ്വയുദ്ധം നടക്കുന്നു—ജീവൽപ്രശ്നങ്ങളും, പരിപൂർണ്ണവളർച്ചയനുവദിക്കാതെ മുരടിച്ചതെങ്കിലും ഇന്നും ജീവനുള്ള ജന്മവാസനയും തമ്മിൽ.

പത്തുവർഷങ്ങൾക്കുമുൻപു് ഒരോപ്പറേറ്ററായി ഞാനിവിടെ വന്നുചേർന്നു. ഒരു ഓപ്പറേറ്ററായിത്തന്നെ ഇന്നും

പിരിയുന്നു. അതിലാരെയും കുററം പറയുന്നില്ല. കറങ്ങുന്ന യന്ത്രങ്ങൾ എൻെറ ജന്മസുഹൃത്തുക്കളല്ല. ഞാനവയെ സ്നേഹിക്കുന്നു—താല്ക്കാലികമായിട്ടുമാത്രം. അവയ്ക്കിടയിലുമിരുന്നു് കിനാവു കാണാറുണ്ടു്—ഞാനൊരു കവിയായിത്തീന്നിരുന്നെങ്കിൽ എന്നു്!

ഒരപൂൎവ്വസൃഷ്ടിയായിട്ടല്ല ഞാൻ ജനിച്ചതു്. പക്ഷെ, പിന്നീടങ്ങനെയൊക്കെ ആയിത്തീൻ. എനിക്കു് സുഹൃത്തുക്കളും വേണ്ടപ്പെട്ടവരുമില്ല. ഞാനാരുമായിട്ടും സമ്പക്കം പുലത്തുന്നില്ല. എനിക്കെൻേറതായ സങ്കല്പത്തിലൂടെ സ്വപ്നാടനം നടത്താം. ചിലപ്പോൾ ഞാനറിയാതെ ചില ഗാനശകലങ്ങൾ ഓമ്മയിലെത്തും—എൻേറതായ കാവ്യസൃഷ്ടികൾ! അവയെ ഉറക്കെ പാടുകയെന്നതു് ഒരാനന്ദമാണു്.''

“മി. ഖാൻ, നിങ്ങളിനി എങ്ങോട്ടു തിരിക്കുന്നു?''

“എവിടെക്കെങ്കിലും. ഇനിയും തീച്ചപ്പെടുത്തിയിട്ടില്ല.''

അടുത്തദിവസം അദ്ദേഹത്തെ യാത്രയയയ്ക്കുവാൻ ഞങ്ങൾ തീവണ്ടിയാഫീസിലേക്കു പോയി. ഒരുത്തമസുഹൃത്തിൻെറ വേർപാടിൽപോലും ഹൃദയം ഇത്രയുമധികം പിടയ്ക്കുമായിരുന്നില്ല. രണ്ടു കണ്ണീർകണങ്ങൾ അതിൻെറ ബാഹ്യചിഹ്നമായി അടന്നുവീണു.

---

# ഇത്തിക്കണ്ണികൾ

മൈതാനത്തിൽ പ്രസംഗം പൊടിപാറുകയാണു്. വമ്പിച്ചൊരു ജനാവലി അവിടെ തിങ്ങിക്കൂടിയിട്ടുണ്ടു്. ഒരു മൊട്ടുസൂചി വീണാൽപോലും കേൾക്കാവുന്നത്ര നിശ്ശബ്ദതയോടെയാണു് സദസ്യർ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്നതു്. ഇടയ്ക്കിടയ്ക്കു് റോഡിൽക്കൂടി അതിശീഘ്രം കുതിച്ചുപാഞ്ഞിരുന്ന മോട്ടാർവണ്ടികൾ "പേ പേ" എന്ന ശബ്ദം പുറപ്പെടുവിച്ചിരുന്നതിനെ അവരെല്ലാം മനസ്സാ ശപിച്ചിരുന്നിരിക്കണം. കുട്ടികളും യുവാക്കളും വൃദ്ധന്മാരും സമ്മേളിച്ചിരുന്ന ഒരു പൊതുയോഗമായിരുന്നു അതു്. സ്ത്രീകളുടെ സംഖ്യയും ഒട്ടും കുറവല്ല. അവരെയെല്ലാം അഭിമുഖീകരിച്ചു്, നിമ്നോന്നതമായ സ്വരത്തിൽ ആഹ്വാനംചെയ്യുന്ന ആ യുവാവിന്റെ ആവേശം നിറഞ്ഞ ശബ്ദം ഉച്ചഭാഷിണിയുടെ വൈബ്രേറ്ററിനെ പൊട്ടിച്ചേക്കുമെന്നു പോലും എനിക്കു തോന്നാതിരുന്നില്ല.

പൊതുയോഗം ഇന്നാട്ടുകാർക്കൊരു പുത്തരിയല്ല. അഖിലകൊച്ചിക്കാരും അഖില കേരളക്കാരും അഖിലേന്ത്യക്കാരും പ്രതിദിനമെന്നോണം ഇവിടെ പ്രസംഗം നടത്താറുണ്ടു്. ജോലിസമയം കഴിഞ്ഞു പുറത്തിറങ്ങിയാൽ കുറച്ചിട ഈ പ്രസംഗങ്ങളെല്ലാം കേട്ടുകൊണ്ടു് ഞാനും നിന്നു പോവുക പതിവാണു്.

ആ പുരുഷാരത്തിന്നരികിലേക്കു് ഞാൻ അതിവേഗം നടന്നെത്തി. ഞാൻ ഇഷ്ടപ്പെടുന്ന പ്രാസംഗികന്മാരിൽ

ആ യുവാവിന്നു് മുൻപന്തിതന്നെയാണുള്ളതു്. എത്ര വലിയ ജോലിത്തിരക്കുണ്ടെങ്കിലും അദ്ദേഹത്തിന്റെ പ്രസംഗമുണ്ടെന്നറിഞ്ഞാൽ എത്രയേറെ സമയമെങ്കിലും ഞാനവിടെ കാത്തുനില്ക്കാറുണ്ട്.

കറുത്തു്, ശോഷിച്ചശരീരം; അതിനെ ആവരണം ചെയ്യുന്ന ഒരു ഖദർമുണ്ടും ജൂബ്ബയും; അലസമായി പാറിക്കളിക്കുന്ന തലമുടി; പൊടിമീശ; മുകളിലെ ദന്തനിര അല്പമൊന്നു മുൻപോട്ടു തള്ളിനില്ക്കുന്നുണ്ടു്. അതിന്നൊത്തമദ്ധ്യത്തിലായി ചെറിയൊരു വിടവും കാണാം—ഇതാണു് അദ്ദേഹത്തിന്റെ ആകൃപ്പാടെയുള്ള പ്രകൃതി.

അതൊരു തൊഴിലാളിയോഗമായിരുന്നു. ജീവിക്കുവാനുള്ള വേതനം പോലും കിട്ടാതെ നരകിക്കുന്ന ഫാക്ടറി തൊഴിലാളികൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു പണിമുടക്കിനെ പററി പര്യാലോചിക്കുകയാണു്. ആ പണിമുടക്കിന്റെ വിജയത്തെപ്പററി എനിക്കു തീരെ സന്ദേഹമുണ്ടായിരുന്നില്ല. ആത്മാർത്ഥത നിറഞ്ഞ അദ്ദേഹത്തിന്റെ നേതൃത്വത്തിൻകീഴിൽ ഏതൊരു പണിമുടക്കും പരാജയപ്പെടുവാൻ പോകുന്നില്ല.

ഒരരമണിക്കൂർ കഴിഞ്ഞുകാണും; അപ്പോഴെയ്ക്കും ആ പ്രസംഗം അവസാനിക്കാറായി. തൊഴിലാളികൾ ഐക്യത്തോടെ സംഘടിച്ചു പൊരുതേണമെന്നും, വിശപ്പും പ്രാരബ്ധങ്ങളുമുള്ള ആ സഹോദരന്മാർ ഒത്തൊരുമിച്ചു് ദീർഘമായൊന്നുച്ഛ്വസിച്ചാൽ, അതിൽപെട്ടു് ഭരണസിംഹാസനവും നാടുവാഴി മുതലാളിത്തവും കിടുകിടെ വിറയ്ക്കുമെന്നും മററും ഉൽബോധിപ്പിച്ചു്, അവ

സാനം ഉപസംഹരിച്ചു:—"...അങ്ങിനെ, ഇന്നാട്ടിലെ തൊഴിലാളിയുടേയും കൃഷകൻെറയും ചോരകുടിച്ചു്, നിണത്തിൻെറ മണമറിഞ്ഞ ചെന്നായ്ക്കളെപ്പോലെ, വീണ്ടും വീണ്ടും അതിന്നവസരവും പാർത്തിരിക്കുന്ന ജന്മികളേയും മുതലാളികളേയും ഞാൻ താക്കീതു ചെയ്യുന്നു, ഇന്നല്ലെങ്കിൽ നാളെ, അവരവരുടെ കനത്ത പണസ്സഞ്ചിയും ഭേസി, നമ്മുടെ മുൻപിൽവെച്ചു്, മാപ്പപേക്ഷിച്ചു്, വീണു നമസ്കരിക്കുമെന്നു്."

അവിടമാകെ കരഘോഷത്താൽ മുഖരിതമായി. അദ്ദേഹം പ്രസംഗവേദിയിൽനിന്നും താഴെയിറങ്ങി. തുടൎന്നു്, പിന്നേയും പ്രസംഗങ്ങളുണ്ടായിരുന്നു, ലേബർ യൂണിയൻസിക്രട്ടറിയുടെയും തിരഞ്ഞെടുപ്പുകമ്മിറ്റിയിലെ മററു പ്രമുഖരായ അംഗങ്ങളുടേയും. പക്ഷെ, അതൊന്നും തന്നെ ആ സദസ്യരെ അത്രയേറെ മത്തുപിടിപ്പിച്ചില്ല.

സമയം ഏഴരമണി കഴിഞ്ഞു. ലോഡ്ജിൽപോയി ഒന്നു കുളിച്ചിട്ടു വേണം ഊണുകഴിക്കുവാൻ വീണ്ടും ഹോട്ടലിലേക്കു വരുവാൻ. ഞാൻ അതിവേഗം നടന്നു തുടങ്ങി. പട്ടണത്തിൻെറ ശബ്ദബഹുലമായ അന്തരീക്ഷത്തിൽ നിന്നും ഒഴിഞ്ഞുമാറേണമെന്ന ഉദ്ദേശത്തോടെ, മെയിൻറോഡിൽ നിന്നും ഒരര നാഴിക ഉള്ളിലോട്ടു മാറിയാണു് ഞാൻ താമസിച്ചിരുന്നതു്. തിരക്കുപിടിച്ച രാജപാത വിട്ടു് ഒരിടവഴിയിലൂടെ ഞാൻ നടന്നുതുടങ്ങി. ഇടയ്ക്കിടയ്ക്കു് മങ്ങിയ വെളിച്ചം വീശി തെരുവുവിളക്കുകൾ നിലകൊണ്ടിരുന്നു. ഇരുവശവുമുള്ള വീടുകളിൽ പ്രായാധിക്യംചെന്നവരും കുട്ടികളും സന്ധ്യാനാമജപം

നടത്തുന്നു. താഴ്ന്ന ക്ലാസിൽ പഠിക്കുന്ന ഒരു പൈതൽ തപ്പിപ്പിടിച്ചു് അന്നത്തെ ദിനപത്രം ഉച്ചത്തിൽവായിക്കുന്നുണ്ടു്. ആ ഇടവഴിയിലെ ജനസഞ്ചാരം മിക്കവാറും നിലച്ചുകഴിഞ്ഞു.

ഞാൻ നടത്തത്തിന്നു വേഗത കൂട്ടി. ഇടത്തോട്ടുള്ളൊരു തിരിവുകഴിഞ്ഞു് വീണ്ടും നടന്നുതുടങ്ങിയപ്പോൾ എന്നിൽനിന്നും ഏതാനും വാര അകലെയായി ഒരാൾ തിരക്കിട്ടു നടന്നുപോകുന്നതു് ആ മങ്ങിയ തെരുവുവെളിച്ചത്തിൽ എനിക്കു കാണുവാൻ കഴിഞ്ഞു. തെരുവിന്റെ വലത്തുഭാഗത്തുള്ള ഒരു മാളികയുടെ പൂമുഖത്തിൽനിന്നും റോഡിലേക്കു വീശിയിരുന്ന വൈദ്യുതപ്രകാശത്തിൽ എനിക്കാളെ തിരിച്ചറിയാൻ കഴിഞ്ഞു. ഞാനേററവുമധികം ബഹുമാനിക്കുന്ന ആ നേതാവുതന്നെയായിരുന്നു അതു്.

ആ ക്രൂരറൻ പടിവാതിൽ തുറന്നു് അദ്ദേഹം അങ്ങോട്ടു കയറിപ്പോയി.

ഇന്നാട്ടിലെ ഏററവും വലിയ ബസ്സുടമയുടെ പുതുതായി പണിതീർത്ത ഒരു മാളികയായിരുന്നു അതു്. അധുനാതനങ്ങളായ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിപണികഴിച്ച ആ ഹർമ്മ്യത്തിലേക്കു് അദ്ദേഹം താമസം മാററിയിട്ടു് അധികം നാളുകളായില്ല. യാത്രക്കാരുടെയും ബസ്സു് ചാർജ്ജിൻെറയും വർദ്ധനവു് ആ മനുഷ്യന്റെ മടിശ്ശീലയെ കണക്കില്ലാത്തവിധം തടിപ്പിച്ചിട്ടുണ്ടു്. ഇരുന്നൂറോളംപേർക്കു് മാസംപ്രതി വേതനം നൽകുന്ന അദ്ദേഹം അവരിൽനിന്നുമുണ്ടായ ഒരു പണിമുടക്കുഭീഷ

PIN ALECT Thiruvall TRAVANCORE

ണിയെ അണുപോലും കൂട്ടാക്കാതെ, പുറംനാട്ടിൽനിന്നും അത്രയും ജോലിക്കാരെ കൊണ്ടുവന്നു്, ഒരാഴ്ചക്കാലം മുടങ്ങാതെ സർവ്വീസുനടത്തിയതു് എല്ലാവർക്കും അറിവുള്ള താണു്. ആ പണിമുടക്കു പിൻവലിക്കുവാൻ അവർ നിർബന്ധിതരായി. പക്ഷെ അവരിൽ പലക്കും ജോലി യില്ലാതെ ഇന്നും അലയുകയാണു്.

മാന്യമായ എന്തെങ്കിലും ഒത്തുതീർപ്പിന്നാകാം— ഞാൻ മനസ്സിലോത്തു.

കുളിയും ഊണും കഴിഞ്ഞു് ഞാൻ വീണ്ടും ലോഡ്ജി ലെത്തിച്ചേന്നപ്പോൾ ഒമ്പതു മണി കഴിഞ്ഞിരുന്നു. എൻെറ ഉറ്റസുഹൃത്തായ ഷാരടി ഒരു ചാരുകസേരയിൽ ചടഞ്ഞിരുന്നു് അന്നത്തെ ദിനപത്രം വായിക്കുകയായി രുന്നു. മുറിയുടെ ഒരു മൂലയിൽ മടക്കിവെച്ചിരുന്ന കിടക്കയുടെ മുകളിൽ ചെന്നിരുന്നു് അന്നത്തെ പൊതു യോഗത്തേയും പ്രസംഗങ്ങളേയുംപറ്റി ഞാൻ അയാളോടു പറഞ്ഞുതുടങ്ങി.

പട്ടണത്തിലെ ഒരു പ്രമുഖ വ്യാപാരശാലയിലെ അസിസ്റ്റൻഡു് മാനേജരായ എൻെറ അവിവാഹിതനായ ആ കൂട്ടുകാരനു് പൊതുയോഗങ്ങളിലോ പ്രസംഗങ്ങളി ലോ—അവ എന്തുതന്നെയായാലും ശരി—വലിയതാല്പര്യ മുണ്ടായിരുന്നില്ല. ജോലിസമയം കഴിഞ്ഞാൽ നേരെ ലോഡ്ജിലേക്കു് എന്നുള്ളതാണു് മൂപ്പരുടെ മുറ. പക്ഷെ, ഏതു വിഷയത്തെക്കുറിച്ചും തനിക്കൊരഭിപ്രായമുണ്ടെ ന്നാണു് വെപ്പും.

എൻെറ ബോറടി സഹിക്കാഞ്ഞിട്ടാകാം, പത്രത്തിൽനിന്നും തലയുയർത്തി ഷാരടിപറഞ്ഞു:— "എനിക്കീ പൊതുയോഗങ്ങളിലും പ്രസംഗങ്ങളിലും വിശ്വാസമില്ലെന്നറിഞ്ഞുകൂടെ? താന്താങ്ങളുടെ കാര്യം നേടാൻ ഓരോരുത്തരും നോക്കും. ആത്മാർത്ഥത ഒരെണ്ണത്തിനെപ്പോലും തൊട്ടുതുളിച്ചിട്ടില്ല. കൈലാസം നന്നാവാൻ പ്രദോഷം നോല്ക്കാറുണ്ടോ? ആത്മാർത്ഥതയില്ലാത്ത നേതാക്കൾ നാട്ടിന്നും നാട്ടാർക്കും ദോഷകരമാണ്. അവർ സമുദായത്തിൻെറ **ഇത്തിക്കണ്ണികളാണ്.**"

ഈ ആരോപണം എനിക്കത്ര പിടിച്ചില്ല. ഒരു രാഷ്ട്രീയനേതാവിൻെറ പ്രശസ്തിയേറിയ ജീവിതം ചെറുപ്പംമുതല്ക്കേ കിനാവുകണ്ടിരുന്ന എനിക്ക്, സ്വന്തം കഴിവുകൊണ്ടും പരിശ്രമംകൊണ്ടും ആ സ്ഥാനം അലങ്കരിക്കുന്നവരുടെയെല്ലാം നേർക്ക് ഷാരടിയെറിഞ്ഞ കൊള്ളിവാക്കുകൾ തീരെ രസിച്ചില്ല. പട്ടിണിക്കാരന്ന് പാർപ്പിടവും ഉടുതുണിയും ചോറും കരസ്ഥമാക്കുവാൻവേണ്ടി പട പൊരുതുന്ന വ്യക്തികൾ ആത്മാർത്ഥത തൊട്ടുതുളിച്ചിട്ടു പോലുമില്ലാത്തവരാണെന്നു പറഞ്ഞ ഷാരടിയോടു ഞാനൊരു വാഗ്വാദത്തിന്നുതന്നെ തയ്യാറായി.

ഞാൻ തുടർന്നു:—"ഇപ്പറഞ്ഞതത്ര ശരിയല്ല. സ്വന്തം സുഖസൌകര്യങ്ങളെപ്പോലും പരിത്യജിച്ച് വെയിലിലും മഴയത്തും അലയുന്ന അവരെ ആത്മാർത്ഥതയല്ലെങ്കിൽ പിന്നെയെന്താണ് മുന്നോട്ടു നയിക്കുന്നതു്?"

"ആത്മാർത്ഥതപോലും! ആത്മാർത്ഥത........"

ഷാരടി പരിഹാസദ്യോതകമായി പൊട്ടിച്ചിരിച്ചു.

"നിങ്ങളുടെ അഭിപ്രായത്തിൽ ആരിലെങ്കിലും ആ സൽഗുണമുണ്ടോ?" ഞാൻ ആരാഞ്ഞു.

"ഉവ്വ്. രാഷ്ട്രപിതാവായ മഹാത്മജിയിൽ മാത്രം." അതായിരുന്നു ഷാരടിയുടെ ഉത്തരം.

"ശരിയായിരിക്കാം." ഞാൻ തുടൻ്നു:—"പക്ഷെ, ഞാൻ ഗാന്ധിജിയെ കാണുകയോ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കേൾക്കുകയോ ചെയ്തിട്ടില്ല. ഞാൻ നേരിട്ടു കണ്ടിട്ടുള്ളവരിൽവെച്ച് വാക്കിലും പ്രവൃത്തിയിലും ഏററവും അധികം ആത്മാർത്ഥത തുളുമ്പി കണ്ടിട്ടുള്ളതു് .........ലാണു്."

ഷാരടി അത്യുച്ചത്തിൽ പൊട്ടിച്ചിരിച്ചു. ചാരുകസേരയിൽ മലൻ്നുകിടന്നും എഴുന്നേററിരുന്നും അയാൾ ചിരിച്ചുകൊണ്ടേയിരുന്നു.

ഒരു പത്തു മിനിററിന്നുശേഷം എൻെറ സുഹൃത്തു് വീണ്ടും തുടൻ്നു:—"അയാളെ ഞാൻ ചെറുപ്പം മുതലെ അറിയും. ഞങ്ങൾ അയൽപക്കക്കാരാണു്."

പേരെടുത്തവരുടെ ജീവചരിത്രമറിവാനുള്ള എൻ്റെ സഹജമായ വാസന, ആ നേതാവിനെപ്പററിയുള്ള വിവരണങ്ങളിലേക്കും തിരിഞ്ഞു.

ഷാരടി തുടൻ്നു:—"വലിയ പണക്കാരൊന്നുമല്ല, എങ്കിലും കഷ്ടിച്ചു കഴിഞ്ഞുകൂടുവാനുള്ള നിവൃത്തിയുണ്ടു്. ചെറിയ ഒരുൾനാടൻ കൃഷിനിലവും ഒരു തെങ്ങിൻതോപ്പുമാണു് അവൎക്കു് പ്രധാനമായുള്ള വരുമാനമാൎഗ്ഗം. പിന്നെ, കേളുമേനോനു ചെറിയ ഒരു പെൻഷനുമുണ്ടു്. കേളുമേനോൻ അവിടുത്തെ കാരണവരാണു്. ഇപ്പോൾ

ഒരുപതിനോടടുത്തു കാണും. ഒരു ഹെഡ്കോൺസ്റ്റബിളായിരുന്നു. അന്നാണ് ഇപ്പോൾ കഴിഞ്ഞുകൂടുവാനുള്ള ഈ വകയെല്ലാം സമ്പാദിച്ചതും. കേളുമേനോന്റെ മരുമകനാണ് നിങ്ങളുടെ നേതാവ്."

ഈ നീണ്ട മുഖവുര എനിക്കു പിടിച്ചില്ല.

"ചെറുപ്പത്തിൽ അയാൾ മഹാമുടിയനായിരുന്നു. എനിക്കോർമ്മയുണ്ട്. ഞങ്ങളൊരുമിച്ചാണ് സ്കൂളിൽ പോയിരുന്നത്. ഇരുവരും ഒരേ ക്ലാസിലാണ് പഠിച്ചിരുന്നതും. തല്ലുകിട്ടാതെ ഒരൊറ്റ ദിവസമെങ്കിലും അയാൾ സ്കൂളിലേക്കു പോകുകയില്ല. പരീക്ഷയിലെങ്ങിനെയെങ്കിലുമൊക്കെ ജയിക്കും. പക്ഷേ; മൂന്നാംഫാറത്തിലെത്തിയപ്പോഴേക്കും അയാളിൽ പെട്ടെന്നൊരു മാററമുണ്ടായി. സദാസമയവും എന്തെങ്കിലുമൊക്കെ വായിച്ചുകൊണ്ടിരിക്കും. ആദ്യമൊക്കെ വായനയെന്നുവെച്ചാൽ കഴുത്തറക്കുന്നതിന്നു തുല്യമായിരുന്നു. "മിണ്ടാപ്പൂച്ച"യെപ്പോലെയിരുന്നിരുന്ന അയാൾ പെട്ടെന്നൊരുപരമവായാടിയായി; കുറേശ്ശേ ഫലിതവും. വിദ്യാർത്ഥിയോഗങ്ങളിൽ അയാൾ ശക്തിയുക്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കും. ആ പ്രസംഗങ്ങളെല്ലാം ഞങ്ങൾ കേട്ടുകൊണ്ടിരിക്കും. ഞങ്ങൾ കേൾക്കുകയോ കാണുകയോ ചെയ്തിട്ടില്ലാത്ത പുസ്തകങ്ങൾ പലതും അയാൾ വായിച്ചിട്ടുണ്ടായിരുന്നു. ആ പരിവർത്തനത്തെപ്പററി ഞാനിന്നും അത്ഭുതപ്പെട്ടുകയാണ്.

"ഒരിക്കൽ കേളുമേനോൻ വീട്ടിലെത്തിച്ചേന്നപ്പോൾ, അയാൾ വായിച്ചിരുന്നതു് ഗാന്ധിജിയുടെ "സത്യാന്വേഷണപരീക്ഷകൾ" ആയിരുന്നു. സക്കാർ

വേതനം വാങ്ങുന്ന ഒരു പോലീസ് ഹെഡ് കാൺസ്റ്റബിൾ—അയാളുടെ അനന്തിരവൻ ഒരു രാഷ്ട്രീയനേതാവിൻെറ പുസ്തകം വായിക്കുക! വലിയ പഠിപ്പൊന്നുമില്ലാതിരുന്ന കേളുമേനോന്ന് ഇതത്ര പിടിച്ചില്ല. അദ്ദേഹം മരുമകനെ ഒരുപാടു ശകാരിച്ചു; പ്രഹരിച്ചു. ആ ശിക്ഷകൾക്കുള്ള മുഖ്യകാരണം "സത്യാന്വേഷണപരീക്ഷകൾ" മാത്രം ആയിരുന്നില്ല. അയാളുടെ പ്രവൃത്തികളേയും വിദ്യാർത്ഥിയോഗങ്ങളിലെ 'തലതിരിഞ്ഞ' പ്രസംഗങ്ങളേയും പററിയുള്ള റിപ്പോർട്ടുകൾ അടിയ്ക്കടി കേളുമേനോന്ന് കിട്ടിക്കൊണ്ടിരുന്നുവത്രെ! നാട്ടിൻപുറത്തുകാർക്ക് പോലീസ് ഹെഡ് കാൺസ്റ്റബിൾ വലിയൊരാളാണ്. പ്രത്യേകിച്ചും, പോലീസിൻെറ ലാത്തിക്കു കീഴിൽ നാട്ടാരുടെ വികാരങ്ങളും വിചാരങ്ങളും നിയന്ത്രിക്കപ്പെട്ടിരുന്ന അക്കാലത്ത്. രക്ഷിതാക്കളുടെ സഖ്യം തേടുവാൻ തരം നോക്കിക്കൊണ്ടിരുന്നിരുന്ന ഞങ്ങളുടെ ഒരദ്ധ്യാപകൻ ഈവക റിപ്പോർട്ടുകളെയാണ് അതിന്നുള്ളൊരുപാധിയായി സ്വീകരിച്ചിരുന്നത്. അതിൻെറയെല്ലാം പരിണതഫലമായിരുന്നു അന്നത്തെ ചൂരൽപ്രയോഗം.

അമ്മാമൻെറ ദൃഷ്ടിയിൽ പെടാതെതന്നെ, 'വിലക്കപ്പെട്ട' പുസ്തകങ്ങൾ അയാൾ പിന്നെയും വായന തുടൎന്നു. അങ്ങിനെ ഞങ്ങളോടുള്ള അയാളുടെ പ്രസംഗങ്ങൾ രാഷ്ട്രീയമായ രൂപം കൈക്കൊണ്ടു.

ഇൻഡ്യയുടെ രാഷ്ട്രീയമണ്ഡലത്തിൽ അത്യുഗ്രമായ ആ കൊടുങ്കാററു വീശിയത് ഞങ്ങൾ പത്താംക്ലാസ്സിൽ പഠിക്കുമ്പോഴാണ്. "ക്വിറ്റ് ഇന്ത്യാ"മുറവിളി നാട്ടിൻെറ

ഓണാംകേറാമൂലകളിൽനിന്നുപോലും ഉയർന്നുകൊണ്ടിരുന്നു. അതിന്റെ മാറ്റൊലി ഞങ്ങളുടെ വിദ്യാലയത്തിലേക്കും എത്തിച്ചേർന്നു. ഞങ്ങൾ പഠിപ്പുമുടക്കം നടത്തി. വീരോട്ടുകൂടി അതിന്റെ നേതൃത്വം ഏറ്റെടുത്തതും അയാൾ തന്നെയായിരുന്നു. രണ്ടുമൂന്നു ദിവസങ്ങളോളം ഞങ്ങളുടെ പഠിപ്പുമുടക്ക് നീണ്ടുനിന്നു. അതിന്റെ നേതാക്കളായ രണ്ടുമൂന്നുപേരെ വിദ്യാലയത്തിൽനിന്നും പുറത്താക്കുകയുംചെയ്തു. അതിൽ ആദ്യത്തെ പേർ അയാളുടേതായിരുന്നു.

ദൂരെയെവിടെയോ ഡ്യൂട്ടിക്കുപോയിരുന്ന മാതുലൻ ഒരാഴ്ചകഴിഞ്ഞു തിരിച്ചെത്തിയപ്പോഴേ ഇക്കഥയെല്ലാം അറിഞ്ഞുള്ളു. ഒരു പോലീസുകാരന്റെ രൌദ്രതയോടുകൂടിത്തന്നെ അദ്ദേഹം ആ കുററവാളിയെ ശിക്ഷിച്ചു. ആ പടിവാതിൽ അയാൾക്കു പിറകിൽ എന്നെന്നേക്കുമായി അടയുകയും ചെയ്തു. സ്വന്തം ചോറിൽ മണ്ണേറിയുന്ന ആ രാജദ്രോഹിയെ അദ്ദേഹത്തിന്നാവശ്യമില്ല. അയാളിന്നോവരെ അങ്ങോട്ടുതിരിഞ്ഞുനോക്കിയിട്ടില്ലെന്നാണു് എന്റെ അറിവു്. കേളുമേനോൻ ഇന്നും ഒരു സിംഹത്തെപ്പോലെ അയാൾക്കു നേരേ ഗജ്ജിക്കും.

വിശാലമായ ലോകത്തിലേക്കു് അകാലത്തിൽ എറിയപ്പെട്ട ആ യുവാവു് തന്റെ ഭാവിപ്രവത്തനങ്ങൾക്കായി തെരഞ്ഞെടുത്തതു് ഏഴെട്ടുനാഴിക അകലെയുള്ള ഒരു ഗ്രാമമായിരുന്നു. ചെറിയ ഒരു കമ്പനിയിലെ തൊഴിലാളികളെ സംഘടിപ്പിച്ചു് അയാളൊരു പണിമുടക്കു സമരം നടത്തി. ലാത്തിയും തോക്കും ആ ഗ്രാമത്തിന്റെ

പ്രശാന്തതയെ ഭംഗപ്പെടുത്തി. അയാൾ അറസ്ററു ചെയ്യപ്പെട്ടു. പത്രങ്ങൾ അയാളെക്കുറിച്ചെഴുതി.

രാഷ്ട്രീയപ്രവത്തകരുടെ ലിസ്റ്റിൽ മാന്യമായ ഒരു സ്ഥാനം സമ്പാദിച്ച് എൻെറ കൂട്ടുകാരൻ ഒരുകൊല്ലം കഴിഞ്ഞാണ് ജയിലിൽനിന്നും തിരിച്ചെത്തിയതു്. അയാൾ എത്താത്ത പൊതുയോഗങ്ങളോ ക്ഷണിക്കപ്പെടാത്ത രാഷ്ട്രീയപരിപാടികളോ ഇല്ലെന്ന മട്ടായി. ഒഴുക്കും പ്രൌഢിയുമുള്ള ആ പ്രസംഗശൈലിക്കു് ആരേയും പിടിച്ചുനിറുത്തുവാനുള്ള കഴിവുണ്ടു്. വെള്ളപ്പൊക്കംപോലെ അയാളുടെ പ്രശസ്തി അനുദിനം ഏറുകൊണ്ടേയിരുന്നു. അയാൾ രണ്ടുവട്ടം വീണ്ടും ജയിൽജീവിതം നയിച്ചു.

ഇൻഡ്യ സ്വാതന്ത്ര്യത്തിൻെറ പൊൻപുലരികണ്ടു. പക്ഷെ, അഭിപ്രായവ്യത്യാസങ്ങൾനിമിത്തം അയാൾ രണ്ടുമൂന്നു പാർട്ടികൾ തരണംചെയ്തുകഴിഞ്ഞിരുന്നു. ഇന്നയാൾ ഏതോ ഒരു തൊഴിലാളിപ്പാർട്ടിയുടെ നേതാവാണു്."

* * * * *

ഇതെല്ലാം രണ്ടു വർഷങ്ങൾക്കുമുൻപു നടന്നതാണു്. അതിന്നിടയ്ക്കു് എൻെറ ജീവിതത്തിൽ വന്ന ഒരേയൊരു വ്യതിയാനം ഞാൻ പുതിയൊരുദ്യോഗം അന്വേഷിച്ച് പശ്ചിമഘട്ടത്തിന്നപ്പുറം കടന്നു എന്നതാണു്.

ഒരു കുഗ്രാമത്തിലേതിനേക്കാൾ കഷ്ടമാണു് ഇവിടത്തെ ജീവിതം. ഞാൻ ജോലിയെടുക്കുന്ന ആ ക്രറ്റൻ ഫാക്റ്ററിയൊഴിച്ചാൽ ഇവിടെ മററൊന്നുംതന്നെയില്ല. തമാശ പറയുവാനോ, നേരംപോക്കുവാനോ കൂട്ടുകാരോ

ഇടമോ ഇല്ല. ശൂന്യമായ—വയറിന്മേൽ മുന്നോട്ടിഴയുന്ന—ജീവിതം.

അന്നൊരു തിങ്കളാഴ്ചയായിരുന്നു. അഞ്ചു മണിക്കശേഷം മുറിക്കകത്തു് ചാരുകസേരയിൽ കിടന്നു് ഞാനെന്തെല്ലാമോ സ്വപ്നം കാണുകയായിരുന്നു. വലിയൊരു മഴ പെയ്തു് അല്പമൊന്നു തോന്നിട്ടേയുള്ളു. ആരോ മുറിയുടെ വാതിൽക്കൽ മുട്ടി. ഞാൻ പിടഞ്ഞെഴുന്നേററു് വാതിൽ തുറന്നു. എനിക്കെൻെറ കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. കുറെയെല്ലാം നനഞ്ഞ വേഷവുമായി എൻെറ മുമ്പിൽ ആ യുവാവും അപരിചിതയായ ഒരു സ്ത്രീയും നിൽക്കുന്നു. അദ്ദേഹമൊന്നു് പുഞ്ചിരിച്ചു. അതോടൊപ്പം ആ സ്ത്രീയും. അവക്ക രണ്ടുപേക്കും ഇരിപ്പിടം കൊടുത്തു് ഞാൻതന്നെ സംഭാഷണമാരംഭിച്ചു.

"താങ്കളിപ്പോൾ എവിടന്നു വരുന്നു?"

അദ്ദേഹമെഴുന്നേററു്, മുറിയുടെ തുറന്നുകിടന്നിരുന്ന വാതിലടച്ചു്, വീണ്ടും പൂവ്സ്ഥാനത്തു വന്നിരുന്നുകൊണ്ടു് പറഞ്ഞു:—

"ഒരറസ്ററുവാറണ്ടു് ഞങ്ങളിരുവരേയും അന്വേഷിച്ചു നടക്കുകയാണു്."

"ഇവർ.........?" ഞാൻ ആരാഞ്ഞു.

"സംഘടനയുടെ ജനറൽസിക്രട്ടറിയാണു്. ഒരു പണിമുടക്കിന്നു് നേതൃത്വം നൽകിയെന്നതിൻെറപേരിൽ ഞങ്ങളെ അറസ്ററുചെയ്യുവാൻ വാറണ്ടു പുറപ്പെട്ടുവച്ചിരിക്കുകയാണു്."

അദ്ദേഹം തുടന്നു:—

"നഗരത്തിലെ അലറുന്ന ആ യന്ത്രശാലകളെല്ലാം ഉറങ്ങിക്കിടക്കുകയാണു്. മുതലാളികൾ വെപ്രാളം കൊള്ളുകയാണു്. പോലീസുകാരുടെ വാൻ നഗരവീഥികളിൽ ചുററിത്തിരിയുകയാണു്. പൊതുയോഗങ്ങളും ഘോഷയാത്രകളും നിരോധിക്കപ്പെട്ടിരിക്കുന്നു. ഇന്നലെമുതൽ തൊഴിലാളികൾ അവരുടെ മനുഷ്യാവകാശത്തിന്നുവേണ്ടിയുള്ള സമരം തുടങ്ങിക്കഴിഞ്ഞു."

എൻെറ ജിജ്ഞാസ പുറത്തുചാടി. ഞാൻ ചോദിച്ചു:—ഒരു സംശയം തീർത്തുകൊള്ളട്ടെ. ഈ രാഷ്ട്രീയജീവിതത്തിൽ താങ്കൾ രണ്ടുമൂന്നു പാർട്ടികൾ മാറിക്കഴിഞ്ഞിട്ടില്ലെ, അതിനെന്താണു് കാരണം?"

"സുചിന്തിതമായ അഭിപ്രായങ്ങൾ അവിടെ വിലപ്പോകാത്തതുകൊണ്ടു്. അവിടെയെല്ലാം പിന്തിരിപ്പൻ ശക്തികൾ നുഴഞ്ഞുകയറി. എല്ലാവക്കും നയിക്കുവാനാണു് മോഹം; നയിക്കപ്പെടുവാൻ ആരുമില്ല."

"ആ പിന്തിരിപ്പന്മാരെ തുരത്തി സംഘടനയെ ശുദ്ധീകരിക്കുകയായിരുന്നില്ലെ വേണ്ടിയിരുന്നതു്?"

"അതസാദ്ധ്യമെന്നു കണ്ടുതുടങ്ങിയപ്പോഴാണു് ഞാനവരിൽനിന്നും തെററിപ്പിരിഞ്ഞതു്."

ഞങ്ങൾ പിന്നെയും കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു.

അവർ പോകുവാനൊരുങ്ങി. ഹാൻബാഗിൽനിന്നും ഒരു രശീതി പുസ്തകമെടുത്തു് എൻെറ നേരേ നീട്ടിക്കൊണ്ടു് അദ്ദേഹം തുടന്നു:—

"ഈ അജ്ഞാതവാസത്തിന്നിടയിൽ പണിമുടക്കു ഫണ്ടിലേക്കുള്ള പണവും ഞങ്ങൾ സംഭാവനയായി പിരിക്കുവാൻ ശ്രമിക്കുകയാണു്. താങ്കൾക്കു് ഇഷ്ടമുള്ളതു് ഇതിലെഴുതാം."

ഞാൻ അഞ്ചുരൂപ്പിക എന്റെ സംഭാവനയായി കൊടുത്തു. അതു് ആ യുവാവിനോടുള്ള ബഹുമാനത്തിന്റെ പേരിലായിരുന്നു. നന്ദിപൂർവ്വം യാത്രപറഞ്ഞു് അവരിരുവരും പിരിഞ്ഞു.

ഞാൻ കുറെ സമയം വീണ്ടും ആലോചനയിലാണ്ടു കിടന്നു. ആ യുവാവിനെ കുറിച്ചു്, സേവനോൽസുകമായ ആ ജീവിതത്തെക്കുറിച്ചു്, യാതനാപ്രതിഫലത്തിനോ, അധികാരലബ്ധിക്കോ കാത്തുനില്ക്കാതെ, സമത്വസുന്ദരമായ ഒരു ഭാവിക്കുവേണ്ടി പടപൊരുതുന്ന ആ യുവാവിൽ ആത്മശുദ്ധിയും അഭിപ്രായധീരതയും അവയുടെ പരമകാഷ്ഠയിൽ നിഴലിക്കുന്നതായി എനിക്കു തോന്നി. സേവനശീലത്തിന്നു മുമ്പിൽ, വെയിലും മഴയും സുഖസൌകര്യങ്ങളും വഴിമുടക്കികളാകാറില്ല. ഞാൻ പിന്നെയും എന്തൊക്കെയോ ഓർത്തുകൊണ്ടിരുന്നു.

അടുത്ത ദിവസമാണു് എനിക്കു ഷാരടിയുടെ ഒരു കത്തു കിട്ടിയതു്. അതെന്നെ വല്ലാതെ വേദനിപ്പിച്ചു. എന്റെ സ്നേഹിതൻ തുടരുകയാണു്:—

സുഹൃത്തേ,

........ഈ കത്തു് കണക്കിലേറെ നീണ്ടുപോകുകയാണു്. എങ്കിലും നിങ്ങളെ സംബന്ധിച്ചിടത്തോളം അതിപ്രാധാന്യമർഹിക്കുന്ന ഒരു സംഗതി എനിക്കറിയിക്കുവാനുണ്ടു്.

ഈ പട്ടണത്തിൽ രസകരമായ ഒരു കേസ് ഉത്ഭവിച്ചിരിക്കുന്നു. ഈ ലേഡിന്റെ തെക്കേപ്പുരയിൽ ഒരു മാതാവും അവരുടെ മകളും മകനുമായിരുന്നു താമസം. കഴിച്ചിലിന്നു് വലിയ തരക്കേടൊന്നുമില്ല. പിന്നെ, മകന്നു് ഒരു പെട്രോൾബങ്കിലാണു് ജോലിയും. അതിരാവിലെ പോയാൽപിന്നെ, നാലഞ്ചുനാഴിക രാച്ചെന്നേ അയാൾ വീട്ടിലെത്തുകയുള്ളൂ.

സരോജം കണ്ടാൽ തരക്കേടൊന്നുമില്ലാത്ത ഒരു പെൺകുട്ടിയാണു്. വയസ്സു് പതിനേഴിനോടടുത്തുകാണും. വെളുത്ത ശരീരം. സ്കൂൾഫൈനൽവരെ വായിച്ചിട്ടുണ്ടു്.

ഒരാഴ്ചയായി അവളെ വീട്ടിൽനിന്നും കാണാതായിരിക്കുന്നു. അന്നുമുഴുവനും തിരഞ്ഞു നടന്നു് അവസാനം വിവരം പോലീസിൽ അറിയിച്ചിട്ടുണ്ടു്.

ആഫീസിലെ 'കിഴവൻ' ഗോപാലൻനായർ അതിനെപ്പററി വിശദമായ ഒരു വിവരണം നൽകുകയുണ്ടായി. 'കിഴവന്റെ' അഭിപ്രായത്തിൽ, സരോജവും നിങ്ങളുടെ നേതാവും തമ്മിൽ വലിയ വേഴ്ചയിലായിരുന്നുവത്രെ. തള്ളയ്ക്കു് അയാളെ വലിയ കാര്യവുമാണു്. അങ്ങനെ വിവാഹാലോചന പുറത്തുവന്നു. സരോജത്തിന്റെ ജ്യേഷ്ഠൻ അന്നേവരെ ഈ വിവരം മനസ്സിലാക്കുകയോ, അമ്മ പറകയോ ചെയ്തിരുന്നില്ല. വത്തമാനമറിഞ്ഞപ്പോൾ, ഒരു സംഹാരരുദ്രനെപ്പോലെ അയാൾ അമ്മയുടേയും മകളുടേയും നേരേ ചാടി. പകൽ മുഴുവൻ രാഷ്ട്രീയപ്രവത്തനത്തിന്റെപേരിൽ ചുററിത്തിരിഞ്ഞു്, രാത്രിമുഴുവൻ വേശ്യാലയത്തിൽ കഴിച്ചുകൂട്ടുന്ന അയാളെ മേലാൽ ആ പടി

കയററിയിട്ടുണ്ടെങ്കിൽ അതിൻെറ ഫലം മറെറാന്നായിരിക്കുമെന്ന് അവക്ക് മുന്നറിയിപ്പുകൊടുത്തു.

പക്ഷെ, സരോജത്തിൽ ഊന്നിയിരുന്ന 'പ്രണയം' അതുകൊണ്ടൊന്നും മാറിയില്ല. അടുത്തദിവസം അവൾ കാമുകനൊത്ത് എങ്ങോ പൊയ്ക്കളഞ്ഞു.

ഈ വിവരങ്ങളെല്ലാം അവളുടെ ജ്യേഷ്ഠൻ പോലീസിൽ മൊഴി കൊടുത്തിട്ടുണ്ടത്രെ.

അതോടൊപ്പം മറെറാന്നും. അടുത്താഴ്ച ഇവിടുത്തെ നെയ്ത്തുകമ്പനിയിൽ ഒരു വലിയ പണിമുടക്കു നടത്തുവാൻ തീർച്ചപ്പെടുത്തിയിരുന്നു. പണിമുടക്കഫണ്ടിലേക്കു പിരിച്ച എഴുന്നൂറോളം ഉറുപ്പികയുംകൊണ്ടാണ് നേതാവു് സ്ഥലം വിട്ടിട്ടുള്ളതു്. പോലീസന്വേഷണത്തിൽ, അയാളുടെ പേരിൽ മൂവ്വായിരത്തി അഞ്ഞൂറോളം ഉറുപ്പിക തങ്ങളുടെ പക്കൽ സ്വകാര്യനിക്ഷേപമുണ്ടെന്ന് ഇവിടുത്തെ ഒരു പ്രധാനപ്പെട്ട ബാങ്കുകാർ മൊഴികൊടുത്തിരിക്കുന്നു.

*   *   *   *   *   *

മാസങ്ങൾ പലതും കഴിഞ്ഞു. അയാളിനിയും മടങ്ങിച്ചെന്നിട്ടില്ല. ഞാനിന്നും ഓർത്തുപോകാറുണ്ട്:—"ആത്മാർത്ഥതയില്ലാത്ത നേതാക്കൾ നാട്ടിന്നും നാട്ടാൾക്കും ദോഷകരമാണ്."

# കപ്പിയാർ

[സോമർസെററ് മോഘിൻെറ ഇംഗ്ലീഷ് കഥയുടെ പരിഭാഷ.]

അന്നുച്ചയ്ക്കുശേഷം സെൻറ് പീറ്റേഴ്സ് പള്ളിയിൽ ഒരു 'മാമൂദീസ' നടന്നു. ആൽബർട്ട് എഡ്വേർഡ് ഫോർമൻ—അയാളവിടത്തെ കപ്പിയാരായിരുന്നു—ഇനിയും തൻെറ ഗൌൺ അഴിച്ചുവച്ചിട്ടില്ല. ഏറ്റവും പഴക്കം വന്ന ഒരു രണ്ടാംതരം ഗൌൺ ആയിരുന്നു അയാളപ്പോൾ ധരിച്ചിരുന്നതു്. പുത്തനായ ഒരു ഗൌൺ അയാളുടെ കൈവശമുണ്ടു്. അലക്കിത്തേച്ചു്, ചുളിവുകൾ വീഴാതെ, അയാളതു ഭദ്രമായി പെട്ടിയിൽ സൂക്ഷിച്ചുവച്ചിരിക്കുകയാണു്. അതിന്നിനിയും പുറത്തേക്കു വരണമെങ്കിൽ പള്ളിയിൽ വല്ല വിശേഷാടിയന്തിരങ്ങളും വരണം. ആ വേളകൾക്കുവേണ്ടി അയാളതു സൂക്ഷിച്ചുവെച്ചിരിക്കുകയാണ്. പതിനാറു കൊല്ലങ്ങളോളം അയാളിതേപള്ളിയിൽ കപ്പിയാരായി കഴിഞ്ഞുകൂടി. ഇതിന്നിടക്കു് എത്രയെത്ര ഗൌൺ അയാളുടെ കൈവശം വന്നുചേർന്നിട്ടുണ്ടു്! പഴകിപ്പോയാൽ വലിച്ചെറിഞ്ഞുകളയാതെ അവയെല്ലാം അയാളിന്നും സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.

അവിടെ കിടന്നിരുന്ന മേശയുടെമേൽ വിരിപ്പൊന്നു ശരിപ്പെടുത്തി, അങ്ങിങ്ങു കിടന്നിരുന്ന കസാലകളെല്ലാം യഥാസ്ഥാനങ്ങളിൽ കൊണ്ടിട്ടു്, അയാൾ വികാരിയച്ചനേയും കാത്തുനില്പായി. അദ്ദേഹം വന്നുപോയാൽ, അവിടമെല്ലാം അടിച്ചുവൃത്തിയാക്കി അയാൾക്കും വീട്ടിലേക്കു പോകാം.

ഏതോ ചിന്തയിൽ ലയിച്ച് വികാരി ആ പള്ളിയുടെ കവാടത്തിന്നരികിൽ ഉലാത്തുകയായിരുന്നു.

അദ്ദേഹം പള്ളിയിലേക്ക് പുതുതായി മാററം കിട്ടി വന്നിട്ട് അധികം നാളുകളായിട്ടില്ല. ചുട്ടത്ത കവിളും, വെളുത്ത് മാർദ്ദവമേറിയ ശരീരപ്രകൃതിയും. പ്രായം നാല്പതിനോടടുത്തു കഴിഞ്ഞു. അദ്ദേഹത്തിൻെറ മുൻഗാമിയെക്കുറിച്ച് ആൽബർട്ട് ഇന്നും ചിന്തിക്കാറുണ്ട്. എത്ര നല്ലൊരച്ചനായിരുന്നു. ഭക്തിരസം സ്ഫുരിക്കുന്ന ശബ്ദത്തിൽ വേദോപദേശം ചെയ്യും. പള്ളി ഇടവകയിൽപ്പെട്ട കുലീനരോടൊപ്പം ഭക്ഷണം കഴിക്കും. പള്ളിക്കാര്യങ്ങളെ സംബന്ധിച്ചാണെങ്കിൽ, മുൻനടപ്പുകളിൽനിന്നും അണുപോലും മാററം വരുത്തേണമെന്ന് അദ്ദേഹം ആഗ്രഹിച്ചില്ല. ഈ പുതിയ അച്ചൻ അത്തരത്തിലൊന്നുമല്ല. ചെമ്പുകാശുവരെ കൃത്യമായ് കണക്കു ബോധിപ്പിക്കണം.

"കാച്ചുകഴിഞ്ഞാൽ പിന്നെ എല്ലാം പഠിച്ചുകൊള്ളും" അയാൾ സ്വയം സമാധാനിക്കും.

വികാരി ആൽബെട്ടിന്നടുക്കലേക്ക് പതുക്കെ നടന്നു. വലിയ ഉച്ചത്തിലല്ലാതെ അദ്ദേഹം വിളിച്ചു പറഞ്ഞു:—

"ഫോർമൻ, മുറിയിലോളമൊന്നുവരൂ. ചിലതു സംസാരിക്കുവാനുണ്ട്."

ആൽബർട്ട് അദ്ദേഹത്തിന്നടുക്കലെത്തി. അവരിരുവരുംകൂടി വികാരിയുടെ മുറിയിലേക്കു പോയി.

"ഇന്നത്തെ കർമ്മമെല്ലാം വളരെ ഭംഗിയായി. അച്ചൻ കയ്യിലെടുത്തതിൽപിന്നെ ആ കുട്ടി കരഞ്ഞിട്ടില്ല."

ഒരു പെരുപുഞ്ചിരിയോടുകൂടി വികാരി ആ അഭിനന്ദനത്തിന്നു് മറുപടി പറഞ്ഞു.

"ഞാൻ അതു പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ടു്. അതിനുള്ള പരിചയവും എനിക്കുണ്ടു്."

പൊട്ടിക്കരയുന്ന ഒരു കുട്ടിയെ ക്ഷണനേരംകൊണ്ടു് നിശ്ശബ്ദമാക്കുവാനുള്ള കഴിവു് ആ വികാരിക്കുണ്ടു്. വൈദികവേഷമണിഞ്ഞ കൈത്തണ്ടുകളിൽ കിടത്തി അദ്ദേഹം കുട്ടികളെ രസിപ്പിക്കുന്നതിന്നു നേരേ അമ്മമാരും 'ആയ' മാരും കോരുത്തുവിട്ട അഭിനന്ദനങ്ങൾ അദ്ദേഹം ചെവിക്കൊള്ളാതെയുമിരുന്നിട്ടില്ല. ആ പാടവത്തെപ്പറ്റി പുകഴ്ത്തിപറഞ്ഞാൽ അതദ്ദേഹത്തിന്നു് ഇഷ്ടമാണെന്നു് ആൽബർട്ടിന്നും അറിയാമായിരുന്നു.

അവർ മുറിയിൽ പ്രവേശിച്ചപ്പോൾ, അവിടെ രണ്ടു ജനറാളച്ചന്മാർകൂടിയുണ്ടായിരുന്നു. അവരിരുവരും ആ പള്ളിമേലാളരാണു. ആൽബർട്ടിനോളംതന്നെ പഴക്കം അവർക്കുമുണ്ടു്. ഒഴിഞ്ഞുകിടന്നിരുന്ന ഒരു കസാലയിൽ വികാരി ഇരിപ്പുറപ്പിച്ചു. അവർ മൂന്നുപേരും അഭിമുഖമായി, കാര്യമറിയാതെ ആൽബർട്ടു് പകച്ചുനില്പായി.

അയാളുടെ മനോമണ്ഡലത്തിൽ പലേ ഊഹാപോഹങ്ങളും ഉദിച്ചുയർന്നു. പക്ഷെ, അതൊന്നുംതന്നെ ആ മുഖത്തു് പ്രത്യക്ഷമായിരുന്നില്ല. തികച്ചും ആദരവോടുകൂടിത്തന്നെ അയാൾ അവർക്കു മുമ്പിൽ നില്പായി.

വ്യാപാരിയായ ഒരു ധനാഢ്യന്റെ വീട്ടിൽ ഭൃത്യനായിട്ടാണു് അയാൾ ആദ്യം ജോലിയിൽ പ്രവേശിച്ചതു്.

അവിടെനിന്നും പടിപടിയായി ഉയൎന്ന്, സെൻറ്പീറ്റേഴ്സ് പള്ളിയിലെ കപ്പിയാർസ്ഥാനംവരെയെത്തി.

വികാരി കാൎയ്യത്തിലേക്ക പ്രവേശിച്ചു:—

"ഫോർമൻ, അസുഖകരമായ ഒരു സംഗതിയാണ് ഇപ്പോഠം പറയേണ്ടിവന്നിട്ടുള്ളതു്. വളരെക്കാലത്തോള മായി നിങ്ങളിപ്പള്ളിയിലെ ഉപജീവനക്കാരനാണു്. നിങ്ങളുടെ പ്രവൃത്തിയെ പററിയാണെങ്കിൽ, വികാരി ജന്മ റാഠംമുതൽ സാധാരണക്കാരൻവരെ, എല്ലാവൎക്കും വലിയ മതിപ്പാണു്.

അവിടെയിരുന്നിരുന്ന രണ്ടുപേരും പയ്യെ തല യാട്ടി. "എങ്കിലും നിങ്ങളെപ്പററി ഒരു പ്രത്യേക വസ്തുത എനിക്കറിയുവാനിടവന്നു. ഇവരെക്കൂടി അതറിയിക്കുക യെന്നുള്ളതു് എൻെറ കടമ മാത്രമാണ്. നിങ്ങഠംക്കെഴുതു വാനും വായിക്കുവാനും അറിഞ്ഞുകൂടാ, അല്ലേ?"

അക്കാൎയ്യത്തെക്കുറിച്ചു കേട്ടപ്പോഠം വലിയൊരു പുതുമ കപ്പിയാൎക്കു തോന്നിയില്ല. അയാഠം പറഞ്ഞു:—

"മുമ്പിലത്തെ അച്ചനും അക്കാൎയ്യം അറിയാമായി രുന്നു. അതുകൊണ്ടൊന്നും വരാനില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്."

"ഒരത്യത്ഭുതം തന്നെയാണിതു്" ഇരുന്നിരുന്നവരി ലൊരാഠം പറഞ്ഞു:—"വായിക്കുവാനും എഴുതുവാനുംപഠിക്കാതെ, പതിനാറുകൊല്ലക്കാലം കപ്പിയാർജോലിയിൽ കഴിഞ്ഞുവെന്നോ?"

"പന്ത്രണ്ടുവയസ്സുമുതൽ ഞാൻ വേലയ്ക്കു ചേൎന്നതാണു്. ഞാൻ ജോലിയെടുത്തിരുന്ന വീട്ടിലെ ഒരു ഭൃത്യൻ

എന്നെ പഠിപ്പിക്കുവാൻ ശ്രമിച്ചു. എന്തുകൊണ്ടോ എനിക്കതത്ര രുചിച്ചില്ല. കഴിയുന്നതും ഞാനതിനുള്ള സമയം കാണാതിരിക്കുവാൻ പരിശ്രമിക്കും. കാരണം ഇതാണ്, എനിക്കതിന്റെ ആവശ്യമുണ്ടായിരുന്നില്ല. ഈ ചെറുപ്പക്കാരെല്ലാം ഇത്രയേറെ സമയം വായിച്ചുകൊണ്ടിരിക്കുന്നതു കാണുമ്പോൾ, ഞാൻ വിചാരിക്കാറുണ്ട്, ഇവർക്ക് കാര്യമുള്ള വേറെ വല്ല തൊഴിലും നോക്കിക്കൂടേ, എന്ന്."

"പക്ഷേ, നിങ്ങൾക്ക് വർത്തമാനങ്ങൾ അറിയണമെന്നാഗ്രഹമില്ലേ? വല്ലപ്പോഴും ഒരെഴുത്തെഴുതേണ്ടിവന്നാലോ?" ഇരുന്നിരുന്നവരിൽ രണ്ടാമത്തെ അച്ചനാണ് ഈ ചോദ്യം ഉന്നയിച്ചത്.

"അതിത്ര ഗൌരവംപിടിച്ച കാര്യം വല്ലതുമാണോ? എഴുതുവാനും വായിക്കുവാനുമറിയാതെ, അതെല്ലാം സുസാദ്ധ്യമാണ്. ചിത്രങ്ങൾ നോക്കി ഞാൻ വിശേഷങ്ങളൊക്കെ മനസ്സിലാക്കും. പിന്നെ, എഴുത്തിനെസംബന്ധിച്ചു പറയുകയാണെങ്കിൽ, എന്റെ ഭാര്യയ്ക്ക് എഴുതുവാനറിയാം."

വികാരി ജനറാൾമാർ ഇടവക അച്ചന്റെ നേർക്ക് അർത്ഥസൂചകമായൊന്നു നോക്കി.

വികാരി തുടർന്നു:—"ഞാനിക്കാര്യം ഇവരുമായി ആലോചിച്ചു. അവർക്കും എന്റെ ആശയഗതിതന്നെയാണുള്ളത്. സെന്റ് പീറ്റേഴ്സിനെപ്പോലുള്ള ഒരു വലിയ പള്ളിയിൽ, എഴുത്തോ വായനയോ അറിഞ്ഞുകൂടാത്ത ഒരു കപ്പിയാർ തുടർന്നുപോകുന്നത് ഇനിയൊരിക്കലും അനുവദനീയമല്ല."

ആൽബർട്ട് എഡ്വേർഡിൻെറ മുഖം പൂർവ്വാധികം ചുട്ടത്തുപോയി. മൂകനായി, കാലിൻെറ പെരുവിരൽ കൊണ്ട് നിലത്തിന്മേൽ വരച്ച് അയാൾ നില്പുറപ്പിച്ചു. അയാൾക്കെന്തു സമാധാനമാണു പറയുവാനുള്ളതു്?

"ഫോർമൻ, നിങ്ങളെന്നെ തെറ്റിദ്ധരിക്കരുതു്. നിങ്ങളുടെ നേരെ എനിക്കു യാതൊരു പരാതിയുമില്ല. നിങ്ങളുടെ സ്വഭാവത്തേയും, കഴിവിനേയുംപററി മററാരേക്കാളും നല്ല അഭിപ്രായം ആണു് എനിക്കുള്ളതു്. പക്ഷെ ഒന്നാലോചിച്ചുനോക്കൂ, നിങ്ങളുടെ നിരക്ഷരത്വം ഹേതുവായി എന്തെങ്കിലും സംഭവിച്ചാൽ അതിനുള്ള ഉത്തരവാദിത്വംമുഴുവനും പള്ളി ഏറെറടുക്കേണ്ടേ?"

ഇരുന്നിരുന്നവരിൽ ഒരാൾ ചോദിച്ചു:—"ഫോർമൻ, നിങ്ങൾക്കിനിയും പഠിക്കുവാൻ സാധിക്കുകയില്ലേ?"

"ആ കാലമൊക്കെ കഴിഞ്ഞുപോയി. അതിനി സാധിക്കുമെന്നു് തോന്നുന്നില്ല. 'കാറോടി' നടന്നിരുന്ന കാലത്തു് അക്ഷരം കേറാത്ത തലയ്ക്കുള്ളിലാണോ ഇനി ഇപ്പോൾ കയറുവാൻപോകുന്നതു്?"

വികാരി തുടർന്നു:—"നിങ്ങളോടു് നിർദ്ദാക്ഷിണ്യം പെരുമാറേണമെന്നു് ഞങ്ങൾക്കുദ്ദേശമില്ല. മൂന്നുമാസത്തെ സമയം അനുവദിക്കാം. അതിനുള്ളിൽ എഴുത്തും വായനയും പഠിക്കാത്തപക്ഷം, നിങ്ങളെ ഇവിടെനിന്നും പിരിച്ചു വിടേണ്ടിവരും."

ആ പുതിയ വികാരിയുടെ നേരെ ആൽബർട്ടിന്നു് വലിയ മതിപ്പൊന്നുമുണ്ടായിരുന്നില്ല. സെൻറ്‌ പീറ്റേഴ്സ് പള്ളിയിൽ അദ്ദേഹത്തെ നിയമിച്ചപ്പോൾതന്നെ മേൽ

വൈദികർ തൊറുചെയ്തുകഴിഞ്ഞു എന്നായിരുന്നു അയാളുടെ അഭിപ്രായം. ഇതുപോലുള്ള ഒരു വികാരിയച്ചനല്ല ആ ഇടവകയിലേക്കാവശ്യം! അയാറം കുറേക്കൂടി നട്ടെല്ലു നിവർത്തിനിന്നു. ആ പള്ളിജീവനക്കാരന്ന് സ്വാന്തംനില കാച്ചൊന്നു മനസ്സിലായി.

"അതുകൊണ്ടു് യാതൊരു ഗുണവും വരുമെന്നെനിക്കുറപ്പില്ല അച്ചാ. പുതിയ വിദ്യകരം പഠിക്കുവാനാണെങ്കിൽ, എന്നെ സംബന്ധിച്ചു പറഞ്ഞാൽ, അതിന്നുള്ള സമയം കഴിഞ്ഞു. എഴുത്തും വായനയുമില്ലാതെ, ഞാനിത്രയേറെക്കാലം വേലയെടുത്തു ജീവിച്ചില്ലേ?"

"അങ്ങിനെയാണെങ്കിൽ ഇന്നുതന്നെ പിരിഞ്ഞുപോകാം."

"എനിക്കെല്ലാംമനസ്സിലായി. എനിക്കതിൽവലിയ സന്തോഷമാണുള്ളതു്. ഞാൻ പിരിഞ്ഞുപോയാൽ പകരക്കാരനെ ഇപ്പോറംതന്നെ കണ്ടുവെച്ചിട്ടുണ്ടാവും."

അയാളന്നും പള്ളിവാതിലടച്ചു. 'പക്ഷെ, വികാരിയുടെ കല്പനകേറംക്കുമ്പോഴുണ്ടായിരുന്ന നിശ്ചയദാർഢ്യം അയാളിൽനിന്നും വഴുതിപ്പോയി. ആ ചുണ്ടിണ വിറയ്ക്കുന്നുണ്ടായിരുന്നു. അയാറം സാവധാനം വികാരിയുടെ മുറിയിൽ പ്രവേശിച്ചു് ഗൌൺ പതിവിൻപടി അതിൻെറ സ്ഥാനത്തു തൂക്കിയിട്ടു. അതു സാക്ഷ്യംവഹിച്ചിട്ടുള്ള വിവാഹങ്ങളും ശവമടക്കുകളും മററും ഒരു ഘോഷയാത്രയായി അയാളുടെ സ്മരണമണ്ഡലത്തിലൂടെ തപരിതപ്രയാണംചെയ്തു. അയാളൊന്നു നെടുവീർപ്പിട്ടു. അവിടമെല്ലാം അടിച്ചുവൃത്തിയാക്കിയതിന്നുശേഷം ആൽ

ബർട്ട് പുറത്തുകടന്നു. അയാൾക്കുപിറകിൽ ആ പള്ളി ക്കവാടവും അടഞ്ഞു. അയാൾ പാതയിലെത്തി, നാലുപുറവും കണ്ണോടിച്ചു. ഏതുവഴിയെ തിരിക്കണം? എങ്ങോട്ടു പോയാലെന്താണ്? അയാളൊരു വഴിയേ നടന്നു; വീട്ടിലേക്കല്ല, നേരെ എതിർഭാഗത്തേക്ക്. ഹൃദയത്തിനു വല്ലാത്തൊരു ഭാരം. എന്തെല്ലാമോ ചിന്തിച്ചുകൊണ്ടു് അയാൾ മന്ദം മന്ദം നടക്കുകയായിരുന്നു. വീട്ടുകാര്യങ്ങളിൽ വ്യാപൃതനായി, ശേഷിച്ച ജീവിതകാലം കഴിച്ചുകൂട്ടണമെന്ന വിചാരം അയാളിലങ്കുരിച്ചില്ല. പതിനാറുകൊല്ലത്തോളം കപ്പിയാരായിരുന്നിട്ട് ഇന്നേക്കു മാത്രമാണോ എഴുത്തിന്റേയും വായനയുടെയും ആവശ്യം നേരിട്ടതു്? വികാരിക്കും മററും ഇഷ്ടമല്ലാത്തു് പറയുകയും പ്രവർത്തിക്കുകയുംചെയ്യാമെന്നോ? അതിനു മുഴുവൻ എന്തിന്നു വഴങ്ങണം?

ചെറിയ ഒരു തുക അയാൾ സമ്പാദിച്ചുവെച്ചിരുന്നു. മറെറന്തെങ്കിലും ജോലിയെടുക്കാതെ, അതിന്മേൽമാത്രം ആശ്രയിച്ചുകഴിയുവാൻ തക്കവണ്ണം വലുതല്ലായിരുന്നുതാനം ആ സമ്പാദ്യം. ജീവിക്കുവാനുള്ള വിഷമതകൾ പ്രതിദിനമെന്നോണം വർദ്ധിച്ചുവരികയാണ്. ഇതൊന്നും അയാളെ അസ്വാസ്ഥ്യപ്പെടുത്തിയിരുന്നില്ല. റോമിലെപ്പോലും ഇടവക പള്ളിയിലെ കപ്പിയാരും, എല്ലാവരും ജീവിക്കുവാൻവേണ്ടി മാത്രമാണ് അതതുസ്ഥാനങ്ങളിൽ കയറിയിരിക്കുന്നതു്. ഒരു ദിവസം മരിക്കാതിരിക്കുകയില്ല, തീർച്ച. അതിന്നടുത്ത ഞായറാഴ്ചയിലെ പ്രസംഗത്തിൽ വെച്ചു്, ആ മരിച്ച കപ്പിയാരുടെ പ്രവൃത്തിനൈർമ്മല്യങ്ങളെപ്പററി വികാരി വളരെയേറെ പ്രകീർത്തിക്കും. അയാൾ നെടുതായൊന്നു നിശ്വസിച്ചു.

ആൽബർട്ട് എഡ്വേർഡ് ഒരു പുകവലിക്കാരനായിരുന്നില്ല. എങ്കിലും വല്ലാതെ ക്ഷീണിച്ചിരിക്കുന്ന വേളകളിൽ അയാളൊരു സിഗററ്റെങ്ങാനും കത്തിക്കാറുണ്ട്. അയാളിലുദിച്ചുയർന്ന വിചാരപടലങ്ങളെയൊന്നു ക്രമപ്പെടുത്താൻ ആ ലഹരിക്കുകഴിയുമെന്ന് അയാൾക്കു തോന്നി. അയാൾ നാലുപാടും നോക്കി. അവിടെയെങ്ങും സിഗററ്റുള്ള ഒരു കടപോലുമില്ല. അതൊരു നീണ്ട തെരുവീഥിയായിരുന്നു. പലതരത്തിലുള്ള സാമാനങ്ങളും അവിടെ വില്ക്കപ്പെടുന്നുണ്ട്. പക്ഷേ, സിഗററ്റു മാത്രമില്ല. തീർച്ച വരുത്തുവാൻവേണ്ടി അയാൾ കുറച്ചുദൂരംകൂടി നടന്നുനോക്കി. ഇല്ല. ഇനി സംശയിക്കാനില്ല. എന്തോ ചിന്തിച്ചുംകൊണ്ട് അയാൾ നാലുപാടും കണ്ണോടിച്ചു.

പുത്തനായ ഒരാശയഗതി അയാളുടെ ചിന്താമണ്ഡലത്തിൽ കടന്നുകൂടി. അയാൾ തിരികെ വീട്ടിലേക്കു നടന്നു. ചായകഴിച്ചു.

"ഇന്നെന്താ ഒന്നും മിണ്ടാത്തെ?" ഭാര്യ ചോദിച്ചതിന്ന് അയാൾ മറുപടി പറഞ്ഞു:—

"ഞാൻ ചിന്തിക്കുകയാണ്!"

അയാളതിനെപ്പററി ചുഴിഞ്ഞാലോചിച്ചു. ഓരോ വീക്ഷണകോണിൽ നിന്നുകൊണ്ടും അതിനെ സൂക്ഷ്മമായി പഠനംചെയ്തു.—അടുത്ത പ്രഭാതത്തിൽ ആ വഴിയിലൂടെ വീണ്ടുമൊന്നു നടന്നു. ചെറിയ ഒരു മുറി വാടകയ്ക്കുകൊടുപ്പാൻ ഇട്ടിരിക്കുന്നു. അയാൾ തീർച്ചപ്പെടുത്തി.........

സെൻറ്പീറ്റേഴ്സിലെ പഴയ കപ്പിത്താർ ഒരു മാസത്തിന്നുശേഷം ആ തെരുവിലെ ഒരു പുകയിലക്കടക്കാരനും പത്ര

ഏജണ്ടുമായി. കപ്പിയാരായിരുന്നതിനുശേഷം ഇങ്ങിനെയെല്ലാംതുടങ്ങുന്നതു് ഒരു വല്ലാത്ത അധഃപതനമാണെന്നു് ഭാര്യ പറഞ്ഞതിന്നു് അയാൾ മറുപടി പറയുകയാണു്, മനുഷ്യൻ കാലത്തിന്നൊത്തു പുരോഗമിക്കണമെന്നു്!

കച്ചവടം അഭിവൃദ്ധിപ്പെട്ടു. ഒരു വഷ്ത്തിന്നു ശേഷം രണ്ടാമതൊന്നുംകൂടി അയാൾ തുറന്നു. രണ്ടുംകൂടി ഒരു മാനേജരുടെ കീഴിലാക്കി. രണ്ടു പീടികകൾ നടത്താമെങ്കിൽ എന്തുകൊണ്ടു് ഓരു ഡസനായിക്കൂടാ? അയാൾ ലണ്ടൻനഗരത്തിലെ ഓരോ തെരുവീഥിയിൽക്കൂടിയും അലഞ്ഞു. പുകയിലക്കടയില്ലാത്ത ഒരു തെരുവു കണ്ടെത്തിയാൽ അയാളവിടെ പുതുതായൊന്നു തുറക്കും.

പത്തു വഷ്ങ്ങൾ കടന്നുപോയി. എട്ടുപത്തു കടകളുടെ ഉടമസ്ഥനാണിന്നു് ആ പഴയ കപ്പിയാർ. തിങ്കളാഴ്ചതോറും അയാൾ ഓരോ കടയിലും ചെന്നു് അന്നേവരെയുള്ള പിരിവെല്ലാം ശേഖരിച്ചു് ബാങ്കിൽകൊണ്ടുചെന്നു് അടയ്ക്കും.

ഒരുദിവസം അയാൾ ബാങ്കിൽ പണം എണ്ണിക്കൊടുത്തുംകൊണ്ടു നില്ക്കുമ്പോൾ, അദ്ദേഹത്തെയൊന്നുകണ്ടാൽ തരക്കേടില്ലെന്നു് മാനേജർ പറഞ്ഞയച്ചു.

മാനേജർ പറഞ്ഞു:—"മി.ഫോർമൻ,താങ്കളിവിടെ നിക്ഷേപിച്ച സംഖ്യയെപ്പററി ചിലതു സംസാരിക്കാനാണു് ഞാൻ ആളയച്ചതു്. സംഖ്യ കൃത്യമായി എത്രയുണ്ടെന്നറിയാമോ?"

"ഒന്നോ രണ്ടോ പവനിടയ്ക്കു് കൃത്യമായി പറയു

വാൻ സാദ്ധ്യമല്ല. എങ്കിലും ഉദ്ദേശം എത്രയുണ്ടെന്നു് എനിക്കറിയാം."

"ഇന്നു കാലത്തു കൊട്ടത്തുകൂടാതെ, മുപ്പതിനായിരത്തിൽ കുറച്ചേറെയുണ്ടു്. "ഡെപ്പാസിററി"ൽ വെക്കവാൻ വയ്യാത്തത്ര വലിയൊരു തുകയായതുകൊണ്ടു്, അതു് "ഇൻവെസ്ററു"ചെയ്യുകയായിരിക്കും കൂടുതൽ നല്ലതെന്നു് എനിക്ക തോന്നുന്നു.

"അപകടത്തിലൊന്നും ചെന്നു വീഴേണമെന്നു് എനിക്ക മോഹമില്ല. പണം ഇവിടെ സുരക്ഷിതമാണെന്നെനിക്കറപ്പുണ്ടു്."

"അതിനെക്കുറിച്ചു പരിഭ്രമിക്കേണ്ട. ഇൻവെസ്ററു ചെയ്താൽ കൂടുതൽ പലിശയും കിട്ടും."

ഒരു വിഷമം പിടിച്ച പ്രശ്നം ആൽബർട്ടിന്റെ മുമ്പിൽ ഉടലെടുത്തു.

"എനിക്കതിനെപ്പററിയൊന്നും നിശ്ചയമില്ല. ഞാനെല്ലാം താങ്കളെ ഏല്പിച്ചിരിക്കുന്നു."

"ഞാനെല്ലാം ചെയ്തുകൊള്ളാം. താങ്കളിത്രമാത്രം ചെയ്താൽ മതി. അടുത്ത പ്രാവശ്യം ഇവിടെ വരുമ്പോഴ അതിലൊന്നു് ഒപ്പിടുകമാത്രം."

"ശരി. പക്ഷെ, എന്തിലാണു് ഒപ്പിടുന്നതെന്നു് ഞാനെങ്ങനെ മനസ്സിലാക്കും?"

"വായിച്ചുകൂടെ?"

ആൽബർട്ടു് അത്ഥവത്തായൊന്നു പുഞ്ചിരിച്ചുംകൊണ്ടുപറഞ്ഞു:—വായിക്കുവാനറിഞ്ഞുകൂടാ. എനിക്കെന്റെ

പേരെഴുതുവാൻമാത്രം അറിയാം. അതും കല്പവടത്തിലേപ്പെട്ടതിന്നുശേഷം പഠിച്ചതാണു്.''

മാനേജർ ആശ്ചര്യപ്പെട്ടു് ചാടിയെഴുന്നേററു. ഏതോ പുരാണപുരുഷനെയെന്നപോലെ ആൽബർട്ടിനെ തുറിച്ചു നോക്കിക്കൊണ്ടുനിന്നു.

"എഴുത്തും വായനയും അറിയാതെയാണോ നിങ്ങളിത്രയും പണം ആർജ്ജിച്ചതു്. നിങ്ങൾക്കതുംകൂടി വശമായിരുന്നെങ്കിലോ?"

ഒരു ചെറുപുഞ്ചിരിയോടുകൂടി ആൽബർട്ടു് അതിന്നു മറുപടി നൽകി:—

"ഞാൻ സെൻറു് പീറേറഴ്സിലെ കപ്പിയാരായിരുന്നേനെ......!"

---

# ഞാൻ പ്രേമിച്ച പെണ്ണു്.

അആ വിവാഹക്ഷണനപത്രം തുറക്കപ്പെടാതെ തന്നെ എൻെറ മേശപ്പുറത്തു കിടക്കുകയാണു്. നാലുദിവസമായി അതങ്ങിനെതന്നെ കിടക്കുന്നു. അതു തുറക്കുവാൻ എനിക്കു മനസ്സുവരുന്നില്ല. എന്നെ കൂടുതൽ തീക്ഷ്ണമായി വേദനിപ്പിക്കുവാനേ അതുപകരിക്കൂ. തുറന്നു വായിക്കാതെതന്നെ അതാരുടെ വിവാഹത്തിനുള്ള ക്ഷണനപത്രമാണെന്നെനിക്കറിയാം. അതെടുത്തു് ചവററു കുട്ടയിലേക്കെറിഞ്ഞെങ്കിൽ............! എന്നാൽ അതു കാണുമ്പോഴുണ്ടാകുന്ന വേദനയെങ്കിലും പരിഹരിക്കാം.

അതിന്നും മനസ്സുവരുന്നില്ല. അതെടുത്തെറിയുവാൻ തുടങ്ങുമ്പോഴും കൈ വിറയ്ക്കുകയാണു്.

ആ പിശാചിക്കു് ഇനിയും എൻെറ ഹൃദയത്തെ കുത്തി വ്രണപ്പെടുത്തണോ? നന്ദിയില്ലാത്ത വർഗ്ഗം......! മനുഷ്യത്വമില്ലാത്ത മൃഗങ്ങൾ......പുതുകാന്തിയോടുകൂടി വിരിഞ്ഞു വിലസേണ്ട ഒരു പൂമൊട്ടു് അകാലത്തിൽ വാടി വീഴുവാൻ തുടങ്ങുമ്പോൾ അതിനെപ്പററി ആരും അത്ര ഗൌനിക്കാനില്ല. പക്ഷെ, വാട്ടം തീൎന്നു്, നവയൌവനത്തിൻെറ കാന്തിയോടെ അതിന്നിതളുകൾ വിരിയുമ്പോൾ എത്ര കണ്ണുകളാണു് അങ്ങോട്ടു പാഞ്ഞെത്താറുള്ളതു്! ആ പൂവിതളുകൾക്കിടയിൽ മധുരമുള്ള മധുകൂടി ഒളിഞ്ഞിരിപ്പുണ്ടെങ്കിലോ............

കഴിഞ്ഞകാലങ്ങളെക്കുറിച്ചു് ഇനിയൊരിക്കലും ഓൎത്തുപോകയില്ലെന്നു് ഞാൻ പലപ്പോഴും ശപഥംചെയ്തിട്ടുണ്ടു്. വിദൂരതയിലുള്ള ഈ പട്ടാളക്യാമ്പിൽ ഏകനായി ഇരിക്കേണ്ടിവരുമ്പോൾ, മനംനോവിക്കുന്ന ആ ചിന്തകൾ ചിലപ്പോൾ ഞാനറിയാതെ എന്നിലേയ്ക്കു തിരിച്ചെത്തുകയാണു്. അടുത്തയാഴ്ചയിലിതാ, സ്ഥലംമാററമാണു്; ഞാനടക്കമുള്ള പ്ലാററൂണിന്നു്. മരംകോച്ചുന്ന മഞ്ഞും, മലേറിയയും കൈകോൎത്താടുന്ന ഒരു കുന്നിൻപ്രദേശത്തിലേക്കാണു്. ഞാൻ ചിലക്കൊക്കെ എഴുതി. അവധിയെടുത്തു് നാട്ടിലേക്കൊന്നു പോകേണമെന്നുണ്ടായിരുന്നു. ഇനി അടുത്തെങ്ങും തരപ്പെട്ടുമായിരിക്കുകയില്ല. അതും വേണ്ടെന്നുവെച്ചു. ഒരു വിവാഹാഘോഷത്തിന്നുള്ള പരിപാടികൾ തിരുതകൃതിയായി നടക്കുമ്പോഴായിരിക്കും

ഞാനവിടെ ചെന്നുകയറുന്നതു്. വല്ലാത്തൊരസുഖമായിരിക്കും. ഒരുപക്ഷേ മടങ്ങിയെന്നും വരില്ല.........എന്റെ മനസ്സ് അത്രമാത്രം വ്രണപ്പെട്ടുകഴിഞ്ഞു.

ഞാനോർത്തുപോവുകയാണു്, വർഷങ്ങൾക്കുമുമ്പു് ഇതുപോലുള്ളൊരുത്തരവു് ഞങ്ങൾക്കു കിട്ടിയിട്ടുണ്ടു; ഇതേ ക്യാമ്പിൽവെച്ചുതന്നെ. ബർമ്മയിലെ യുദ്ധരംഗത്തിലേക്കു പോകുവാൻ ഉടൻ തയ്യാറെടുക്കുവാനുള്ള കല്പന. ഞങ്ങളനുസരിക്കണം. അതു പട്ടാളമുറയല്ലേ. ചീറുന്ന തോക്കുകളും പീരങ്കികളും, ഒരിരമ്പലോടെ തലയ്ക്കുമീതെ ബോംബെറിയുന്ന വിമാനങ്ങളും, തളംകെട്ടിയ ചോരയും, ചതഞ്ഞും മുറിഞ്ഞും ചിന്നിക്കിടക്കുന്ന ശവങ്ങളും കബന്ധങ്ങളുമെല്ലാം ഞാൻ അന്നോർക്കാതിരുന്നില്ല. പക്ഷെ, അന്നു് ജീവിതത്തിന്നൊരുദ്ദേശമുണ്ടായിരുന്നു. മരംകോച്ചുന്ന മഞ്ഞിൽ, രാത്രികളിൽ, കുററിക്കാടുകളിൽ പതുങ്ങിയിരിക്കുമ്പോഴും ആ മധുരം എൻെറ ചിന്തകളിലൂടെ ഞാൻ നുണഞ്ഞിറക്കാറുണ്ടായിരുന്നു. അന്നു് ദേഹിയും ദേഹവും വേർപിരിഞ്ഞിരുന്നെങ്കിൽ ഈ തിക്താനുഭവത്തെ എനിക്കു നേരിടേണ്ടിവരുമായിരുന്നോ? തഴമ്പേറിയ ഈ കൈപ്പടംകൊണ്ടു് 'കാഞ്ചിയമർത്തി' എത്രയെത്ര ഹൃൽസ്പന്ദനങ്ങൾ ഞാൻ നിലപ്പിച്ചിട്ടുണ്ടു്. എല്ലാം അവൾക്കുവേണ്ടിമാത്രം. ആ മനുഷ്യശരീരങ്ങൾ കിടന്നു പിടയുമ്പോൾ, എൻെറ ചുണ്ടിണകളിൽ പുഞ്ചിരിയും, ഹൃദയാന്തരാളത്തിൽ ആവേശവും ഉദിച്ചുയരാറുണ്ടായിരുന്നു. എൻെറ മാതൃരാജ്യത്തിന്നുവേണ്ടി എന്നതിനേക്കാൾ ഞാനവൾക്കുവേണ്ടിയാണു് അന്നു പടപൊരുതിയതു്.

ഞാനടക്കമുള്ള സൈന്യസമൂഹം തോററു പിന്തിരിഞ്ഞോടിയിരുന്നെങ്കിൽ, മനുഷ്യത്വമററ ശത്രുവിൻെറ കിങ്കരന്മാർ ഇന്നാട്ടിൽ എന്തെല്ലാം കാമക്രൂരത്തുകൾ നടത്തുമായിരുന്നില്ല! എത്രയേറെ അമ്മപെങ്ങന്മാരുടെ മാനം അപഹരിക്കപ്പെട്ടുമായിരുന്നു. അതിൽ അവളും പെട്ടിരുന്നെങ്കിലോ? ഷാൻസ്റ്റെയിററ്സിലെ കുന്നുകൾക്കിടയിലുള്ള ഒരു ഗ്രാമത്തിൽവെച്ച്, മൂന്നു സഹോദരികളെ അവർ ഒരേസമയത്ത് മാനഭംഗപ്പെടുത്തി. അതുപോലെ എത്രയെത്ര അനുഭവങ്ങൾ. അമ്പരന്ന് വിജയത്തിൻെറ ലഹരിയിൽ അടിച്ചുകയറുകയായിരുന്നു.

അന്നെല്ലാം എനിക്കൊരു വിശ്വാസമുണ്ടായിരുന്നു. ശാരദ എൻെറയാണെന്നും ഞാൻ ശാരദയുടേതാണെന്നും. പക്ഷെ ഇന്ന് അതങ്ങിനെയല്ലാതായിപ്പോയി!

ഓർമ്മവെയ്ക്കാൻതുടങ്ങിയ നാളുകൾമുതൽ ഞങ്ങളൊരുമിച്ചാണ് വളന്നുവന്നതു്. എൻെറ വീട്ടുകാരുമായി അവൾക്കൊരകന്ന ബന്ധമുണ്ട്. തലമുറകളിലൂടെ പുതുക്കപ്പെട്ടുവന്നിരുന്ന ഒരു ബന്ധം കുറേക്കാലങ്ങളായി അകന്നകന്നു പോയതാണ്.

എൻെറ വീട്ടിൽനിന്നും ഒരു വിളിപാടപ്പുറത്താണ് അവളുടെ വീട്. അവളോടൊപ്പം ഞാനോടിനടന്നു കളിച്ചതും അവൾക്കു പാഠങ്ങൾ പറഞ്ഞുകൊടുത്തിരുന്നതുമെല്ലാം ഒരു തിരശ്ശീലയിലെന്നപോലെ എൻെറ മുന്നിൽ വന്നു നിരന്നുനില്ക്കുകയാണ്. സാമ്പത്തികമായി വലിയ മെച്ചമൊന്നുമില്ലാതിരുന്ന രണ്ടു കുടുംബങ്ങൾ തമ്മിൽ ഇടക്കാലത്തുവെച്ച് അററുപോയ ബന്ധം ഇൗ

അടുത്ത തലമുറയിലെങ്കിലും ഉടലെടുത്തു കാണേണ്ണമെന്നു് എൻെറ വീട്ടുകാർ ആത്മാത്ഥമായി ആഗ്രഹിച്ചിരുന്നു.

ശാരദയെ പള്ളിക്കൂടത്തിൽ ചേത്തപ്പോഠം ഞാൻ അഞ്ചാംക്ലാസിലാണു് പഠിച്ചിരുന്നതു്. ഒരു ജ്യേഷ്ഠസഹോദരൻെറ സ്നേഹത്തോടും അധികാരത്തോടുംകൂടി ഞാൻ അവളെ പള്ളിക്കൂടത്തിലേക്കും തിരിച്ചു വീട്ടിലേക്കും കൊണ്ടെത്തിക്കും. ഞാൻ ഊണുകഴിച്ചു് പുറപ്പെടുന്നതിന്നുമുമ്പുതന്നെ അവഠം വീട്ടിൽ ഹാജരുണ്ടാകും. പുള്ളിയുടുപ്പും പുസ്തകസഞ്ചിയുമായി അവളെൻെറ അമ്മയുടെ അരികിലിരുന്നു് എന്തെല്ലാം നാട്ടുവത്തമാനങ്ങളാണെന്നോ പറയാറുള്ളതു്! ആ "വൈഭവക്കുട്ടക"യെ എല്ലാവക്കും വലിയ സ്നേഹമാണു്. അച്ഛൻ അവഠംക്കു് മിഠായികൊടുക്കും, അമ്മ ഉടുപ്പുകളും. അവഠംക്കെൻെറ വീട്ടിൽ എന്തൊരു സ്വാതന്ത്ര്യമാണു്!

ഇടവഴിയിൽവെച്ചു് ഞാനവഠംക്കു് പറങ്കിമാങ്ങയും മാമ്പഴവും പറിച്ചുകൊടുക്കും. അതും കടിച്ചീമ്പി നടവഴിയിലൂടെ നടക്കുവാൻ അവഠംക്കൊരു സങ്കോചവുമില്ല.

ആ കുസൃതിപ്പെണ്ണിന്നറിയേണ്ട കാര്യങ്ങഠം നിരവധിയാണു്. കഴിവുള്ളിടത്തോളം ഞാൻ ഒഴിഞ്ഞുമാറുവാൻ ശ്രമിക്കും. ചിലപ്പോഠം അവഠം പിണങ്ങി, തലകുനിച്ചു നടക്കും.

പഠിപ്പിലവഠം പിന്നോക്കമാണു്. പഠിക്കുവാൻ കഴിയാഞ്ഞിട്ടല്ല, മററു കാര്യങ്ങഠംക്കിടയ്ക്കു് അക്കഥയങ്ങു മറന്നുപോകുന്നുവെന്നുമാത്രം. പന്തുകളിക്കും വളയംചാട്ട

ത്തിന്നും വലിയ ഉത്സാഹമാണു്. ബഹുമിടുക്കിയാണു താനും. വീട്ടിലെത്തിയാൽ നൂൽപ്പന്തുണ്ടാക്കുവാനേ സമയമുള്ളു. പിന്നെ സ്വന്തമായി ഗവേഷണംനടത്തേണ്ട കാര്യങ്ങൾ നിരവധിയാണല്ലോ. സരള ടീച്ചർ കല്യാണംകഴിച്ചതിന്നുശേഷം സ്കൂളിൽ വരാത്തതിന്റെ കാരണം, കിട്ടച്ചോനെ പോലീസുകാർ പിടിച്ചതു്, വിമാനത്തിൽ നിന്നും ചാടിയാൽ മരിക്കുമോ; മന്ത്രിയെന്നു പറയുന്നതു് ഒരുയന്ത്രമല്ലേ···ആ പട്ടിക അങ്ങിനെ നീണ്ടുപോകുന്നു.

ഒരു ദിവസം ശാരദയുടെ അമ്മ എന്റെ അമ്മയുമായി സംസാരിക്കുന്നതു കേട്ടു.

"അവൾക്കു് പഠിപ്പിലൊരു ശ്രദ്ധയുമില്ല ചേച്ചി" അവർ ആവലാതിപ്പെടുകയായിരുന്നു.

"അതെല്ലാം ഉണ്ടായ്ക്കോളും. അവൾക്കത്രയല്ലേ പ്രായമായുള്ളു."

"ഇപ്രായത്തിൽ കുട്ടനെന്തു മിടുക്കായിരുന്നു."

ആകാശത്തിലാണോ നില്പുറപ്പിച്ചിട്ടുള്ളതെന്നു് ഒരു നിമിഷത്തേക്കു് ഞാൻ സംശയിച്ചു. ഒരുൾച്ചിരിയോടും ഗൌരവത്തോടുംകൂടി വിചാരിച്ചു:—

"ആഹാ! അങ്ങിനെ വരട്ടെ. കുട്ടനെ തൊട്ടുകളിക്കേണ്ട."

അവരിരുവരുംകൂടി ഒരു പ്രവൃത്തിപദ്ധതി രൂപീകരിച്ചു. വൈകുന്നേരമായാൽ ഞാൻ ശാരദയെ വിളിച്ചിരുത്തി പാഠങ്ങൾ പറഞ്ഞുകൊടുക്കേണമെന്നു്. ഹായ്! ഞാൻ ഒരു ട്യൂഷൻമാസ്റ്ററാകുവാൻ പോകുകയാണു്!

എന്തൊരു സന്തോഷത്തോടുകൂടിയാണെന്നോ ഞാനാ പുത്തനുദ്യോഗം ഏറെറടുത്തതു്.

വൈകുന്നേരമായാൽ ശാരദയുടെ വീട്ടിലേക്കു ചെല്ലും അവളെ അരികിലിരുത്തി പാഠങ്ങൾ പഠിപ്പിക്കും. അവളെ ദേഷ്യപ്പെട്ടും, ഉപദേശിക്കും, തമാശപറഞ്ഞു് പൊട്ടിച്ചിരിപ്പിക്കും. പക്ഷെ അപൂർവ്വമായേ ഞാനവളെ വേദനിപ്പിക്കാറുള്ളു.

ഒരു ദിവസം തികഞ്ഞ ഗൌരവത്തോടെയാണു് ഞാനാരാഞ്ഞതു്, തലേദിവസം കൊടുത്ത കണക്കു ചെയ്തുവോ എന്നു്.

"ഇല്ല" അവൾ ചിരിച്ചുംകൊണ്ടു് മറുപടിപറഞ്ഞു.

"ഇതേ പല്ലവിതന്നെ ദിവസോം. എന്നിട്ടു് 'കലപലാ'ന്നു് ചിരിക്കലും." ചൂരൽവടി കയ്യിലെടുത്തു പിടിച്ചു്, നമ്പിടി മാസ്റ്ററെ അനുകരിച്ചു്, കൂടുതൽ ദേഷ്യത്തോടെ ഞാൻ പറഞ്ഞു.

അവൾ ചൂളിപ്പോയി!

ഞാനെന്റെ മനസ്സുകൊണ്ടു് പൊട്ടിച്ചിരിച്ചു. എങ്കിലും, ചെയ്ത തെററിനു്, അതിനിയും മേലിൽ ആവത്തിക്കപ്പെടാതിരിക്കുവാൻ, കഠിനമായി ശിക്ഷിക്കണമെന്നു് ഞാനുറച്ചിരുന്നു.

"കയ്യിങ്ങോട്ടു നീട്ടു." എന്റെ കല്പന.

അവൾ കൈപ്പടം നീട്ടി. ചൂരൽവടി മേല്പോട്ടു പൊങ്ങി. മുഖംകൊണ്ടു് ചില ഗോഷ്ഠികൾ കാട്ടുന്നതിന്നിടയിൽ പെട്ടെന്നൊരു ചോദ്യം:—

"കുട്ടേട്ടൻ അപ്പം തിന്നോ? ഇന്നിവിടെ അപ്പം ഉണ്ടാക്കി."

ഞാൻ പെട്ടെന്നു ചൂരൽ പിൻവലിച്ചു.

അപ്പം എനിക്കു വലിയ ഇഷ്ടമാണ്. മധുരമുള്ള പലഹാരമല്ലേ. അവളെ തല്ലിയാൽ അപ്പം കിട്ടിയില്ലെങ്കിലോ? നീട്ടിയ കൈപ്പടം പിന്നോക്കം വലിക്കാതെ അവൾ ആരാഞ്ഞു.

"ഞാൻ പോയിക്കൊണ്ടു വരട്ടെ."

"ഉം" ഗൌരവം വിടാതെതന്നെ ഞാൻ മൂളി.

അവൾ അകത്തേയ്ക്കോടി. പിന്നിൽനിന്നും ഒരു പൊട്ടിച്ചിരി. ശാരദയുടെ അച്ഛനും അമ്മയും ആ രംഗം നോക്കിക്കൊണ്ടു നില്ക്കുകയാണ്!

അവൾ കുറെ അപ്പം കൊണ്ടുവന്നു. ഞങ്ങളിരുവരും അതൊന്നിച്ചിരുന്നു തിന്നു. എന്തു മധുരമാണ്!

കാലത്തിൻെറ കരിയിലകൾ എത്രയെണ്ണം കൊഴിഞ്ഞുപോയി. 'മിടുക്ക'നായ ഞാൻ രണ്ടു വഷം തോററതിനുശേഷം പത്താംക്ലാസു പരീക്ഷയിൽ പാസായി. ശാരദ ഏഴാംക്ലാസും.

കോടതി കയറിയ ഒരിടത്തരക്കാരൻ മിക്കവാറും പൊളിഞ്ഞു 'പാപ്പരാ'വുകയെ പതിവുള്ളു. അങ്ങിനെ ഒരനുഭവമാണ് ശാരദയുടെ അച്ഛനുണ്ടായതു്. എങ്കിലും വാശി നിമിത്തം അവസാനം കണ്ടിട്ടേ അടങ്ങുകയുള്ളു എന്നൊരു നിലപാടും. പഞ്ചായത്തുകോടതിയിൽനിന്നും തുടങ്ങി ഹൈക്കോടതിവരേയ്ക്കുമെത്തി. സ്വന്തമായുമുണ്ടാ

യിരുന്ന കുറച്ചു നിലങ്ങൾ നഷ്ടപ്പെട്ടു. താങ്ങുവാനാകാത്ത വലിയൊരു സംഖ്യ കടവുമായി.

ശാരദയുടെ തുടൎന്നുള്ള പഠിപ്പ് അവൾക്കൊരു പ്രശ്നമായിരുന്നു. ഫീസും പുസ്തകവും ഉടുപ്പുമായി നല്ലൊരു തുക വൎഷംപ്രതി അവൾക്കുവേണ്ടി ചിലവാക്കണം. അതിന്നുള്ള കഴിവെവിടെയാണ്? പിന്നെ, ഒരു നാട്ടിൻപുറത്തുകാരിപ്പെൺകിടാവു് പഠിച്ചു പരീക്ഷ പാസ്സായാൽ എന്തൊരു പ്രയോജനമാണെന്ന ആ പഴഞ്ചൻ വീക്ഷണകോണം.

നിറഞ്ഞ കണ്ണുകളോടെയാണ് അവളെന്നോടു പറഞ്ഞതു്, പഠിത്തം നിൎത്തുവാൻ പോകുകയാണെന്നു്. എനിക്കവളെ സമാധാനിപ്പിക്കുവാൻ കഴിഞ്ഞില്ല.

"കുട്ടേട്ടൻ ഇനി എന്തു് ചെയ്യാൻപൂവ്വാ?"

"ശാരദയോ?"

"ഞാൻ വീട്ടിലിരിക്കും."

അതു പറയുമ്പോൾ അവളുടെ തൊണ്ട ഇടറിയിരുന്നു. പുറകുപാട്ടുകളാണ് അവളെ അതിന്നു പ്രേരിപ്പിക്കുന്നതു്.

"ഞാനൊന്നും തീൎച്ചപ്പെടുത്തീട്ടില്ല." ഞാനവളോടു പറഞ്ഞു. വാസ്തവത്തിൽ, എന്തുചെയ്യേണമെന്നും എനിക്കറിഞ്ഞുകൂടായിരുന്നു. മററനേകം വിദ്യാൎത്ഥികളെപ്പോലെ ഞാനും ഒരു പരീക്ഷ പാസായി വിദ്യാലയത്തിന്നു വെളിയിൽ കടന്നു. കലാശാലാവിദ്യാഭ്യാസം എന്നെ സംബന്ധിച്ചിടത്തോളം സ്വപ്നം കാണുകപോലും വേണ്ട.

അന്നു രാവിൽ ഞാൻ പലതും ആലോചിച്ചു. ഉറക്കം വരുന്നില്ല. നിറഞ്ഞ കണ്ണുകളുമായി നില്ക്കുന്ന ശാരദ എന്റെ മനോവീഥിയിൽ തെളിഞ്ഞുയരുകയാണു്.

അടുത്ത പ്രഭാതത്തിൽ ഞാൻ അച്ഛനോടു പറഞ്ഞു:—

"ശാരദയ്ക്കു പഠിക്കണം."

"അതിനെന്തു ചെയ്യും?" തികച്ചും സഹാനുഭൂതിയോടുകൂടിയ ചോദ്യം.

"അവൾക്കു പണമില്ല."

"നമുക്കോ.........?"

ഞാൻ ആലോചിച്ചുറച്ച പരിപാടികൾ അച്ഛനെ അറിയിച്ചു. ഒന്നും മറുപടി പറഞ്ഞില്ല. അച്ഛനുമമ്മയ്ക്കും അതു സമ്മതമായിരിക്കുമെന്നു് ഞാനൂഹിച്ചു. ഞാൻ ശാരദയുടെ വീട്ടിലേക്കു നടന്നു.

കോലായിൽ അവൾ ആലോചനയിലാണ്ടു് ഇരിക്കുകയാണു്. വിരിഞ്ഞു കൂമ്പുവാൻ തുടങ്ങുന്ന ആ കണ്ണുകളിൽ കണ്ണുനീർ തങ്ങിനില്പുണ്ടെന്നു് എനിക്കു തോന്നി. അവൾ ചിന്തിക്കുകയാവാം—വീട്ടിന്റെ നാലു ഭിത്തികൾക്കുള്ളിൽ ഒതുങ്ങി കഴിയേണ്ടവർ വരാനിരിക്കുന്ന വിരസങ്ങളായ ആ ദിവസങ്ങളെക്കുറിച്ചു്—ഭാവിയെക്കുറിച്ചു് അത്രയധികം ചിന്തിച്ചിരിക്കുകയില്ല; അവളൊരു കൊച്ചു ബാലികയല്ലേ.

"ശാരദേ..." ഞാൻ പിന്നിൽനിന്നും വിളിച്ചു.

ഞെട്ടിയുണർന്നപോലെ അവൾ പിന്തിരിഞ്ഞു നോക്കി. അരുണിമ കലർന്ന ആ കൊച്ചു കവിൾത്തടങ്ങളി

ലൂടെ ബാഷ്പകണങ്ങൾ നേരിയ ഒരു നീർച്ചാലൊഴുക്കി. ഞാൻ അവൾക്കരികിലിരുന്നു. ആ കണ്ണുനീർ സ്നേഹപുരസ്സരം തുടച്ചുകൊടുത്തു.

"നീ കരയുകയായിരുന്നോ?"

ഒന്നും മറുപടി പറഞ്ഞില്ല. എന്റെ മുഖത്തേക്ക് ഉററു നോക്കിക്കൊണ്ടു് ആ ഇരുപ്പിൽ തന്നെ ഇരുന്നു.

"ശാരദേ..."

"ഉം."

"നിനക്കു പഠിക്കണോ?"

"ഉം."

"ഞാൻ നിന്നെ പഠിപ്പിക്കട്ടെ?"

അവൾക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ലെന്നു് ആ മുഖഭാവം വിളിച്ചു പറഞ്ഞിരുന്നു.

"പണമെവിടുന്നാ കുട്ടനു്?" അതവളുടെ അമ്മയുടെ ശബ്ദമാണു്. ഞാൻ തിരിഞ്ഞു നോക്കി. അവരെന്നെ നോക്കി നിൽക്കുകയാണു്.

"ഞാൻ ജോലിയെടുത്തു് ശാരദയെ പഠിപ്പിക്കുവാൻ പോകുന്നു. സമ്മതമാണോ?"

ഒരു പ്രതിജ്ഞയുടെ സ്വരം എന്റെ സംസാരത്തിൽ കലർന്നിരുന്നു.

അവരൊന്നും മറുപടി പറഞ്ഞില്ല. സമ്മതമായിരിക്കുമെന്നു് ഞാനൂഹിച്ചു.

അങ്ങിനെയാണു് ഒരുദ്യോഗാർത്ഥിയായി ഞാൻ നാട്ടിൽ നിന്നും തിരിച്ചതു്. എന്നെ യാത്രയയയ്ക്കുവാൻ

അച്ഛനോടൊപ്പം ശാരദയും തീവണ്ടിയാഫീസിലേക്ക വന്നിരുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്. ഞാൻ അവൾക്ക വേണ്ടി നാടുവിടുന്നു—അവൾക്ക പഠിക്കുവാനുള്ള പണമുണ്ടാക്കുവാൻ.

അപരിചിതമായ ആ വിദേശനഗരിയിലെ വീഥികളിലൂടെ ഞാൻ കണക്കില്ലാതെ അലഞ്ഞുതിരിഞ്ഞു. കൂററൻമാളികകൾ പലതും കയറിയിറങ്ങി. എങ്ങും ഒഴിവില്ല. 'നോ വേക്കൻസി' എന്നെഴുതിയ പലകകൾ പലയിടത്തും തൂങ്ങുന്നതു കാണാം. ഒരിടത്തു ചെന്നപ്പോൾ എനിക്ക പൊട്ടിച്ചിരിക്കാതിരിക്കുവാൻ കഴിഞ്ഞില്ല. ഇൻഡ്യയിലെ മിക്ക ഭാഷകളിലും 'നോ വേക്കൻസി'യുടെ തർജ്ജിമകൾ എഴുതിവെച്ചിട്ടുണ്ട്. മലയാളത്തിലായപ്പോൾ അതു് 'ഒളിവില്ല' എന്നായിപ്പോയി!

ഒരു കന്മതിലിന്മേൽ ചേർത്തൊട്ടിച്ചിരുന്ന പൊക്കമേറിയ ഒരു പരസ്യപ്പലക ഞാൻ വായിച്ചു നോക്കി, പട്ടാളത്തിൽ ചേരുവാൻ സന്നദ്ധരായ യുവാക്കളെ ആവശ്യമുണ്ട്. സൌജന്യമായ വസ്ത്രം; ഭക്ഷണം; കൂടാതെ ശമ്പളവും. എന്താ! പട്ടാളത്തിൽ ചേർന്നാലോ? യുദ്ധത്തിന്നു പോകേണ്ടിവരും. എന്നാലും തരക്കേടില്ല. ശമ്പളമുള്ള ജോലിയല്ലെ? ശാരദയ്ക്കു പഠിക്കുവാൻ പണമല്ലേ വേണ്ടതു ?

ഞാൻ ഒരു ഭടനായി ചേർന്നു.

തൽക്കാലം യുദ്ധരംഗത്തേക്ക പോകേണ്ട ആവശ്യമില്ലായിരുന്നു. ഞങ്ങൾ തയ്യാറെടുത്തു നിൽക്കുകയാണ്, നിമിഷനേരത്തിന്നിടയിൽ എവിടെ വേണമെങ്കിലും ചെ

ന്നെത്താൻ. പെട്ടെന്നൊരു കല്പന, മദ്ധ്യഭാരതത്തിലേക്കു പോകുവാൻ. അവിടെയും ശത്രുക്കൾ കടന്നെത്തിയോ……? ഒന്നും മനസ്സിലായില്ല. ഒരു ലഹളയായിരുന്നു. അവിടെ മാത്രമല്ല, ഇൻഡ്യയിലെ ഇതരസ്ഥലങ്ങളിലും അതു നടക്കുന്നുണ്ടെന്നു് ഞങ്ങൾക്കു മനസ്സിലായി. ഒരു വിഭാഗം ലാഹോറിലേക്കു കുതിച്ചിട്ടുണ്ടു്. അതുപോലെതന്നെ കൽക്കത്തയിലും, മദിരാശിയിലും, ബോംബെയിലും പട്ടാളക്കാർ ചെന്നെത്തിയിട്ടുണ്ടാകാം. രാജ്യരക്ഷയ്ക്കുവേണ്ടി ഞങ്ങൾ വെടിവെച്ചു. 'രാജ'രക്ഷയ്ക്കു വേണ്ടിയായിരുന്നു അതെന്നു് ഇപ്പോൾ ഓർക്കുന്നു. ബുദ്ധി അല്ലമെങ്കിലും സ്വാതന്ത്ര്യമാണിന്നു്.… ആറു ശവങ്ങളെ ഞാൻ തന്നെ നിലത്തു വീഴ്ത്തി. അവർക്കു് ത്രിവർണ്ണപതാക പറപ്പിക്കണമത്രെ! അതു പാടില്ലെന്നു് ഞങ്ങളുടെ മേലധികാരികൾ കല്പിച്ചു. പട്ടാളമുറ……വെടി…ഒന്നു്…രണ്ടു്…മൂന്നു്……

പണമില്ലാതെ അവർ കഴങ്ങരുതു്. എന്റെ മണിയോർഡർ ഡിപ്പാർട്ടുമെന്റു വഴിയായിത്തന്നെ അവർക്കു കിട്ടിക്കൊണ്ടിരുന്നു.

കശാപ്പിന്നു കൊണ്ടുപോകപ്പെടേണ്ട മാടുകളെപ്പോലെ തിന്നും കുടിച്ചും കഴിഞ്ഞിരുന്ന നാളുകൾ പെട്ടെന്നു കഴിഞ്ഞുപോയി. ഞങ്ങൾക്കു ഉത്തരവു കിട്ടി, ബർമ്മയിലേക്കു കുതിക്കുവാൻ. സ്ഥിതിഗതികൾ ആശാവഹമല്ലാതായിരിക്കുന്നു. ജാപ്പുപട്ടാളക്കാർ ഭാരതത്തിന്റെ കിഴക്കേഗോപുരവാതില്ക്കലെത്താറായിരിക്കുന്നു. 'ഗറില്ല' സമരത്തിൽ പരിചയമില്ലാത്ത ഇൻഡ്യൻഭടന്മാർ ബർമ്മ

യിലെ കുന്നിൻപ്രദേശങ്ങളിൽവെച്ച് ആയിരക്കണക്കിന്ന് കശാപ്പുചെയ്യപ്പെട്ടു. കീഴടങ്ങിയവരിൽ പലരും ശത്രുപക്ഷത്തിൽ ചേർന്ന് യുദ്ധംചെയ്യുന്നവരത്രെ! അധികാരികൾ പറഞ്ഞു പരത്തിയതാണ്. സ്വതന്ത്രഭാരതസേനയെപ്പററി ഞങ്ങൾക്കൊന്നും അറിഞ്ഞുകൂടായിരുന്നു.

ഞങ്ങളുടെ ബററാലിയൻ ബർമ്മയിലേയ്ക്കു യാത്രയായി. മരണത്തിൻെറ മുൻപിലേയ്ക്കുള്ള കുതിച്ചുപായൽ...... ചിലക്കാഗ്രഹമുണ്ടായിരുന്നു, അവധിയെടുത്ത് വേണ്ടപ്പെട്ടവരെയെല്ലാം കണ്ടുവരേണമെന്ന്. സമയമില്ല. .........ഇരുപത്തിനാലു മണിക്കൂറിന്നുള്ളിൽ പുറപ്പെടാനുള്ള കല്പനയാണ്.

ആസാമിലെ ക്യാമ്പിൽവെച്ച് ചിലക്കെല്ലാം മലേറിയ പിടിച്ചു ചിലർ മരിച്ചു. മരിക്കാത്തവരെ വഴിയിൽ വിട്ടേച്ചുപോയി. മലേറിയ ഒരു പകച്ച്രോഗമാണ്!

കുപ്പായക്കീശയിൽ ഭദ്രമായി വെച്ചിരുന്ന ഒരു കടലാസ് ഞാൻ സ്നേഹപുരസ്സരം തലോടി. അതു ശാരദയുടെ കത്താണ്. അതിൽ അവൾ ഒരു ഫോട്ടോയും അടക്കം ചെയ്തിരുന്നു. സാരിയുടുത്ത്, 'പിന്നി'യിട്ട തലമുടിയുമായി നില്ക്കുന്ന സുന്ദരിയായ ഒരു യുവതി. ജീവിതസ്വപ്നങ്ങൾ നുകരുവാൻ വെമ്പിനില്ക്കുന്ന കണ്ണിണം അവൾ കലാശാലയിലാണ് പഠിക്കുന്നത്. വഷങ്ങൾ എത്ര ധ്രുതഗതിയിലാണ് കടന്നുപോയത്........!

എൻെറ പണംകൊണ്ടു് അവളൊരു ബിരുദധാരിയാകണം. ഞാനതിൽ അഭിമാനം കൊള്ളും; അഭിമാ

നിക്കുകയുമാണു്. അവൾ......അവൾ......ഓ! മധുര മൂറുന്ന ചിന്ത.

സമരവീര്യം തുളുമ്പുന്ന ഭടന്മാരെപ്പോലെ ഞാനും ശത്രുസൈന്യങ്ങളുടെനേരെ തിരകളൊഴിച്ചു. ഉന്നം പിഴയ്ക്കാത്ത വെടിയുണ്ടകൾ. എത്രപേരെയാണു് ഞാൻ കൊന്നൊടുക്കിയതു്!

ഒരു യുവതി കുററിക്കാടുകളിലൂടെ പൊട്ടിച്ചിരിച്ചുകൊണ്ടു നടക്കുകയാണു്. അവൾക്കു് ചിത്തരോഗമായിരിക്കാം. കെട്ടഴിഞ്ഞു്, കവിളിണയിലൂടെയും, നിതംബഭാഗത്തിലൂടെയും ഊന്നു കിടക്കുന്ന ചുരുണ്ട തലമുടി. ചിലപ്പോളവൾ പൊട്ടിച്ചിരിക്കും; ചിലപ്പോൾ തേങ്ങിക്കരയും. ഉടുപുടവയെല്ലാം കീറി മലിനമായിരിക്കുന്നു. വേണ്ടപ്പെട്ടവരെല്ലാം മരിച്ചുപോയിരിക്കാം. പിന്നെ ഭ്രാന്തു പിടിക്കാതിരിക്കുമോ.........കുപ്പായക്കീശയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്ന ഛായാപടത്തെ ഞാൻ സ്നേഹപുരസ്സരം തലോടി.

"ഫയർ.........."

എങ്ങുനിന്നോ ഒരു ശബ്ദം കേട്ടതുപോലെ തോന്നി ഞാനൊന്നു ഞെട്ടി. കൈകൾ യാന്ത്രികമായി അമർന്നു...ഠോ......അതിനെത്തുടർന്നു് ചെവി തുളയ്ക്കുന്നൊരു നിലവിളിയും......ആ യുവതി കിടന്നു പിടയുകയാണു്!

മരണം കണ്ടു പഴകിയ എനിക്കു് ഹൃദയം മിടിച്ചില്ല.

ഭക്ഷണമില്ല; മാലിന്യം കലരാത്ത വസ്ത്രങ്ങളില്ല; കിട്ടിയതെന്തും ഭക്ഷിക്കാം. ഒററപ്പെട്ടു പോകാതിരിക്കു

വാൻ നന്നേ ശ്രദ്ധിക്കണം. മൂക്ക തുളയ്ക്കുന്ന ദുർഗ്ഗന്ധം. അടുത്തെങ്ങാനും പഴകിയ ശവം കിടന്നു നാറുകയായിരിക്കാം. മഞ്ഞും മഴയും വെയിലും, കുററിക്കാട്ടുകളും, ചോരയും ശവങ്ങളുമെല്ലാം നിറഞ്ഞൊരു ജീവിതം.

ഹിറോഷിമയിൽ ആററംബോമ്പു വീണപ്പോൾ ഞങ്ങൾക്കെല്ലാം മടങ്ങുവാനുള്ള കല്പന കിട്ടി. പലരേയും തമ്മിൽ കണ്ടിട്ടു മനസ്സിലാകുന്നില്ല. പരിചിതരായ പലരേയും കാണ്മാനുമുണ്ടായിരുന്നില്ല.

സമരരംഗത്തിൽ മരണത്തേയും പ്രതീക്ഷിച്ച് കഴിഞ്ഞുകൂടിയിരുന്നപ്പോൾ വർഷങ്ങളുടെ ചിറകടി ശ്രവിക്കുവാൻ കഴിഞ്ഞിരുന്നില്ല. വീട്ടുകാരേയും വേണ്ടപ്പെട്ടവരേയും കുറിച്ച് അത്രയേറെ ചിന്തിക്കുവാനും കഴിഞ്ഞിരുന്നില്ല. ചിലപ്പോഴങ്ങോർത്തുപോകും—പക്ഷേ, നിമിഷനേരത്തേയ്ക്കുമാത്രം. മരണത്തിൻെറ സദൃശ്യഹസ്തങ്ങൾ വന്നു പിടികൂടിയാലോ? യുദ്ധരംഗത്തിലെ ഭടന് ചിരിക്കുവാനും ചിന്തിക്കുവാനും സമയമില്ല.

നാട്ടിലേയ്ക്കൊന്നു തിരിക്കുവാൻ എൻെറ ഹൃദയം തുടിക്കുകയായിരുന്നു. ധൂമപടലവും, വിഷവായുവും, ദുർഗ്ഗന്ധവും കലരാത്ത ശുദ്ധവായു വേണ്ടുവോളം ശ്വസിക്കാമല്ലോ. പോററിവളർത്തിയ വീട്ടുകാരോടൊപ്പം ഉല്ലാസദായകങ്ങളായ ദിവസങ്ങൾ കഴിച്ചുകൂട്ടാം. പിന്നെ, ഒരു യുവതിയായി വളർന്നുകഴിഞ്ഞിരിക്കുന്ന എൻെറ ശാരദയെ ഇടയ്ക്കിടയ്ക്ക് സന്ദർശിക്കാം—ആ വേളകൾ എത്ര സ്വർഗ്ഗീയങ്ങളായിരിക്കും. ഞാൻ അവർക്കുവേണ്ടി പട്ടാളക്കാരനായി. അവർക്കുവേണ്ടി പടപൊരുതി. എന്നെയും

പ്രതീക്ഷിച്ച് അവൾ അക്ഷമയായി കഴിഞ്ഞുകൂട്ടുകയായിരിക്കും. ചുക്കിച്ചുളിഞ്ഞ ഛായാപടം കീശയിൽനിന്നും തപ്പിയെടുത്ത് നിന്നിമേഷനായി ഞാനതിലേയ്ക്കുററു നോക്കിക്കൊണ്ടിരിക്കാറുണ്ട്............

മലനാട്ടിലെ വിശാലമായ ആ വയലിൻെറ മദ്ധ്യത്തിലൂടെ എന്നെയുംകൊണ്ട് തീവണ്ടി കുതിച്ചു പായുമ്പോൾ 'തൊണ്ടി'പൂവിനുവേണ്ടി പൂവട്ടിയുംകൊണ്ടോടി നടക്കുന്ന പൈതങ്ങൾ, തിരുവോണക്കാലമാണതെന്ന് എന്നെ ഓർമ്മിപ്പിച്ചു. എൻെറ പെട്ടിയിലിരിക്കുന്ന ആ കസവുസാരികൾ അവൾക്ക് ഓണപ്പുടവയായിതന്നെ കൊടുക്കാം.

ഞാൻ ചെന്നു കയറിയപ്പോൾ അച്ഛനും അമ്മയും പൂർവ്വാധികം സന്തോഷിച്ചു. മുൻകൂട്ടി, അറിയിക്കാതെയാണ് ഞാൻ വീട്ടിലെത്തിയതു്. പിന്നെ, പുലരുന്നതു പൊന്നോണമാണ്. എല്ലാവരും ഒരുമിച്ചിരുന്ന് ഊണു കഴിക്കുന്നതുതന്നെ ഒരു സന്തോഷമല്ലേ.

ശാരദയുടെ അച്ഛൻ മരിച്ചുവെന്ന് അമ്മ പറഞ്ഞു. ഒരു രണ്ടുമാസം മുമ്പ്. അവരെല്ലാവരും ദുഃഖിച്ചിരിക്കുകയായിരിക്കും.

ഞാൻ ശാരദയുടെ വീട്ടിലേയ്ക്കു യാത്രയായി. അവൾക്കുള്ള ഓണപ്പുടവ ഭദ്രമായി പൊതിഞ്ഞു് ഞാനെൻെറ കൈവശം വെച്ചിരുന്നു. എൻെറ ഹൃദയം വെമ്പൽകൊള്ളുകയാണ്—അവളെ കാണുവാൻ; എൻെറ അഭിനന്ദനങ്ങളറിയിക്കുവാൻ. അവൾ ഒരു ബിരുദധാരിയാണ്.

ചിന്താമധുരങ്ങളായ ഓർമ്മകളെ താലോലിച്ച് ഞാൻ ആ വീട്ടിലേയ്ക്കു കയറി. അവിടം മാറിയിരിക്കുന്നു. ഒരൊച്ചയും അനക്കവുമില്ല. ഒരു നേരിയ ഗാനം.........! അവൾ പാടുകയാണ്, എൻെറ ശാരദ! എത്ര മധുരമായ ഗാനം.

അടുക്കളെയിൽ നിന്നും പുറത്തേക്കു വരുമ്പോഴാണ് ശാരദയുടെ അമ്മ എന്നെ കണ്ടത്. അവക്കു വിശ്വസി ക്കുവാൻ കഴിഞ്ഞില്ലെന്നു തോന്നുന്നു.—ആ നോട്ടത്തിന്റെ അർത്ഥം അതായിരുന്നിരിക്കണം. അവരെന്നെ മാറോടു ചേർത്ത് പൊട്ടിക്കരയുവാൻ തുടങ്ങി. അവർ ഭർത്തൃമര ണത്തിൽ ദുഃഖിച്ചിരിക്കുകയാണ്. എന്നെ കണ്ടപ്പോൾ ആ പഴയ ഓർമ്മകൾ തിരിച്ചു വന്നിരിക്കാം. എനിക്കും കണ്ണുനീരടന്നു.

ഞാൻ കോവണിപ്പടി കയറി മുകളിലേക്കു പോയി. ട്യൂഷൻമാസ്റ്ററായി ഞാൻ ശാരദക്കു പാഠങ്ങൾ പറഞ്ഞു കൊടുത്തിരുന്ന മുറി. ഒരു നിലക്കണ്ണാടിയുടെ മുൻപിലി രുന്ന് അവൾ തലമുടി കോതിമിനുക്കുകയാണ്. അവൾ ഒരപ്സരസ്സായിത്തീർന്നിരിക്കുന്നു. ഒരു മൂളിപാട്ട് വായുവിൽ ലയിക്കുന്നുണ്ട്.

നിന്നിമേഷനായി ആ രംഗം കണ്ടുകൊണ്ട് ഞാന ങ്ങിനെ നിന്നുപോയി.

"ശാരദേ..."

അവൾ പെട്ടെന്നു തിരിഞ്ഞുനോക്കി. അവൾക്കു വിശ്വാസമായില്ല. ഞാനപ്പോൾ ചെന്നു കയറുമെന്ന്. അവൾ പ്രതീക്ഷിച്ചിരിക്കുകയില്ല. ആ മുഖത്ത് ഒരു

പുഞ്ചിരിയെങ്കിലും പൊടിഞ്ഞിരുന്നെങ്കിൽ······അവളെ ന്നെ ഉററു നോക്കുകയാണു്.

"ശാരദേ, എൻെറ അകമഴിഞ്ഞ അഭിനന്ദങ്ങൾ."

"താങ്ക്സ്" കീഴ്പോട്ടു നോക്കി അവൾ മറുപടി പറഞ്ഞു.

"ഇതെൻെറ ശാരദക്കൊരു സമ്മാനം" കയ്യിലിരുന്നിരുന്ന പൊതി ഞാനവൾക്കു നേരെ നീട്ടി.

അവൾ നിന്നിടത്തു നിന്നും അനങ്ങിയില്ല. എൻ്റെ മുഖത്തേക്കൊന്നു നോക്കുക പോലും ചെയ്തില്ല. ഞാൻ അവൾക്കരികിലേക്കു ചെന്നു. അവളാകട്ടെ, അവിടെനിന്നും തിരിഞ്ഞൊരു നടത്തം—പുറത്തേക്ക്! ഞാൻ തരിച്ചു നിന്നു പോയി. ഇതോ എനിക്കു കിട്ടിയ സ്വീകരണം?

ചുരുണ്ട തലമുടിയും കണ്ണടയുമുള്ള സുമുഖനായൊരു യുവാവിൻെറ ഫോട്ടോ ആ മേശപ്പുറത്തിരുന്നിരുന്നു:—

" എൻെറ പ്രിയപ്പെട്ട ശാരദക്കു".

അതിന്നു ചുവടെ മറെറാരു കുറിപ്പു്. ശാരദയുടെ കയ്യക്ഷരമാണു്:—

"എൻെറ ശശി."

ആ കടലാസു പൊതി എൻെറ കയ്യിൽ നിന്നും ഊന്നു വീണു. ഒരു ഭ്രാന്തനെപ്പോലെ ഞാനവിടെ നിന്നും വെളിയിൽ കടന്നു······

*　*　*　*　*

ഇന്നു് അവളുടെ വിവാഹമാണു്. അവൾക്കു നല്ലതു വരട്ടെ!

---

# ആ കഥ

മണി പന്ത്രണ്ടടിക്കുകയാണു്. നിശ്ശബ്ദത നിറഞ്ഞ നിശീഥിനി. ലോകം സുഖസുഷുപ്തിയിൽ ആണ്ടുകിടക്കുന്നു. ചന്ദ്രികയുടെ പാലൊളി എങ്ങും വെണ്മ പുരട്ടുകയാണു്. ഒരു നേരിയ മൂടൽമഞ്ഞു് പുകപോലെ എല്ലായിടത്തും പരന്നിട്ടുണ്ടു്. ശീതകാലരാത്രിയാണു്. നല്ല തണുപ്പുണ്ടു്. ഈ മൂടൽമഞ്ഞും തണുപ്പും ഞങ്ങളുടെ ദിനരാത്രസുഹൃത്തുക്കളാണു്. ചിലപ്പോൾ ദേഹമാസകലം മരവിച്ചു് രക്തപ്രവാഹം നിന്നു പോയതുപോലെ തോന്നും. തടിച്ച കമ്പിളിക്കുള്ളിൽ കടന്നുകൂടിയാൽ ദേഹത്തിനു് അല്പമെങ്കിലും ചൂടു കിട്ടും.

ഒരു സിഗററു കത്തിച്ചു് ഞാൻ വീണ്ടും എഴുത്തു തുടങ്ങി. എഴുതുവാനും വായിക്കുവാനും പകലൊന്നും സമയം കിട്ടുകയില്ല. പുലച്ച്യുക്കു ഫാക്ടറിയിൽ പോയാൽ വൈകുന്നേരമേ മടങ്ങിയെത്തുകയുള്ളൂ. ഒന്നു നടക്കുവാനിറങ്ങും. പിന്നെ, ഞാനൊരു വിവാഹിതനാണു്. ഞാനും എന്റെ കുടുംബിനിയും മാത്രമേയുള്ളൂ. ഒരു വാലിയക്കാരനെ നിർത്തുവാൻ മോഹമില്ലാഞ്ഞിട്ടല്ല, കഴിവില്ല. മാസംപ്രതി കിട്ടുന്ന ശമ്പളംകൊണ്ടു് രണ്ടുപേരുടെ ചിലവു് കഷ്ടിച്ചു കഴിച്ചുകൂട്ടാം. അപ്പോൾ ഒരു വാലിയക്കാരനെക്കൂടി കൊണ്ടുവന്നാലോ? ഭാർഗ്ഗവി വീട്ടുജോലി ചെയ്യും. കർത്തവ്യബോധമുള്ള ഒരു കുടുംബിനിയാണവൾ. എൻെറ ബുദ്ധിമുട്ടുകൾ നല്ലതുപോലെ അറിയാമായിരുന്നതുകൊണ്ടു് ഒരു വേലക്കാരൻ വേണമെന്നു് ഇന്നുവരെയും

പറഞ്ഞിട്ടില്ല. ഇടയ്ക്കെല്ലാം അവളെ വീട്ടുജോലിയിൽ ഞാൻ സഹായിക്കും.

പുതിയ ഒരാശയം കയ്യിൽ കിട്ടിയാൽ അതിനെയു ടൻ കഥാരൂപത്തിലേക്കു പകർത്തണമെന്ന് എനിക്കു നിർബ്ബന്ധമാണ്. രണ്ടു ദിവസമായി ഞാനീ ചെറുകഥ യെഴുതിത്തീർക്കുവാൻ ഒരുക്കു കൂട്ടുകയായിരുന്നു. ഒരു കഥാ ബീജം ലഭിച്ചു. പക്ഷെ, കടലാസ്സിലേക്കു പകർത്തണമ ല്ലൊ. സ്വയം മറന്ന് ഞാനെഴുതുകയായിരുന്നു.

മണി ഒന്നടിച്ചു.

ഞാനെഴുത്തു നിർത്തി, എഴുതിയ പേജുകളിലൂടെ കണ്ണോടിച്ച് തെററുകൾ തിരുത്തി. ഇന്നേവരെ ഞാ നെഴുതിയിട്ടുള്ള ചെറുകഥകളിൽ അതിനോടു കിടപിടി ക്കത്തക്കതായി ഒന്നുമില്ലെന്ന് എനിക്കു തോന്നി. അടു ത്തദിവസം തന്നെ പത്രത്തിന്നയയ്ക്കണം.

മുറിയിൽ ഞാൻ അശ്രദ്ധനായി ഉലാത്തുകയായിരു ന്നു. എഴുതിക്കഴിഞ്ഞ ആ കഥയിൽ ഇനിയും ചില ചില്ലറ മാററങ്ങൾ വരുത്തിയാൽ നന്ന്. ഒരു വേശ്യ സമു ദായത്തിൽ ഉടലെടുക്കുന്നതു് ഇന്നത്തെ സാമൂഹ്യസാമ്പ ത്തികവ്യവസ്ഥകളുടെ കെട്ടുറപ്പില്ലായ്മ കൊണ്ടാണെന്നാ യിരുന്നു ഞാൻ സമർത്ഥിച്ചിരുന്നതു്.

ഭാർഗ്ഗവി സുഖമായുറങ്ങുകയാണ്. ദിനജോലികൾ നിമിത്തം അവൾ പരിക്ഷീണയായിരുന്നു. പുലർച്ചയ്ക്കെ ഴുന്നേററാൽ പിന്നെ അവൾക്ക് ചെയ്തു തീർക്കേണ്ട ജോലി കൾ നിരവധിയാണല്ലൊ.

നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് വെളിയിൽനിന്നും മർമ്മഭേദകമായ ഒരു കരച്ചിൽ പെട്ടെന്നു പൊട്ടിപ്പുറപ്പെട്ടു. ഒരു കൂട്ട നിലവിളി. ഞാൻ പരിഭ്രമിച്ചുപോയി. എന്തുസംഭവിച്ചുവെന്നറിയുവാൻ വെളിയിലേയ്ക്കു നോക്കി നില്പായി. ചന്ദ്രികയുള്ള രാത്രിയായിരുന്നതുകൊണ്ടു് പുറമേ നടക്കുന്ന കാര്യങ്ങൾ അവ്യക്തമായിട്ടെങ്കിലും എനിക്കു കാണാമായിരുന്നു. അധികം ദൂരത്തല്ലാത്ത ആ വീട്ടിലേയ്ക്കു്—നിലവിളി കേട്ട ലക്ഷ്യസ്ഥാനത്തേയ്ക്കു്—അയൽവീട്ടുകാരിൽ ചിലർ ഓടിയടുക്കുന്നുണ്ടായിരുന്നു.

ആ വീട്ടുകാരിവിടെ താമസമാക്കിയിട്ടു് കുറച്ചുനാളുകളേ ആയിട്ടുള്ളു. അതിന്നിടയിൽത്തന്നെ അവർക്കെത്ര പരിചയക്കാരുണ്ടായെന്നോ? രാത്രിയുടെ നിശ്ശബ്ദയാമങ്ങളിൽ അവിടെ പൊട്ടിച്ചിരിയും ആഹ്ലാദപ്രകടനങ്ങളും കേൾക്കാം. മദ്ധ്യവയസ്കയായ ഒരു സ്ത്രീയും അവരുടെ യുവതിയായ ഒരു മകളും മാത്രമാണവിടെ താമസം...... ഇന്നേവരെയും ഞാനവരെ നേരിട്ടു കണ്ടിട്ടില്ല.

ജനങ്ങൾ തടിച്ചുകൂടിയിട്ടുണ്ടു്. തേങ്ങിച്ചുകൊണ്ടു് ഇളകിയതുപോലെയുള്ള ഒരിരമ്പൽ അവിടെനിന്നും കേൾക്കാമായിരുന്നു.

എന്താണവിടെ നടക്കുന്നതെന്നറിയുവാനുള്ള ആകാംക്ഷയോടെ ടോർച്ചുമെടുത്തു് ഞാൻ വെളിയിലേക്കിറങ്ങി. ഭാർഗ്ഗവിയെ ഉണർത്തിയില്ല. അവൾ സുഖമായുറങ്ങുകയാണു്.

റാന്തലും ചൂട്ടും അവിടെ വെളിച്ചം വാരിവിതറി. ചുകന്ന വെളിച്ചം!

അവിടെ വല്ല കൊലപാതകമോ മറേറാ നടന്നിരിക്കമെന്നു് ഞാൻ സംശയിച്ചു. വേശ്യകളുടെ പാപ്പിടങ്ങളിൽ അതു സാധാരണമായിരിക്കമോ? ആ യുവതിക്കു് എത്രയോപേരെ സന്തുഷ്ടരാക്കണം; തൃപ്തിപ്പെടുത്തണം! അവഠം വിവാഹിതയായിരിക്കുമോ? ആയിരിക്കാം....... എന്നിട്ടും അവഠം.........എൻെറ ഹൃദയം ദ്രുതഗതിയിൽ മിടിക്കുവാൻ തുടങ്ങി. മിക്കവാറും മറന്നുകഴിഞ്ഞ ഒരനുഭവത്തിൻെറ ഓമ്മകഠം വീണ്ടും പത്തിയുയത്തുകയാണു്. ഇരുപതുവഷങ്ങളുടെ പഴക്കമുണ്ടതിന്നു്. പരിഷ്കാരത്തിൻെറ പുത്തൻവീചികഠം അനുനിമിഷം അലച്ചുകൊണ്ടിരിക്കുന്ന ഒരു നഗരത്തിൽവെച്ചു് അതു സംഭവിച്ചു. എൻെറ ജീവിതത്തിന്നു് അന്നും ഇന്നും അവിടെയും ഇവിടെയുമായി എന്തൊരു വ്യത്യാസമാണു്......!

ഒരു ധനികയുവാവിൻെറ സീമയററ പ്രൌഢിയും പ്രതാപവുംകൊണ്ടാണു് ഞാനാപ്പട്ടണത്തിൽ ആദ്യമായി കാൽകുത്തിയതു്. ദുരഹങ്കാരവും മദ്യപാനവും എൻെറ കൂട്ടാളികളായിത്തീന്നിരുന്നതിൽ എനിക്കിന്നത്ഭുതം തോന്നുന്നില്ല. "വായിൽ വെള്ളിക്കരണ്ടി"യുമായിട്ടാണു് ഞാൻ ജനിച്ചതുതന്നെ. വിലയേറിയ ഭക്ഷ്യപദാത്ഥങ്ങഠം; താരാട്ടു കേട്ടുറങ്ങുന്നതിന്നു് മോടിയേറിയ തൊട്ടിൽ; പാടിയുറക്കുന്നതിന്നു് ഭൃത്യകഠം; ഭംഗിയുള്ള ഉടുപ്പുകഠം. ഓ! എന്തൊരാനന്ദമായിരുന്നു! ഒരു നാടൻപ്രഭുവിൻെറ അന്തസ്സിന്നും കഴിവിന്നും ചേന്നു് ഞാൻ വളന്നു.

കാറിൽ കയറി ഞാനെന്നും സ്ക്കൂളിൽ പോകം. സഹപാഠികഠം എനിക്കുവേണ്ടി വഴിമാറിത്തരുമ്പോഠം

ഞാനഭിമാനംകൊള്ളും. ഒരു പ്രഭുവിൻെറ മകനെ അവർ ബഹുമാനിക്കണം.

ഞാൻ മററുള്ളവരിൽനിന്നും അകന്നാണു് ക്ലാസിലിരിക്കാറു്. അവററയ്ക്കു് നാററമുണ്ടു്! കുളിക്കാത്തവറ്റ്ം! വൃത്തികെട്ട ഭക്ഷണങ്ങളാണു് കഴിക്കുന്നതു്, അതിലത്ഭുതമില്ല. അവർക്കെന്നാളം പണമുണ്ടോ?

പതിന്നാലുവയസ്സിലാണു് ഞാൻ ആദ്യമായി മദ്യപിച്ചതു്. അച്ഛൻെറ ശേഖരണത്തിൽനിന്നും തട്ടിയെടുത്ത വിലയേറിയ മദ്യം. ഒരു തലക്കറക്കമുണ്ടായി. പക്ഷെ, പിന്നീടതു വിട്ടുപോയി. എന്തു രസമാണു്! പുളിച്ച കള്ളും കുടിച്ചു് നടപ്പാതയിലൂടെ ചിലർ ചാഞ്ചാടി വരുന്നതു കാണുമ്പോഠം എനിക്കറപ്പു തോന്നാറുണ്ടു്.

എന്നെ എല്ലാവർക്കും വലിയ ഭയമായിരുന്നു. ഞാനൊരു പ്രഭുവിൻെറ മകനാണു്. എൻെറ ഏതധികാരത്തേയും അവർ സഹിക്കണം. ഞാനൊരു തറവാടിയാണു്. അതിലെനിക്കഭിമാനിക്കണം. ഇവററയ്ക്കുള്ളതു് ചെററപ്പുരകളല്ലേ. നാറുന്ന പാപ്പിടങ്ങഠം!

അച്ഛൻ പലപ്പോഴും ഉപദേശിക്കാറുണ്ടു്, നീചവർഗ്ഗവുമായി കൂട്ടുകൂടരുതെന്നു്; എൻെറ നിലയും വിലയും ഞാനോർക്കണമെന്നു്.

പണമില്ലാത്തവർ നീചപ്പുരുഷകളാണു്!

വിദ്യാഭ്യാസം എന്നെ സംബന്ധിച്ചിടത്തോളം ഒരാവശ്യമായിരുന്നില്ല. പരിഷ്കാരിയായി ഞെളിയുന്നതിനുള്ള ഒരുപാധിമാത്രം. ഞാൻ ബിരുദധാരിയായി—കഷ്ടിച്ചു ജയിക്കുവാനുള്ള മാർക്കുകളോടെ.

കലാലയത്തിൽവെച്ച് ഞാനെൻെറ സുഹൃത്തുക്കളുടെ ആരാധ്യപുരുഷനായിരുന്നു. ഇഷ്ടംപോലെ ചിലവാക്കുവാൻ പണമുണ്ടെങ്കിൽ അതിന്നു വിഷമമില്ല. അവിടെയുമുണ്ടായിരുന്നു ആ നാറുന്ന വർഗ്ഗങ്ങൾ. ഒരൊറ്റക്കുപ്പായംകൊണ്ടു് അവർ നാളുകൾ തള്ളിനീക്കും. എപ്പോൾ നോക്കിയാലും പുസ്തകവും മടിയിൽവെച്ച് തപസ്സുചെയ്യുന്നതു കാണാം. ഇവരിത്ര കഷ്ടപ്പെട്ടു പഠിക്കുന്നതെന്തിനാണു്? വല്ല കൂലിവേലയ്ക്കും പൊയ്ക്കൂടെ? ഇക്കൂട്ടരോടെനിക്കു് എന്നും അവജ്ഞയാണു്.

ഒരുദ്യോഗവും തേടിപ്പോകണമെന്നു് എനിക്കാഗ്രഹമുണ്ടായിരുന്നില്ല. ഞാനെന്തിന്നു കഷ്ടപ്പെടണം? വീട്ടിലിരുന്നാലും സുഖമായി കഴിഞ്ഞുകൂടാം. ആവശ്യത്തിന്നു ചിലവാക്കുവാൻ വേണ്ട പണവുമുണ്ടു്. പിന്നെ, കണ്ടവൻെറയെല്ലാം മുന്നിൽ തലകുനിച്ചു് പണം സമ്പാദിക്കണോ?

അച്ഛൻെറ ഒരു സുഹൃത്തു് ആ നഗരിയിൽചെന്നു ചേർന്നിട്ടു് കുറേക്കാലമായി. അദ്ദേഹത്തിന്നവിടെ വലിയൊരു എസ്റ്റേററുണ്ടു്, കാപ്പിയും ചായയും മററും വളരുന്നതു്. ഒരു തേയിലക്കമ്പനിയുമുണ്ടു്. വലിയ ധനികനാണു്. അതുകൊണ്ടുതന്നെ അദ്ദേഹം എൻെറയും സൌഹൃദം സമ്പാദിച്ചിരുന്നു.

അദ്ദേഹത്തിനൊരു മാനേജർ വേണം, വിശ്വസ്തനായൊരാൾ. കാര്യങ്ങൾ ശരിക്കു് നടത്തുന്നതിന്നു് പ്രാപ്തനായിരിക്കണം.

"ഗോപിയെ അയച്ചുതരാം." അച്ഛൻ മാർഗ്ഗമുപദേശിച്ചു കൊടുത്തു.

"ആരു്? ഗോപിയോ? സമ്മതമായിരിക്കുമോ?

"ചോദിച്ചു നോക്കാം."

"അങ്ങിനെ യാണെങ്കിൽ സ്വന്തപ്പെട്ട ഒരാളായല്ലോ."

അതിനെപ്പററിയുള്ള അഭിപ്രായം ആരാഞ്ഞപ്പോൾ എനിക്കതിൽ വൈമുഖ്യം പ്രദശിപ്പിക്കുവാൻ കഴിഞ്ഞില്ല. ഒരു നഗരിയിൽ വലിയ ഒരു എസ്റ്റേററിൻേറയും കമ്പനിയുടെയും മാനേജരായിപ്പോകുന്നതു് തികച്ചും അഭിമാനകരമല്ലെ? തടിച്ച ശമ്പളം കിട്ടും. എത്രയധികം പേരുടെ മേൽ അധികാരശക്തി ചെലുത്താം. എത്ര സുഹൃത്തുക്കൾ! എത്ര സേവകന്മാർ! സുഖമായിരിക്കും.

"സ്വീററ്ഹോം" എസ്റ്റേററിൻെറ മാനേജർ പലതുകൊണ്ടും പ്രസിദ്ധനായി. ഞാനൊരു കാറുവാങ്ങി. നഗരത്തിലെ തെരുവുകളിലൂടെ എൻെറ കാർ മിന്നൽപ്പിണർപോലെ പായുമ്പോൾ......ഹോ! എന്തൊരാനന്ദമായിരുന്നു!

ആയിടയ്ക്കാണു് ഞാൻ ചന്ദ്രനുമായി പരിചയപ്പെട്ടതു്. നഗരത്തിലെ ഒരു കമ്പനിയിലെ ഉയന്ന ഉദ്യോഗസ്ഥനായിരുന്നു അയാൾ. ഒരു മുപ്പതിനോടടുത്തു പ്രായം.

പ്രകൃതി അയാൾക്കു് വൈരൂപ്യം സമ്മാനിച്ചിരുന്നു.

നഗരത്തിലെ മോടിയേറിയ ഒരു കെട്ടിടത്തിലാണു് ചന്ദ്രൻ താമസിച്ചിരുന്നതു്. അയാൾ വിവാഹിതനായിരുന്നു. സുന്ദരിയായ ഭാര്യ!

ഞാൻ പലപ്പോഴും ഓർത്തുപോയിട്ടുണ്ട്, അവൾ ചന്ദ്രനെ ഇഷ്ടപ്പെട്ടിരുന്നുണ്ടായിരിക്കുമോ എന്ന്.

ചന്ദ്രൻ എന്നെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. ഒരു സഹോദരനെയെന്നപോലെ വിശ്വസിച്ചിരുന്നു.

മദ്യത്തിൽ കുളിച്ച് ഞാനവിടെ പലപ്പോഴുംചെന്നു കയറാറുണ്ട്. ചന്ദ്രൻ എൻെറ നേരെ ഉറവുനോക്കും. അയാളെന്നെ പിടിച്ച് സോഫയിൽ കിടത്തും. ഞാൻ മിക്കപ്പോഴും അർദ്ധപ്രജ്ഞനായിരിക്കും. അയാളെന്നെ സ്നേഹപുരസ്സരം ഉപദേശിക്കും, ഇനിയൊരിക്കലും മദ്യപിക്കരുതെന്ന്.

സ്ഥാനത്തും അസ്ഥാനത്തും ഞാൻ ഓർത്തുപോകാറുണ്ട്—സുന്ദരിയായ ഭാര്യയും വിരൂപിയായ ഭർത്താവും.

എൻെറ സന്ദർശനവേളകൾ അവൾക്ക്, ആനന്ദപ്രദങ്ങളായിരുന്നുവെന്ന് ആ മുഖഭാവം വിളിച്ചുപറഞ്ഞിരുന്നു. ചന്ദ്രൻെറ അസാന്നിദ്ധ്യത്തിലായിരുന്നു താനും അതു് കൂടുതൽ പ്രത്യക്ഷപ്പെട്ടിരുന്നതു്. അയാൾ വന്നു കയറിയാൽ പിന്നെ ആ മുഖഭാവം പെട്ടെന്നു മങ്ങുന്നതു കാണാം.

അവളെന്നെ സൽക്കരിക്കും; എനിക്കരുകിൽ വന്നു നിന്ന് കാപ്പി പകർന്നുതരും. എന്തൊരാഡംബരപൂർവ്വമായ വസ്ത്രധാരണം! മാദകമായ സുഗന്ധം!

ചന്ദ്രൻ എന്നെ ആത്മാർത്ഥമായി സ്നേഹിച്ചു; അവളെന്നെ സൽക്കാരങ്ങൾ കൊണ്ടു് കൂടുതൽ വീർപ്പുമുട്ടിപ്പിച്ചു.

ഒരുദിവസം അവിചാരിതമായാണു് ചന്ദ്രൻ എൻെറയടുക്കൽ വന്നു പറഞ്ഞതു്.

"ഗോപീ, ഞാനടിയന്തിരമായി ഒരിൻസ്പെക്ഷനു പോകുകയാണ്. രണ്ടുദിവസം കഴിഞ്ഞേ മടങ്ങുകയുള്ളു."

"എങ്ങോട്ട്?"

"മദിരാശിയിലേക്ക്. സുശീല മാത്രമേയുള്ളു. അവൾക്കു പേടിയാവും. അവിടെച്ചെന്നു കിടക്കണം."

ഞാൻ സമ്മതിച്ചു. അവളും ആഹ്ലാദിച്ചിരിക്കണം...

പരിസരം നിശ്ശബ്ദമായിരുന്നു. ഒരു നേരിയ ശബ്ദം എവിടെയെങ്കിലും കേട്ടാൽ ഞാൻ ശ്രദ്ധിക്കും. എനിക്കു റക്കം വരുന്നില്ല. ഞാനെന്തെല്ലാമോ ആലോചിച്ചുംകൊണ്ടു കിടന്നു.

പെട്ടെന്നൊരു വളക്കിലുക്കം! എൻെറ ദേഹമാസകലം കോരിത്തരിച്ചുപോയി. കുറച്ചു വെള്ളം കുടിക്കുവാൻ കിട്ടിയിരുന്നെങ്കിൽ...എന്തൊരു ദാഹം! ഹൃദയത്തിന്റെ സ്പന്ദനം അത്യുച്ചത്തിൽ കേൾക്കാം.

പിന്നെയും അതാവർത്തിച്ചു. അവൾക്കും ഉറക്കം വരുന്നുണ്ടായിരിക്കുകയില്ല. തിരിഞ്ഞും മറിഞ്ഞും കിടക്കുകയായിരിക്കാം............

അടുത്ത പ്രഭാതത്തിൽ ഞാനവളെ കണ്ടു. ആ കൺപോളകൾ വീങ്ങിയിരുന്നു. ഉറക്കമൊഴിച്ചിട്ടാകാം. എനിക്കു ചായ പകൎന്നു തരുന്നതിന്നിടയിൽ അവളാരാഞ്ഞു:—

"ഉറങ്ങിയില്ലേ?"

അവളുടെ ശബ്ദത്തിൽ നേരിയൊരു വ്യത്യാസമുണ്ടായിരുന്നു. ചെറിയൊരു പതറിപ്പ്! ഞാൻ മറുപടി പറഞ്ഞില്ല. എനിക്കും.........

പ്രതീക്ഷാനിർഭരങ്ങളായ നിമിഷങ്ങളിലൂടെ രണ്ടുറങ്ങാത്ത രാത്രികൾ കടന്നുപോയി.

അന്ന് ചന്ദ്രൻെറയൊരു കമ്പി കിട്ടി. ഇനിയും ഒരാഴ്ച കഴിഞ്ഞേ അയാൾക്കു മടങ്ങുവാൻ കഴിയുകയുള്ളു.

ആഫീസുജോലികൾ ശരിക്കു നടക്കുന്നില്ല. കഴിഞ്ഞ രാത്രികളിലെ അനുഭവങ്ങളെ ചുററിപ്പിടിച്ചുംകൊണ്ടു് ഞാനെന്തൊക്കെയോ ചിന്തിക്കുകയായിരുന്നു. അവളുടെ പെരുമാററവും, ഇടറുന്ന കണ്ഠവും, വിറയ്ക്കുന്ന കൈകളും, വീർത്ത കൺപോളകളുമെല്ലാം ഞാൻ വ്യക്തമായി കണ്ടു. താനൊരു വിവാഹിതയല്ല എന്നുള്ള ചിന്ത അവളെ പിടികൂടിയിട്ടുണ്ടായിരിക്കാം. അതു വഞ്ചനയായിരിക്കുകയില്ലേ?

അന്നു രാത്രിയിലാണു് അവളുടെ ചാരിത്ര്യം ആദ്യമായി അപഹരിക്കപ്പെട്ടതു്. കൂരിരുട്ടിൽ ഞങ്ങളന്യോന്യം വാതിൽക്കൽ വെച്ചു് കൂട്ടിമുട്ടി.........ഞാൻ മൂക്കററം മദ്യപിച്ചിരുന്നു.

നാളുകളിലൂടെമോഹിച്ചുകഴിഞ്ഞ ഒരു കാര്യം സാധിച്ചുകിട്ടിയതുപോലെ അവൾ കൃതാർത്ഥയായി. ആ വിരിഞ്ഞ കണ്ണുകൾ അതിൻെറ പ്രതിബിംബങ്ങളായിരുന്നു. അവളുടെ പുഞ്ചിരി കൂടുതൽ മനോഹരങ്ങളായി. അവളുടെ സ്നേഹപ്രകടനങ്ങൾക്കൊരു കൊഴുപ്പും കുളുർമ്മയും കൂടിയിരുന്നു.

ആനന്ദത്തിൻെറ തിരകളിൽ ചവിട്ടി നാളുകൾ മുന്നോട്ടു കുതിച്ചു. സമയത്തും അസമയത്തും ഞാനവിടെ

യൊരു സന്ദർശകനായി. ചന്ദ്രൻ ഇതെല്ലാം അറിഞ്ഞിരുന്നെങ്കിൽ.........?

അനുസരണമുള്ള ഒരു കുടുംബിനിയിൽ നിന്നും അഹങ്കാരം മൂത്ത ഒരു പത്നിമാത്രമായി അവൾ മാറി. ചന്ദ്രനെ അവൾക്കു വെറുപ്പാണു്. അയാളോടല്ലമെങ്കിലും അനുസരണം കാണിക്കുകയില്ല!

ചന്ദ്രൻ ഒരാഴ്ചയായി പനി പിടിച്ചു കിടപ്പിലായിരുന്നു. ഉള്ളിലോർമ്മയുണ്ടെങ്കിലും ശബ്ദം പൊങ്ങുകയില്ല. കലശലായ പനി. എന്നിട്ടും, ഒരു ഡോക്ടറെങ്കിലും അങ്ങോട്ടു കാലുകുത്തുകയുണ്ടായില്ല. വേണ്ടത്ര ശുശ്രൂഷകളും മരുന്നുകളും ലഭിക്കാതെ ഒരു കിടക്കയിൽ അയാൾ മലർന്നു കിടന്നിരുന്നു.

അയാളോടുള്ള സൌഹൃദാധിക്യം കൊണ്ടല്ല, ഒരു ബോദ്ധ്യപ്പെടുത്തൽ മാത്രമായിട്ടായിരുന്നു ഞാനാമുറിയിലേക്കൊരു ദിവസം കടന്നു ചെന്നതു്. കസാല വലിച്ചു് കട്ടിലിന്നരികിൽ ഇട്ടു് ഇരിക്കുവാൻ ഭാവിക്കുമ്പോഴേക്കും സുശീല വിളിച്ചു പറഞ്ഞു:—

"അടുത്തെങ്ങും ഇരിക്കേണ്ട; പകച്ചരോഗമാണു്. ദാ, അവിടെപ്പോയിരിക്കാം. വരൂ."

മുറിയുടെ വേറൊരു ഭാഗത്തുള്ള കസേരയിൽ അവളെന്നെ കൊണ്ടിരുത്തി. മേശപ്പുറത്തു് കൈമുട്ടുകൾ കുത്തി അവൾ തമാശകൾ പറഞ്ഞു് പൊട്ടിച്ചിരിക്കുകയായിരുന്നു.

ചന്ദ്രൻ ഞങ്ങളെ ഉററുനോക്കിക്കൊണ്ടു കിടക്കുകയാണു്. അയാളുടെ കവിൾത്തടങ്ങളിലൂടെ കണ്ണുനീരൊ

ഴകിയിരുന്നു. വളരെ പ്രയാസപ്പെട്ടിട്ടെന്ന പോലെ നാവു കൊണ്ടു് ഉണങ്ങിയ ചുണ്ടുകാം നനച്ചു.

ഞാനൊന്നും സംസാരിച്ചില്ല. ആരോടും ഒരക്ഷരം ഉരിയാടാതെ അല്പസമയത്തിന്നു ശേഷം ആ മുറി വിട്ടു് പുറത്തിറങ്ങി.

അടുത്ത ദിവസം ഞാൻ അവിടെ ചെന്നു കയറിയപ്പോാം എൻെറ ചുരുളൻമുടി തൊട്ടുതടവിക്കൊണ്ടു് അവാം ചോദിച്ചു:—

"ഇന്നലെ രാത്രി എന്തേ വന്നില്ല?"

"എനിക്കു സുഖമുണ്ടായിരുന്നില്ല." ഞാൻ പുഞ്ചിരിച്ചും കൊണ്ടു് മറുപടി പറഞ്ഞു.

എൻെറ കവിാംത്തടത്തിൽ ഒരു മധുരമായ നുള്ളൽ സമ്മാനിച്ചുംകൊണ്ടു് അവാം തുടൎന്നു:—

"നുണ പറയണ്ട കേട്ടോ." 'ഡോസ്സ്' അധികമായി തല കറങ്ങിയിരിക്കാം."

"വാസ്തവം. എങ്ങിനെയിരിക്കുന്നു?"

"എന്തിരിക്കാനാ? രക്ഷപ്പെട്ടില്ല."

"അപ്പോാം വല്ല ഡോക്ടരേയും...?"

"ഉം? എന്തിനാ? എനിക്കു വേണ്ട."

അവളെന്നോടു് പലപ്പോഴും പറഞ്ഞിട്ടുണ്ടു്, ചന്ദ്രനെ അവാം ഇഷ്ടപ്പെട്ടിട്ടില്ല, ഇഷ്ടപ്പെടുന്നുമില്ല എന്നു്. അവളുടെ തലയിൽ വെച്ചു കെട്ടിയതാണത്രെ! അയാളൊരു വിരൂപനാണു്. പണം മാത്രം ഉണ്ടായിട്ടെന്തു കാൎയ്യം? കാണാനും കുറച്ചൊക്കെ ചന്തം വേണ്ടെ?

അടുത്ത മുറിയിൽ നിന്നും ചന്ദ്രൻെറ ഞരക്കങ്ങൾ കേൾക്കാം.

അവൾ ചോദിച്ചു:—

"ഇന്നു് സിനിമക്കു് പൂവ്വ്വാ?"

"ഓ! തയ്യാർ."

ഞങ്ങളന്നു് സിനിമയ്ക്കു പോയി. മടങ്ങിവന്നപ്പോൾ അയൽവീട്ടിലെ ഒരു വൃദ്ധ ചന്ദ്രന്നു് കുറച്ചു ചൂടുവെള്ളം പകൻ കൊടുക്കുന്നുണ്ടായിരുന്നു. അവരെന്തിനോ അങ്ങോട്ടു കയറിവന്നതാണു്. അപ്പോഴാണു് ചന്ദ്രൻെറ രോഗവിവരം അറിഞ്ഞതു്. അയാൾക്കു കുറച്ചു് വെള്ളം വേണമെന്നു പറഞ്ഞു. അവർ അരികിലിരുന്നു് കൊടുക്കുകയാണു്.

എൻെറ നേരെ ചില പരിഹാസച്ചിരികൾ വന്നു വീണു തുടങ്ങി. ചന്ദ്രൻെറ സ്ഥിതിയും എൻെറ അടിക്കടിയുള്ള സന്ദർശനങ്ങളും സുശീലയിൽ വന്ന മാറ്റവുമെല്ലാം അയൽവീട്ടുകാക്കും അറിയാവുന്ന മററുള്ളവക്കും സംസാരവിഷയമായി.

കോവണിപ്പടിയിൽ മറഞ്ഞുനിന്നുകൊണ്ടു് ഒരു ദിവസം ഭാൎയ്യയും ഭത്താവും തമ്മിലുള്ള ആ വാഗ്വാദം ഞാൻ കേട്ടു. അപ്പോഴെക്കും ചന്ദ്രന്നു് കുറേയെല്ലാം ഭേദപ്പെട്ടു കഴിഞ്ഞിരുന്നു.

ഭത്താവു ശാസിക്കുകയാണു്:—

"അയാളിനി ഈ പടി കയറേണ്ട."

"അതു പറയാൻ നിങ്ങളാരാ?"

"നിൻെറ ഭർത്താവ്."

"ഓ! 'പത്താവ്' വന്നിരിക്കുന്നു! അതെൻെറ ഇഷ്ടം."

"എന്നാൽ ഞാൻ പൊയ്ക്കൊള്ളാം."

"എനിക്കൊരു ദുഃഖം വരാനില്ല."

അന്നുരാത്രി ചന്ദ്രനെവിടെക്കോ ഇറങ്ങിപ്പോയി. അവൾ ഒരിററു കണ്ണുനീരെങ്കിലും ഉതിർത്തില്ല. എൻെറ അരികിലേക്കു നീങ്ങിയിരുന്നുകൊണ്ടു് അവൾ പറഞ്ഞു:—

"നമുക്കു സുഖമായി ജീവിക്കാം, എന്താ?"

എനിക്കതു സമ്മതമായിരുന്നില്ല. എങ്കിലും പുറത്തു കാട്ടിയില്ല. എന്നെ സംബന്ധിച്ചിടത്തോളം ആ മാധുര്യത്തിൻെറ ഉറവിടം ഇനിയും വററിയിരുന്നില്ല.

കാലചക്രം ഒന്നു തിരിഞ്ഞു. സുശീലയ്ക്കു് പരിചയക്കാർ കൂടി വന്നു. അപൂർവ്വമായിട്ടേ ഞാനവളെ സന്ദർശിക്കാറുള്ളൂ. എനിക്കു് പുതിയ ഒരു പരിചയക്കാരിയുണ്ടായി.

അവിചാരിതമായിരുന്നു അതു്. ഞാനമ്പരന്നുപോയി. നടികളും നർത്തകികളും മദ്യശാലകളും അച്ഛൻെറ സ്വത്തിൻെറ ഭൂരിഭാഗവും കാർന്നു തിന്നു. മിച്ചമുള്ളതു് സക്കാരിലേക്കു കണ്ടുകെട്ടി. അച്ഛനെ അറസ്ററുചെയ്തു. എന്തോ ചില കള്ളവ്യാപാരങ്ങൾ ചെയ്തതാണത്രെ! ജാമ്യത്തിൽ വിട്ടുവിക്കുന്നതിന്നുള്ള പണം കെട്ടിവയ്ക്കണം. ആരും സഹായിക്കാൻ തയ്യാറില്ല.

എനിക്കിടി വെട്ടേററതുപോലെയായി. സ്വന്തമായി ഒരു സമ്പാദ്യവുമില്ല. പണം കാററിൽ പറപ്പിക്കുകയായിരുന്നു.

കിട്ടിയ വിലയ്ക്കു് ഞാനെന്റെ കാർ വിററു. പണം ഉടൻതന്നെ അയച്ചുകൊടുത്തു.

ഒരാഴ്ച കഴിഞ്ഞു് എന്നെയും ജോലിയിൽനിന്നും പിരിച്ചു വിട്ടു. നടപ്പുദൂഷ്യംകൊണ്ടാണത്രെ! പലർക്കും പരാതിയുണ്ടായിരുന്നു പോലും!

അച്ഛനിന്നൊരു നിർദ്ധനനാണെന്ന പരമാർത്ഥം ഞാൻ പെട്ടെന്നോർമ്മിച്ചു……

ഒരൊററ ദിവസംകൊണ്ടു് ഞാൻ തെരുവിലേക്കെറിയപ്പെട്ടു. ജീവിതത്തിലാദ്യമായി ഞാൻ ആ നാറുന്ന വർഗ്ഗങ്ങളുടെ തോളുരുമ്മി നടന്നു. ഒരു വല്ലായ്മ!

ആ നഗരവാസം തുടരുകയെന്നതു് എന്നെ സംബന്ധിച്ചിടത്തോളം അസഹ്യമായിരുന്നു. അപമാനവും ഇല്ലായ്മയും എങ്ങിനെ സഹിക്കുവാനാണു്.

ഞാൻ അവിടെനിന്നും വണ്ടി കയറി. പട്ടിണികൊണ്ടു പൊരിയുന്ന വയറുമായി തെരുവിൽ അലഞ്ഞും ഉറങ്ങിയും ദിനരാത്രങ്ങൾ കഴിച്ചതിന്നു ശേഷമാണു് എനിക്കൊരു ഗുമസ്ഥൻജോലി കിട്ടിയതു്. ജീവിതമെന്തെന്നും ജീവിതബന്ധങ്ങളെന്തെന്നും ഞാൻ നല്ലതുപോലെ മനസ്സിലാക്കി. ഞാനൊരു ഭർത്താവായി—ഒരു മനുഷ്യനും……

ഞാനാവീട്ടിൻെറ മുററത്തെത്തി. ആൾത്തിരക്കിന്നുള്ളിലൂടെ തിക്കിത്തിരക്കി മുൻപോട്ടു നീങ്ങി. ഞാൻ ഞെ

ട്ടിപ്പോയി. ഒരു ഭയങ്കരകൊലപാതകം! ഞാൻ ചുററുമനോക്കി. ആ മദ്ധ്യവയസ്കു.........ഹൃദയം അത്യുച്ചത്തിൽ മിടിക്കുകയാണു്...ആ യുവതിയോ?...ഞാൻ തിരിഞ്ഞു നടന്നു. അവളെൻെറ പ്രതിഛ്ഛായയാണെന്നു് വല്ലവരും പറഞ്ഞാലോ?

ഞാൻ മുറിയിലെത്തി. കുട്ടികുടെ വിയക്കുന്നു. എഴുതിത്തീന്ന ആ 'കഥയെടുത്തു്' കീറിക്കളഞ്ഞു. അതു നന്നായിട്ടില്ല.

ഭാൎഗ്ഗവി സുഖമായുറങ്ങുകയാണു്!

---

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* 1MF9 *Acc. No.* 9635

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 31 JUL 1966 | 21 SEP 1981 | |
| 28 [illegible] | 26 JAN 1983 | |
| 25 OCT [illegible] | | |
| 13 DEC 196[illegible] | | |
| 17 FEB 1967 | | |
| 13 JUL 1967 | 22 APR 19[illegible] | |
| 17 AUG 1968 | | |
| 25 FEB 1972 | | |
| 5 NOV 1974 | | |
| 7 JUN 1975 | | |
| [illegible] JAN 1976 | | |
| 16 MAY 1976 | | |

MF9 9635

ഭാസ്കരമേനോൻ

ഉത്തരങ്ങൾ